

# നിറമണിഞ്ഞ കാൽപ്പാടുകൾ

*A walk through KCAET...*

Scanned by CamScanner

# KELAPPAJI COLLEGE OF AGRICULTURAL ENGINEERING AND TECHNOLOGY

2018

Scanned by CamScanner

വഴികാട്ടിയ വെളിച്ചത്തിന്...
കൂടെ നിന്ന ആദർശങ്ങൾക്ക്...
ചിറകൊടിഞ്ഞ കിനാക്കൾക്ക്...
ചുംബിച്ച ചുണ്ടുകൾക്ക്...
മണ്ണിന്... കാറ്റിന്... മഴക്ക്...
പ്രണയത്തിന്...

# സമർപ്പണം

Scanned by CamScanner

നിറമണിഞ്ഞ കാൽപ്പാടുകൾ ഒരു യാത്രയാണ്

കാലത്തിലൂടെ... ചോദ്യങ്ങളിലൂടെ ഉത്തരം തേടി...
ഓർമ്മകളിലൂടെ... ക്രിയാത്മകതയിലൂടെ... ഒരു യാത്ര..!

നിറമണിഞ്ഞ കാൽപ്പാടുകൾ പതിപ്പിച്ച്
തുടങ്ങിയ ഈ യാത്ര KCAET എന്ന നിറക്കൂട്ടിലെ
ചായങ്ങൾ തേടിയുള്ളതാണ്.

ചിതലരിച്ച ചരിത്രത്തിന്റെ നിറങ്ങൾ തേടി...
സൗഹൃദത്തിന്റെ മഴവില്ലു തേടി...
രാഷ്ട്രീയത്തിന്റെ കടും നിറങ്ങൾ തേടി...
ഓർമ്മകളുടെ വർണ്ണ മഴകൾ തേടി...
നിങ്ങളും ഞങ്ങളും എന്ന നിറഭേദങ്ങൾ തേടി...

... വർണ്ണങ്ങളുടെ വസന്തോത്സവം തേടിയുള്ള യാത്രയിലേക്ക്
നിറമണിഞ്ഞ കാൽപ്പാടുകളിലേക്ക്

സ്വാഗതം...

Scanned by CamScanner

| | | |
|---|---|---|
| A | Aadhi | The beginning... |
| L | Lamhe | Moments for lifetime... |
| C | Chintha | Perception in depth... |
| H | Heaven or Hell | The Reflection... |
| E | Evo ga | Here it is... |
| M | Mirage | What mind says... |
| I | Infinity | Beyond the limits |
| S | Samhita | United through colours... |
| T | Thrust | The force behind... |

Scanned by CamScanner

## Aadhi

- ഓർമ്മക്കണ്ണിലൂടെ
- തവനൂരിന്റെ DNA
- കാലചക്രങ്ങളിലൂടെ KCAET

## Lamhe

- ഇലകൾ പൊഴിയുമ്പോൾ
- KCAET യുടെ രുചിഭേദങ്ങൾ
- KL09 M 1857
- ട്രെയിനിംഗ് ഡയറീസ്

## Chintha

- Bekas : A voyage of two kids.
- Life is what you make it
- കുറ്റിപ്പുറം പാലം : ഒരു കാലാതീത കവിത
- ട്രോൾ: ചിരിയും ചിന്തയും.

## Heaven or Hell

- പൊളിറ്റിക്സ്
- കിട്ടാക്കനി
- കദന കഥകൾ

## Evoga

- നാളെയുടെ അവൾ
- Can Indian football Make it to World Cup.
- ക്യാൻസറും കേരളവും
- അസ്‌ടേൺ കൊൺജക്ഷൻ
- ചക്കല്ല ചക്കിട്ടിപ്പാണ് ഫുട്ബോൾ

## Mirage

- മഴക്കായ്
- വിരഹം
- വേനൽ മഴ
- മാറ്റങ്ങൾ
- ഭൂമി
- വരൾച്ച
- ഉറങ്ങാതിരിക്കുക
- Lonely World
- ഞാനും നീയും
- സിഗരറ്റ്
- കൂട്ടുകാരി
- സ്നേഹിതൻ
- പുഴ പറഞ്ഞ കഥ
- The fallen star from the sky
- നേഷ്പുറപ്പടിയുടെ പ്രണയകഥ
- ഒരു വിമാനയാത്ര
- മഴ മേഘങ്ങൾ
- നന്ദി

## Infinity

- Need of farm Mechanisation to Improve the Productivity in Indian Agriculture.
- Cold Chain Management in India
- Wood Wide Web


## Samhita

ഛായങ്ങളിലൂടെ...

## Thrust

- അൽക്കെമിസ്റ്റുകൾ
- പ്രത്യാശ
- പറയാൻ ബാക്കിവച്ചത്

Scanned by CamScanner



# Aadhi

The beginning...

Scanned by CamScanner

"…ആരംഭമാണ്! പൊടിപിടിച്ച
താളിയോലകൾ മറക്കിയെടുത്ത്
ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും
ആദികിരണങ്ങൾ തേടിയുള്ള
തീരയാത്രയുടെ ആരംഭം…"

Scanned by CamScanner

# മാമാങ്കമണ്ണിലൂടെ...

ലോകചരിത്രത്തിന്റെ ഇടനാഴികയിൽ ഇന്ത്യൻ ചരിത്രത്തിനുള്ള പങ്കാളിത്തത്തിൽ ചരിത്ര പ്രസിദ്ധമായ ഒരു ഉത്സവം ഇടം പിടിച്ചിട്ടുണ്ട്. 12 വർഷത്തിലൊരിക്കൽ പൂർണ്ണ ചന്ദ്രന്റെ പ്രകാശം പരത്തുന്ന മാഘ മാസത്തിലെ മകം നാളിൽ നാട്ടുരാജാക്കന്മാർ നടത്തിക്കൊണ്ടിരുന്ന 28 ദിവസം നീണ്ടു നിന്നിരുന്ന മഹോത്സവം, മാമാങ്കം!!! മകാമകം പിന്നീട് മാമാങ്ക മഹോത്സവമായി. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തിനടുത്ത് തിരുനാവായയിൽ ഭാരതപ്പുഴയുടെ തീരത്താണ് മാമാങ്കം അരങ്ങേറിയിരുന്നത്.

കേരളത്തിന്റെ സംസ്കാരം രൂപപ്പെട്ടത് പേരാറിന്റെ ഇരുകരകളിലുമായാണ്. മലയാളത്തിന്റെ പദ്യവും ഗദ്യവും വികസിച്ചതും ഭാരതപ്പുഴയുടെ തീരങ്ങളിൽ നിന്നു തന്നെ. ചരിത്രപ്രസിദ്ധമായ ഒട്ടേറെ മാമാങ്കങ്ങൾക്ക് ഈ നിളാ മണൽപ്പരപ്പ് സാക്ഷ്യം വഹിച്ചിട്ടുണ്ട്. പണ്ടുകാലം മുതൽക്കേ ഈ സ്ഥലത്ത് മാമാങ്കം അരങ്ങേറിയിരുന്നതായി ചരിത്രകാരന്മാർ പറയുന്നുണ്ട്. വ്യാപാരമേളകൾ, കായിക പ്രകടനങ്ങൾ, കാർഷിക മേളകൾ, സംഗീത-സാഹിത്യ പ്രകടനങ്ങൾ

Scanned by CamScanner

എന്നിവയൊക്കെ ഇതിനോടനുബന്ധിച്ച് നടന്നിരുന്നു. സാമൂതിരിയും സാമൂതിരിയെ വകവരുത്താനെത്തുന്ന ചാവേറുകളുമൊക്കെ മാമാങ്കത്തിന്റെ ഭാഗമായത് നൂറ്റാണ്ടുകൾക്ക് ശേഷമായിരുന്നു.

ടിപ്പുവിന്റെ പടയോട്ടകാലത്ത് സാമൂതിരി തിരുവിതാംകൂറിൽ അഭയം പ്രാപിച്ചതിനുശേഷം മാമാങ്കം പൂർണ്ണമായും ഇല്ലാതായി. 1755-ൽ ആണ് അവസാനമായി മാമാങ്കം നടന്നത്. 1792-ൽ ശ്രീരംഗപട്ടണം സന്ധിപ്രകാരം ടിപ്പു മലബാർ ബ്രിട്ടീഷുകാർക്ക് വിട്ടുകൊടുത്തെങ്കിലും കോഴിക്കോട്ട് മടങ്ങിയെത്തിയ സാമൂതിരിക്ക് ബ്രിട്ടീഷുകാർ രാജ്യാധികാരം വിട്ടുകൊടുത്തില്ല. അങ്ങനെ നൂറ്റാണ്ടുകളായി ആഘോഷിച്ചുവന്ന മാമാങ്കം ചരിത്രത്തിന്റെ ഏടുകളിലേക്ക് പിൻവാങ്ങി. പക്ഷേ ചരിത്രത്തിന്റെ വഴികളിലൂടെ സഞ്ചരിക്കുന്ന ഏതൊരാളും മാമാങ്കത്തെ നെഞ്ചിലേറ്റും. കണ്ടതൊന്നും മറക്കാനാവാതെ ഭാരതപുഴ ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്നു.

Scanned by CamScanner

# തവനൂരിന്റെ DNA



KCAET ലേക്കുള്ള ആദ്യ യാത്ര പരിഭ്രമം നിറഞ്ഞതായിരിക്കും. മറ്റൊരു നാട്, പുതിയ കൂട്ടുകാർ, പുതിയ നിയമങ്ങൾ, പുതിയ ചുറ്റുപാട് എന്നിങ്ങനെ.. ഇവിടെ ഓരോ വിദ്യാർത്ഥിയുടെയും ആദ്യ യാത്രയിൽ ശ്രദ്ധ പതിഞ്ഞതിൽ ഒന്ന് ഇത് തന്നെ ആയിരിക്കും. കുറ്റിപ്പുറം പാലം!

ഒരുപക്ഷേ ആദ്യ കാഴ്ചയിൽ കുറ്റിപ്പുറം പാലത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ പറ്റിയെന്ന് വരില്ല. തവനൂരിനെ പരിചയപ്പെട്ട് വരുന്ന ആദ്യ നാളുകളിൽ നമ്മുടെ മനം കവരുന്ന ഒന്നായി അത് മാറും, കുറ്റിപ്പുറം പാലം. പിന്നെ നമുക്ക് ഒരു സത്യം മനസ്സിലാവും, മലബാറിലേക്കുള്ള ആ കവാടം കുറ്റിപ്പുറത്തിന്റെ, തവനൂരിന്റെ DNA ആണെന്ന്!!

നിളയ്ക്ക് കുറുകെ പ്രകൃതിയുടെ സമ്പൂർണ്ണ സൗന്ദര്യത്തെ പുൽകിനിൽക്കുന്ന ഈ പാലം ഇന്നും ആരോഗ്യദൃഢഗാത്രമാണ്. 23 ലക്ഷം രൂപ ചിലവിൽ നിർമിച്ച കുറ്റിപ്പുറം പാലം 1953 ഓഗസ്റ്റിൽ തുറന്നുകൊടുത്തു.

Scanned by CamScanner

പഴയ മലബാറിനെ തിരുകൊച്ചിയുമായി ബന്ധിപ്പിച്ച സുപ്രധാന കണ്ണിയായിരുന്നു ഈ പാലം. പൊന്നാനിക്കാരനായ അബ്ദുൾ അസീസാണ് പാലത്തിന്റെ ശില്പികളിൽ പ്രധാനി.

മലബാറിലെ ഏറ്റവും നീളമുള്ള പാലങ്ങളിലൊന്നാണ് കുറ്റിപ്പുറത്തേത്. ഏഴേകാല് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ പാലം 23 ലക്ഷത്തിന് പണി തീർന്നു. പതിനൊന്ന് സ്പാനുകളുള്ള പാലത്തിന് 1183 അടി നീളവും 22 അടി വീതിയുമുണ്ട്. 5 വർഷം മുമ്പ് ഞങ്ങൾ വന്ന സമയം ചുവപ്പും മഞ്ഞയും ആയിരുന്നു നിറം. ഇപ്പോൾ നീലയും മഞ്ഞയും ആയി, സൗന്ദര്യത്തിന് കളങ്കം തട്ടാതെ...

പണ്ടൊക്കെ നേരം ഇരുട്ടിയാല് ആ പാലത്തിലൂടെ ആരും നടക്കാറില്ലായിരുന്നത്രേ. പാലത്തിന്റെ നിർമ്മാണസമയത്തു തൂണുകൾക്ക് ഉറപ്പുകിട്ടാൻ നരബലി നടന്നുവെന്ന വിശ്വാസമാണ് ജനങ്ങളെ ഭയപ്പെടുത്തിയിരുന്നത്.

വൈദ്യുതിയും ജനസാന്ദ്രതയും വന്നതോടെ നരബലി ഭീതി കടങ്കഥയായി മാറി. പക്ഷേ അസമയത്ത് കുറ്റിപ്പുറം പാലത്തിന്റെ പടിഞ്ഞാറേക്കരയിലെ ആൽമരത്തിന്റെയും മാവിന്റെയും സമീപത്തുകൂടി പോകാൻ ഇന്നും പലർക്കും ഭയമാണത്രേ. നരബലിയുടെ ആ വിശ്വാസം അവരിൽനിന്നും പാടേ നീങ്ങിയിട്ടില്ലെന്നതാണ് വസ്തുത. ചായ കൊടുക്കാനും മറ്റും സഹായിക്കാൻ നിന്ന ചിരക്കുഴിയിൽ പൊന്നയുടെ മകൻ കോരിയെന്ന ചെറുപ്പക്കാരനെ ബലി കൊടുത്തതായും പറയപ്പെടുന്നു.

ചരിത്രവും കഥകളും എന്തൊക്കെ തന്നെയാണെങ്കിലും കുറ്റിപ്പുറം പാലം തവനൂരിന്റെയും KCAET ക്കാരുടെയും ജീവിതത്തിലെ അവിഭാജ്യമായ

Scanned by CamScanner

ഉള്ളടക്കമാണ്. വറ്റി വരണ്ടു കിടക്കുന്ന ഭാരതപ്പുഴ കാണുമ്പോൾ ഇന്നും ഒരു വിങ്ങലാണ്. ഇടശ്ശേരി പറഞ്ഞത് പോലെ, "ഇരുപത്തി മൂന്നോളം ലക്ഷമിപ്പോൾ ചിലവാക്കി നിർമ്മിച്ച പാലത്തിന്മേൽ അഭിമാനപൂർവം ഞാനേറി നിൽപ്പാണടിയിലെ ശോഷിച്ച പേരാറു നോക്കി... ഇനിയും നിളേ നീയിരച്ചു പൊന്തും ഇനിയും തടംതല്ലി പാഞ്ഞണയും"

കുറ്റിപ്പുറം പാലം ഒരു അനുഭൂതി ആയി മാറുന്നത് B tech കാലത്തിന് ശേഷം ഇവിടേക്ക് വരുമ്പോഴാണ്. ഇവിടെത്തുമ്പോൾ നെഞ്ചൊന്ന് പിടയ്ക്കുന്നത് നമുക്ക് തിരിച്ചറിയാനാവും. KCAET യെ നെഞ്ചിലേറ്റുന്നവർക്ക് കുറ്റിപ്പുറം പാലം ഒരു വികാരമാണ്. അത് അനുഭവിച്ചറിയേണ്ട ഒന്നാണ്... അതെ, കുറ്റിപ്പുറം പാലം തവനൂരിന്റെയും അതിലെ ഓരോ പുൽനാമ്പിന്റെയും DNA തന്നെയാണ്!!

Scanned by CamScanner

# കാലചക്രങ്ങളിലൂടെ KCAET

കേരളത്തിൽ കൃഷിയെക്കുറിച്ചുള്ള പഠനം എന്ന് കേൾക്കുമ്പോൾ ഭൂരിഭാഗം കേരളീയജനതയുടെ മനസിൽ മണ്ണുത്തിയാവും ആദ്യം വരുക. ഏറെ പ്രാധാന്യമർഹിക്കുന്ന അഗ്രികൾച്ചറൽ എഞ്ചിനീയറിംഗിനെയും തവനൂരിനെയും അറിയുന്നവരുടെ എണ്ണം വളരെ വിരളമായിരുന്നു. എന്നാൽ ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു. എൻട്രൻസ് പട്ടികയിലെ അവസാന റാങ്കുകാരും അബദ്ധവശാൽ ഓപ്ഷൻ കൊടുത്തവരും മാത്രം ഉണ്ടായിരുന്ന കാലത്തിൽ നിന്നും ഇന്ന് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ഫസ്റ്റ് ഓപ്ഷൻ കൊടുത്ത് വരുന്നവരുടെ തലമുറയിൽ എത്തിയിരിക്കുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ തവനൂർ ഗ്രാമപഞ്ചായത്തിലാണ് കേരളത്തിലെ ഏക കാർഷിക എഞ്ചിനീയറിംഗ് കോളേജായ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി (കെ. സി. എ. ഇ. ടി) സ്ഥിതിചെയ്യുന്നത്. ഭാരതപ്പുഴയുമായി വടക്കേ അതിർത്തി പങ്കിടുന്ന പ്രകൃതിസൗന്ദര്യം നിറഞ്ഞ ക്യാമ്പസിന്റെ ആകെ വിസ്തീർണ്ണം ഏകദേശം 40 ഹെക്ടർ ആണ്. എഞ്ചിനീയറിംഗ് കോളേജ് പദവിയിൽ 33 വർഷം

Scanned by CamScanner

പിന്നീട് KCAET യുടെ പൂർവ്വകാല ചരിത്രത്തിലേക്ക് ഒന്നെത്തിനോക്കാം.

പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയും സാമൂഹിക പരിഷ്കർത്താവുമായിരുന്ന, കേളപ്പജി എന്ന നാമധേയത്തിൽ അറിയപ്പെട്ടിരുന്ന ശ്രീ. കെ. കേളപ്പന്റെ പ്രധാന പ്രവർത്തന മണ്ഡലമായിരുന്നു തവനൂർ. അദ്ദേഹത്തിന്റെ നിരന്തര പരിശ്രമങ്ങളുടെ ഫലമായി 1963-ൽ തവനൂരിൽ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. മഹാത്മാഗാന്ധിയുടെ നയിതാലിം പാഠ്യപദ്ധതിയനുസരിച്ച് ആരംഭിച്ച റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ വൈസ് ചെയർമാൻ ശ്രീ. കേളപ്പജി തന്നെയായിരുന്നു.

ഇന്ത്യയിലെ പതിനാലു റൂറൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഒന്നായിരുന്നു തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്. 1971 ലെ KAU Act പ്രകാരം 1975ൽ കേരള കാർഷിക സർവകലാശാല ഏറ്റെടുത്തു. അതോടെ സ്ഥാപനത്തിന്റെ പേര് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ ടെക്നോളജി (IAT) എന്നായി. അഗ്രികൾച്ചറൽ സയൻസ് ഡിപ്ലോമ (D.A.Sc), അഗ്രികൾച്ചറൽ ആൻഡ് റൂറൽ എൻജിനിയറിംഗ് ഡിപ്ലോമ (DARE) എന്നീ രണ്ട് കോഴ്സുകൾ ആണ് ഇവിടെ ഉണ്ടായിരുന്നത്. കാർഷിക വികസനത്തിന് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗിന്റെ പ്രാധാന്യം മനസ്സിലാക്കി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ 1979-ൽ വെള്ളാനിക്കരയിൽ M.Sc അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് കോഴ്സ് ആരംഭിച്ചു. ശേഷം 1985 ഒക്ടോബർ 2-ന് തവനൂർ ഇൻസ്റ്റിറ്റ്യൂട്ട് ഒരു പ്രൊഫഷണൽ ഡിഗ്രി കോളേജ് ആയി മാറി കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് ആൻഡ് ടെക്നോളജി എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. തുടർന്ന് 1986 ജനുവരി 23-ന് B Tech അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് ആദ്യ ബാച്ച് വിദ്യാർത്ഥികളുടെ പ്രവേശനം നടന്നു. വെള്ളാനിക്കരയിലെ

Scanned by CamScanner

കാർഷിക എഞ്ചിനിയറിംഗ് എം.എസ്.സി കോഴ്സ് പിന്നീട് തവനൂരിലേക്ക് മാറ്റി. 2011-ൽ ഫുഡ് എഞ്ചിനിയറിംഗിൽ ഒരു ബിരുദ കോഴ്സ് കൂടി ആരംഭിച്ചു.

**KCAET ഇന്ന്**

എഞ്ചിനിയറിംഗ് കോളേജ് ആയി 33 വർഷങ്ങൾക്കിപ്പുറം കെ.സി.എ.ഇ.ടി ഇന്ന് ഇന്ത്യയിലെ നാനാഭാഗത്തുനിന്നും വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് നിലകൊള്ളുന്നു. കാർഷിക എഞ്ചിനിയറിംഗിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളും, ഭക്ഷ്യ എഞ്ചിനിയറിംഗിൽ ബിരുദകോഴ്സും ഈ ക്യാമ്പസിൽ നൽകിവരുന്നു. കൃഷിക്കാവശ്യമായ എഞ്ചിനിയറിംഗ് സാങ്കേതികവിദ്യകൾ സമന്വയിപ്പിച്ച സാങ്കേതിക ശാഖയാണ് കാർഷിക എഞ്ചിനിയറിംഗ്.
കാർഷിക എഞ്ചിനിയറിങ്ങിന്റെ പ്രധാന ഉപവിഭാഗങ്ങൾ:

1) ഫാം മെഷിനറി ആൻഡ് പവർ എഞ്ചിനിയറിങ്ങ്

2) സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ എഞ്ചിനിയറിംഗ്

3) ഇറിഗേഷൻ ആൻഡ് ഡ്രെയിനേജ് എഞ്ചിനിയറിങ്ങ്

4) പ്രോസസിംഗ് ആൻഡ് ഫുഡ് എഞ്ചിനിയറിംഗ്

8 സെമസ്റ്റർ ദൈർഘ്യമുള്ള ബിരുദപഠനത്തിന് 50 അഗ്രി. എഞ്ചി. സീറ്റും 30 ഫുഡ് എഞ്ചി. സീറ്റും ഉണ്ട്. നാല് സെമസ്റ്റർ ദൈർഘ്യമുള്ള ബിരുദാനന്തര ബിരുദ പഠനത്തിന് 17 സീറ്റുകളാണുള്ളത്. സോയിൽ ആൻഡ് വാട്ടർ എഞ്ചിനിയറിംഗ്, ഫാം പവർ ആൻഡ് മെഷിനറി, അഗ്രികൾച്ചറൽ പ്രോസസിംഗ് ആൻഡ് ഫുഡ് എഞ്ചിനിയറിംഗ് എന്നീ വിഭാഗങ്ങളിലാണ് ബിരുദാനന്തര ബിരുദം നൽകപ്പെടുന്നത്.

Scanned by CamScanner

പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ടീച്ചിങ്ങ് അസിസ്റ്റന്റ് എന്നിവർ ഉൾക്കൊള്ളുന്ന അമ്പതോളം അധ്യാപകർ ഇവിടെ നിലവിൽ ജോലി ചെയ്യുന്നു. കൂടാതെ ഓരോ പഠനവിഭാഗത്തിനും ലാബ് സൗകര്യങ്ങളും ലാബ് അസിസ്റ്റന്റുമാരും മറ്റ് ജീവനക്കാരുമുണ്ട്. വിദ്യാർത്ഥികളുടെ പഠനത്തിനും ഗവേഷണത്തിനും ഉപകാരപ്രദമായി ലൈബ്രറിയും ഇന്റർനെറ്റ് സൗകര്യവും ഒരുപരിധിവരെ നൽകിവരുന്നു.

ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവരാണ്. സ്വന്തം വീടുപോലെ അവരെ വളർത്തുന്ന ലേഡീസ് ഹോസ്റ്റലും മെൻസ് ഹോസ്റ്റലും KCAET യുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളാണ്. കൂടാതെ അധ്യാപക-അനധ്യാപക ജീവനക്കാർക്കായുള്ള താമസസൗകര്യവും ക്യാമ്പസിനകത്തുണ്ട്.

സ്റ്റുഡന്റ്സ് യൂണിയൻ, ആർട്ട്സ്, സ്പോർട്സ് തുടങ്ങിയ ക്ലബ്ബുകൾ, എൻ.എസ്.എസ് ന്റെ പ്രവർത്തനങ്ങൾ പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രചോദനമേകുന്നു. യൂണിവേഴ്സിറ്റി സ്പോർട്സ് ടീമിൽ KCAET-യുടെ പ്രാധാന്യം വളരെ വലുതാണ്.

കാർഷിക ഭക്ഷ്യസംസ്കരണ മേഖലയ്ക്ക് ഒരുപാട് യന്ത്രങ്ങൾ സംഭാവന ചെയ്ത ഒരു ക്യാമ്പസാണ് KCAET. എണ്ണിയാലൊടുങ്ങാത്ത പ്രോജക്ടുകൾ അക്കൂട്ടത്തിൽ ഉണ്ട്. പലതും പുറംലോകം അറിയാതെ പോയി എന്നത് വളരെ വിഷമകരമായ ഒരു വസ്തുതയാണ്.

യന്ത്രവൽക്കരണത്തിനുവേണ്ടി ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) ധനസഹായത്താൽ ഓൾ ഇന്ത്യ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ട് (എ.ഐ.സി.ആർ.പി) ഇവിടെ പ്രവർത്തിച്ചു വരുന്നു. നെൽകൃഷിക്കാവശ്യമായ കൊയ്ത്ത് യന്ത്രം, മെതി യന്ത്രം, കൊയ്ത്ത്-മെതി യന്ത്രം തുടങ്ങിയവ വികസിപ്പിക്കുന്നതിനും പുതിയ പരീക്ഷണങ്ങൾ നടത്തി അവയിൽ ഭേദഗതി

Scanned by CamScanner

പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ടീച്ചിങ്ങ് അസിസ്റ്റന്റ് എന്നിവർ ഉൾക്കൊള്ളുന്ന അമ്പതോളം അധ്യാപകർ ഇവിടെ നിലവിൽ ജോലി ചെയ്യുന്നു. കൂടാതെ ഓരോ പഠനവിഭാഗത്തിനും ലാബ് സൗകര്യങ്ങളും ലാബ് അസിസ്റ്റന്റുമാരും മറ്റ് ജീവനക്കാരുമുണ്ട്. വിദ്യാർത്ഥികളുടെ പഠനത്തിനും ഗവേഷണത്തിനും ഉപകാരപ്രദമായി ലൈബ്രറിയും ഇന്റർനെറ്റ് സൗകര്യവും ഒരുപരിധിവരെ നൽകിവരുന്നു.

ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവരാണ്. സ്വന്തം വീടുപോലെ അവരെ വളർത്തുന്ന ലേഡീസ് ഹോസ്റ്റലും മെൻസ് ഹോസ്റ്റലും KCAET യുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളാണ്. കൂടാതെ അധ്യാപക-അനധ്യാപക ജീവനക്കാർക്കായുള്ള താമസസൗകര്യവും ക്യാമ്പസിനകത്തുണ്ട്.

സ്റ്റുഡന്റ്സ് യൂണിയൻ, ആർട്ട്സ്, സ്പോർട്സ് തുടങ്ങിയ ക്ലബ്ബുകൾ, എൻ.എസ്.എസ് ന്റെ പ്രവർത്തനങ്ങൾ പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രചോദനമേകുന്നു. യൂണിവേഴ്സിറ്റി സ്പോർട്ട്സ് ടീമിൽ KCAET-യുടെ പ്രാധാന്യം വളരെ വലുതാണ്.

കാർഷിക ഭക്ഷ്യസംസ്കരണ മേഖലയ്ക്ക് ഒരുപാട് യന്ത്രങ്ങൾ സംഭാവന ചെയ്ത ഒരു ക്യാമ്പസാണ് KCAET. എണ്ണിയാലൊടുങ്ങാത്ത പ്രോജക്ടുകൾ അക്കൂട്ടത്തിൽ ഉണ്ട്. പലതും പുറംലോകം അറിയാതെ പോയി എന്നത് വളരെ വിഷമകരമായ ഒരു വസ്തുതയാണ്.

യന്ത്രവൽക്കരണത്തിനുവേണ്ടി ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) ധനസഹായത്താൽ ഓൾ ഇന്ത്യ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ട് (എ.ഐ.സി.ആർ.പി) ഇവിടെ പ്രവർത്തിച്ചു വരുന്നു. നെൽകൃഷിക്കാവശ്യമായ കൊയ്ത്ത് യന്ത്രം, മെതി യന്ത്രം, കൊയ്ത്ത്-മെതി യന്ത്രം തുടങ്ങിയവ വികസിപ്പിക്കുന്നതിനും പുതിയ പരീക്ഷണങ്ങൾ നടത്തി അവയിൽ ഭേദഗതി

Scanned by CamScanner

വരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇവിടെ നടത്തി വരുന്നു.

നമ്മുടെ വീടുകളിൽ തേങ്ങ പൊളിക്കാൻ ഉപയോഗിക്കുന്ന 'കേരമിത്ര' എന്ന ഉപകരണം KCAET യുടെ ഏറ്റവും വലിയ മുതൽക്കൂട്ടാണ്. ദേശീയ ഗവേഷണ വികസന കൗൺസിലിന്റെ അവാർഡിനർഹമായിട്ടുള്ള ഇതിന്റെ ഉത്പാദനവും വിപണനവും നടത്തുന്നത് 'റെയ്ഡ്കോ' ആണ്.

ഇളനീർ തുളച്ച് എടുക്കാനുള്ള ഉപകരണം, കാമ്പ് എടുക്കാനായി കരിക്ക് രണ്ടായി മുറിക്കുന്നതിനുള്ള ഉപകരണം, കൂടുതൽ തേങ്ങ കുറഞ്ഞ സമയത്തിനുള്ളിൽ പൊതിക്കാവുന്ന മോട്ടോർ വഴി പ്രവർത്തിക്കുന്ന യന്ത്രം, അടയ്ക്ക പൊളിക്കുന്നതിനുള്ള യന്ത്രം, ഏലക്ക പോളിഷിങ്ങ് യന്ത്രം. കുരുമുളക് പറിക്കാനും, മെതിക്കാനും, വൃത്തിയാക്കുന്നതിനുമുള്ള യന്ത്രങ്ങൾ, നേന്ത്രക്കായ തൊലികളയാനും അരിയാനുമുള്ള യന്ത്രങ്ങൾ, മരച്ചീനി തൊലികളയുന്നതിനുള്ള യന്ത്രങ്ങൾ, പൊക്കാളി വിളവെടുപ്പ് യന്ത്രം, കവുങ്ങിൽ കയറാനുള്ള യന്ത്രം, കൂർക്ക പറിക്കാനും തൊലികളയാനുമുള്ള യന്ത്രങ്ങൾ വാഴക്കന്ന് പറിക്കാനുള്ള യന്ത്രം, ചക്ക മുറിക്കാനും ചുളകൾ അരിയാനുമുള്ള യന്ത്രം, ജാതി പരിപ്പെടുക്കാനുള്ള യന്ത്രം, തുടങ്ങി പ്രോഡക്ടുകളുടെ നീണ്ട ലിസ്റ്റ് തന്നെ ഇവിടുണ്ട്. അവയിൽ ചുരുക്കം ചിലത് മാത്രമേ വിപണിയിൽ ഉള്ളൂ.

IIT കൾ മുതൽ വിദേശ യൂണിവേഴ്സിറ്റികളിൽ വരെ അദ്ധ്യാപക, ഗവേഷക പ്രവർത്തനങ്ങളിൽ മുഴുകിയവരും, മൾട്ടിനാഷണൽ കമ്പനികളുടെ തലവന്മാരായി ഇന്ത്യയിലും വിദേശത്തും ജോലിചെയ്യുന്നവരും, കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ഉദ്യോഗസ്ഥരായവരും അടക്കം വലിയൊരു കൂട്ടായ്മയാണ് KCAET അലുമിനി.

നൂതന കാർഷിക യന്ത്രവത്ക്കരണത്തിലൂടെയും പുതുപുത്തൻ സാങ്കേതിക വിദ്യകളിലൂടെയും കേരളത്തിന് വലിയൊരു കർഷകഭാവി കെട്ടിപ്പടുക്കാൻ കാർഷിക എഞ്ചിനീയർമാർക്ക് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്...

Scanned by CamScanner

വരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇവിടെ നടത്തി വരുന്നു.


നമ്മുടെ വീടുകളിൽ തേങ്ങ പൊളിക്കാൻ ഉപയോഗിക്കുന്ന 'കേരമിത്ര' എന്ന ഉപകരണം KCAET യുടെ ഏറ്റവും വലിയ മുതൽക്കൂട്ടാണ്. ദേശിയ ഗവേഷണ വികസന കൗൺസിലിന്റെ അവാർഡിനർഹമായിട്ടുള്ള ഇതിന്റെ ഉത്പാദനവും വിപണനവും നടത്തുന്നത് 'റെയ്ഡ്കോ' ആണ്.

ഇളനീർ തുളച്ച് എടുക്കാനുള്ള ഉപകരണം, കാമ്പ് എടുക്കാനായി കരിക്ക് രണ്ടായി മുറിക്കുന്നതിനുള്ള ഉപകരണം, കൂടുതൽ തേങ്ങ കുറഞ്ഞ സമയത്തിനുള്ളിൽ പൊതിക്കാവുന്ന മോട്ടോർ വഴി പ്രവർത്തിക്കുന്ന യന്ത്രം, അടയ്ക്ക പൊളിക്കുന്നതിനുള്ള യന്ത്രം, ഏലക്ക പോളിഷിങ്ങ് യന്ത്രം. കുരുമുളക് പറിക്കാനും, മെതിക്കാനും, വൃത്തിയാക്കുന്നതിനുമുള്ള യന്ത്രങ്ങൾ, നേന്ത്രക്കായ തൊലികളയാനും അരിയാനുമുള്ള യന്ത്രങ്ങൾ, മരച്ചീനി തൊലികളയുന്നതിനുള്ള യന്ത്രങ്ങൾ, പൊക്കാളി വിളവെടുപ്പ് യന്ത്രം, കവുങ്ങിൽ കയറാനുള്ള യന്ത്രം, കൂർക്ക പറിക്കാനും തൊലികളയാനുമുള്ള യന്ത്രങ്ങൾ വാഴക്കന്ന് പറിക്കാനുള്ള യന്ത്രം, ചക്ക മുറിക്കാനും ചുളകൾ അരിയാനുമുള്ള യന്ത്രം, ജാതി പരിപ്പെടുക്കാനുള്ള യന്ത്രം, തുടങ്ങി പ്രോഡക്ടുകളുടെ നീണ്ട ലിസ്റ്റ് തന്നെ ഇവിടുണ്ട്. അവയിൽ ചുരുക്കം ചിലത് മാത്രമേ വിപണിയിൽ ഉള്ളൂ.

IIT കൾ മുതൽ വിദേശ യൂണിവേഴ്സിറ്റികളിൽ വരെ അധ്യാപക, ഗവേഷക പ്രവർത്തനങ്ങളിൽ മുഴുകിയവരും, മൾട്ടിനാഷണൽ കമ്പനികളുടെ തലവന്മാരായി ഇന്ത്യയിലും വിദേശത്തും ജോലിചെയ്യുന്നവരും, കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ഉദ്യോഗസ്ഥരായവരും അടക്കം വലിയൊരു കൂട്ടായ്മയാണ് KCAET അലുമിനി.

നൂതന കാർഷിക യന്ത്രവത്ക്കരണത്തിലൂടെയും പുതുപുത്തൻ സാങ്കേതിക വിദ്യകളിലൂടെയും കേരളത്തിന് വലിയൊരു കർഷകഭാവി കെട്ടിപ്പടുക്കാൻ കാർഷിക എഞ്ചിനീയർമാർക്ക് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്...

Scanned by CamScanner



# Lamhe!

*Moments for lifetime...*

Scanned by CamScanner

# ഇലകൾ പൊഴിയുമ്പോൾ

- അമൃത.കെ -

അനന്തവിസ്മയങ്ങളുടെ അലയാഴിയായ അറിവിലേക്കുള്ള ആദ്യ കാൽവെപ്പാണ് വിദ്യാരംഭം. അക്ഷരത്തിന്റെ വിദ്യയുടെ ദിനം. ഒരുകുട്ടി ആദ്യമായി അക്ഷരം കാണുമ്പോൾ അവനറിയാതെ തന്നെ പുഞ്ചിരിക്കുന്നു. അക്ഷരം കണ്ട് അത്ഭുതം കൂറുന്നു. അക്ഷരങ്ങളുമായി അവൻ കൊഞ്ചിക്കുഴയുന്നു. വളർന്നപ്പോൾ അക്ഷരങ്ങളെ ഹൃദയമായും പരമതത്വമായും സൗന്ദര്യമായും അവനറിയുന്നു. അക്ഷരം തന്നെയാണ് താനെന്ന് തിരിച്ചറിയുന്നു. അക്ഷരത്തിൽ തുടങ്ങി വാക്കുകളിലൂടെ, വാക്യങ്ങളിലൂടെ അവൻ അടിപതറാതെ നടന്ന് കഥയുടെയും കവിതയുടെയും ലോകത്ത് സഞ്ചരിക്കുന്നു. അറിവിന്റെയും ആസ്വാദനത്തിന്റെയും പ്രപഞ്ചത്തിൽ വിഹരിക്കുന്നു... വളരുന്നു...

പാതിതുറന്ന ജനലഴികൾക്കിടയിലൂടെ തുളച്ച് വരുന്ന സൂര്യകിരണങ്ങൾ മിഴികളിൽ തറയ്ക്കുന്ന സുപ്രഭാത നിമിഷങ്ങളിൽ കിളികൊഞ്ചലുകൾ നിറയുന്ന പാതയിലൂടെ ക്ലാസിലേക്ക് ഓടുന്ന ഓരോ ദിനങ്ങളും ഓർമയുടെ ഓരോ പതിപ്പായി

മാറിക്കൊണ്ടിരിക്കുന്നു. അനുഭവങ്ങളുടെ പല മുഖങ്ങളും നേരിട്ട സ്കൂൾ ജീവിതങ്ങൾക്കൊടുവിൽ വ്യത്യസ്തമായ മറ്റൊരു മുഖമാണ് കോളേജ് ജീവിതത്തിൽ അനുഭവപ്പെട്ടത്. വ്യത്യസ്തമായ അനുഭവങ്ങൾ സമ്മാനിച്ചത് തീർച്ചയായും സുഹൃത്തുക്കൾ തന്നെയാണ്. ഓരോ ദിവസവും ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം അവരാണ്. അവരില്ലെങ്കിൽ... അവരുടെ സ്നേഹവും സൗഹൃദവും ഇല്ലെങ്കിൽ ഒരിക്കലും ക്യാമ്പസ് ലൈഫ് ആസ്വാദ്യകരമാവില്ലായിരുന്നു.

സായം സന്ധ്യകളിൽ അസ്തമയ സൂര്യന്റെ ചുവപ്പ് നിറം പരക്കുന്ന അസുലഭനിമിഷങ്ങളിൽ KCAET യുടെ വഴിത്താരകളിൽ ഇരുന്ന് ഞാൻ പലപ്പോഴും ദൈവത്തിന്റെ കഴിവിനെക്കുറിച്ച് ആലോചിക്കാറുണ്ട്, അത്ഭുതപ്പെടാറുണ്ട്. എന്നാൽ ചില പരീക്ഷണങ്ങളെയോർത്ത് കണ്ണ് നിറയ്ക്കാറുമുണ്ട്.

സൗഹൃദങ്ങളുടെ കഥ പറയുന്ന ക്ലാസ് മുറിയും ഇടവേളകൾക്ക് മധുരം പകരുന്ന ലൈബ്രറി കോർണറും വൈകുന്നേരങ്ങളിൽ സൊറ പറഞ്ഞിരിക്കുന്ന പാർക്കും ഗാർഡനുമെല്ലാം KCAET-യെ ശോഭിതമാക്കുന്നതാണ്. ജീവിതത്തിലെ വസന്തകാലം തീർച്ചയായും കോളേജ് കാലഘട്ടമാണ്. ഋതുക്കൾ മാറിവരുന്നതുപോലെ ജീവിതത്തിലെ ഓരോ കാലഘട്ടവും മാറിവരും. പക്ഷേ ആ വസന്തകാലം സമ്മാനിച്ച ഓർമ്മകൾ നമ്മുടെ മനസിൽ നിന്ന് ഒരിക്കലും മായുന്നില്ല. അത് എന്നും നമ്മോടുകൂടെ നിലകൊള്ളുന്നു.

Scanned by CamScanner

# KCAET യുടെ രുചിഭേദങ്ങൾ

- നന്ദുലാൽ എ എം -

സിനിമയിലും മറ്റും കാണുന്നത് പോലെ ഒരു ക്യാന്റീൻ ഇല്ല KCAET അന്തേവാസികളുടെ ദുഖം മാറ്റുന്നത് പരിസരത്തെ ഭക്ഷണശാലകളാണ്.. KCAET യുടെ വയറും മനസ്സും നിറയ്ക്കുന്ന, ഒരുപാട് ഓർമ്മകൾ സമ്മാനിക്കുന്ന അവയിലേക്ക് ഒരു എത്തിനോട്ടം..

KR Bakery : KCAET യുടെ 1st choice ! എത്ര വേണേലും കടം പറയാം എന്നതാണ് ഇവിടുത്തെ സവിശേഷത. ചായ, പഫ്സ്, കടല, ലൈം ഒക്കെ ആവും ഓപ്ഷൻസ്. ചെറിയ ട്രീറ്റുകൾ ഇവിടെയാവും നടക്കുക.

As you like : രാത്രി മെസ്സിൽ നിന്ന് ഫുഡ് അടിച്ചിട്ട് പിന്നെ കഴിക്കാൻ പോവുന്നത് ഇവിടെ ആയിരിക്കും! ഫലൂഡ, ഗാലക്സി, ബർഗർ പോലുള്ള റിച്ച് ഐറ്റംസ് കഴിക്കാൻ പോവുന്നവരുടെ ചോയ്സ്. വലിയ ട്രീറ്റുകൾക്ക് പറ്റിയ ഇടം.

Famous bakery : ഇളം തലമുറക്കാരൻ. ഷവർമ്മ ആണ് പ്രധാന വിഭവം. ബ്ലാക്ക് ഫോറസ്റ്റ്, റെഡ് വെൽവെറ്റ് പോലുള്ളവയ്ക്കും ഇവിടം ആണ് ഓപ്ഷൻ.

Scanned by CamScanner

Ritzy : ഹെവി ഫുഡടിക്ക് പറ്റിയ പ്ലേസ്! നല്ല ഫുഡ്, ക്ലീൻ ഹോട്ടൽ. മെസ്സിൽ ഫുഡ് ഇല്ലാത്ത, കാശുള്ള ദിവസം അവിടെ MH സാന്നിധ്യം അറിയിക്കും. ചിക്കൻ കൊണ്ടാട്ടം ആണ് ഫേവറിറ്റ് ഡിഷ്!

Hotel cafe : പാവപ്പെട്ടവരുടെ റിറ്റ്സി എന്നും വിളിക്കാം നല്ല ഫുഡ് കിട്ടും ഇവിടെ.. അൽഫാം ഒരു quarter വീണ്ടും രണ്ടായി മുറിച്ച് മയോണൈസിൽ മുക്കി തിന്നാൽ ഒരു പ്രത്യേക രസാ!! ബൈക്കിൽ triples വെച്ച് അവിടെ പോയി ഫുഡടിക്കുന്നത് MH അന്തേവാസികളുടെ ഒരു ശീലമാണ്. ഗോതമ്പ് പൊറോട്ട വിത്ത് നോൺ വെജ് ആണ് ഫേവറിറ്റ്.

Greenish hotel : വെജിറ്റേറിയൻസിന് പറ്റിയ സ്ഥലം. മസാല ദോശ/നെയ്യ് റോസ്റ്റ് എന്നിവയ്ക്ക് ഏറ്റവും ബെസ്റ്റ് ഓപ്ഷൻ. നെയ്യ് റോസ്റ്റും ചൂട് ചായയും മനോഹരമായ കോമ്പിനേഷൻ ആണ് ഇവിടെ.

Friendship hotel : ബൈക്ക് ഇല്ലാത്ത സമയം, ബൈക്ക് ഓടിക്കാൻ അറിയാത്തവർക്ക് ഒക്കെ സ്ഥിരം ഓപ്ഷൻ. നല്ല ബിരിയാണി കിട്ടും. (പക്ഷേ LH അന്തേവാസികൾക്ക് അവിടുന്ന് കഴിക്കുന്നതിന് വിലക്കുണ്ടത്രേ!!) ചപ്പാത്തി വിത്ത് ബീഫ് ആണ് ഇവിടെ ഫേവറിറ്റ്.

യാസ്മിൻ ഹോട്ടൽ : പഠിപ്പിച്ചത് എന്തൊക്കെ മറന്നാലും കുഞ്ഞുട്ടിക്കയെ എത്ര കാലം കഴിഞ്ഞാലും KCAET നിവാസികൾ മറക്കില്ല!! അതിലേറെ

Scanned by CamScanner

ഒന്നും പറയാനില്ല... രാത്രി കാലങ്ങളിൽ മെസ്സിൽ ഫുഡ് തീർന്നാൽ ആദ്യം ഓർമ്മ വരു- ന്നത് ആതൈ ആയിരിക്കും! പൊറോട്ട, നെയ്ച്ചോറ്, ബീഫ്, ചിക്കൻ, മുട്ട... ഇതേ ഇവിടുണ്ടാവൂ രാത്രി. കോളേജിന് തൊട്ടു മുമ്പിൽ ആതയോണ്ട് ഓടി പോയി കഴിക്കാം

തട്ടുകടകൾ : തട്ടുകടയിലെ ഫുഡ്ഡടി ഒരു ഫീൽ ആണ്!! ഹൈവേയിലെ തട്ടുകടകളിൽ വിശപ്പ് സഹിക്കാണ്ടാവുമ്പോ പലപ്പോഴും രാത്രി ചാടിപ്പോയ് ഫുഡ്ഡടിച്ചിട്ടുണ്ട്... കഴിച്ചേന് ശേഷം ഒരു കട്ടൻ, സ്വർഗം!! വിവിധ തരം വിഭവങ്ങൾ ഇവിടെ കിട്ടും.

ഇനിയും ഒരുപാട് സ്ഥലങ്ങൾ ഉണ്ട്.. പക്ഷേ, എന്തൊക്കെ ആയാലും ദാസേട്ടനും തങ്കേച്ചിയും വാത്സ- ല്യത്തോടെ തരുന്ന ഭക്ഷണത്തിന് ഇതിനൊന്നും തരാനാവാത്ത രുചിയാണ്! മെസ്സ് ഇഷ്ടം!!

Scanned by CamScanner

# KL 09 M 1857

-നന്ദുലാൽ എ എം-

കൊമ്പൻ, പടക്കുതിര എന്നീ പേരുകളിൽ ഞങ്ങൾ വിളിച്ചിരുന്ന ഞങ്ങളുടെ ബാച്ചിന്റെ (29th Ignitorz) ബൈക്ക്... 2nd year ആയ കാലഘട്ടത്തിൽ ഞങ്ങൾക്കും ഒരു ബൈക്ക് വേണം എന്ന ആഗ്രഹം. ഒറ്റക്കെട്ടായി ഒരു തീരുമാനം... കാശൊക്കെ അഡ്ജസ്റ്റ് ചെയ്ത് ഒരു ബൈക്ക് അങ്ങ് മേടിച്ചു... TVS Victor!!

ആദ്യ യാത്ര തന്നെ ആവേശകരമായിരുന്നു എന്ന് ബൈക്കെടുക്കാൻ പോയ രാഹുലും അർജ്ജുനും ഓർക്കുന്നു... സ്നേഹിച്ചാൽ പെണ്ണ് ചതിച്ചാലും വണ്ടി ചതിക്കില്ല എന്ന ചൊല്ല് അന്വർത്ഥമാക്കി തന്നത് ഞങ്ങടെ പടക്കുതിരയാണ്... ഒരു 2nd hand bike ന് ഉണ്ടാവേക്കാവുന്ന അവശതകൾ മറച്ച് വെച്ച് ഞങ്ങടെ എന്താവശ്യത്തിനും കൂടെ ഉണ്ടായിരുന്നു.., ചുരുങ്ങിയ കാലം കൊണ്ട് ഞങ്ങടെ ബാച്ച്മേറ്റ് ആയി അവൻ!!

രാത്രികാലങ്ങളിൽ triples അടിച്ച് ഫുഡടിക്കാൻ പോവുമ്പോൾ ഞങ്ങൾക്കും സീനിയേഴ്സിനും ജൂനിയേഴ്സിനും ഒരേ പടക്കുതിര ഉണ്ടായിരുന്നു. ആർട്സിനും ഗെയിംസിനും യൂണിയൻ പരിപാടികൾക്കും ഒക്കെ അത്യാവശ്യത്തിന് KCAET യെ നിസ്വാർത്ഥമായി

സഹായിച്ചും, ആദർശിനെ പോലെ ബൈക്ക് ഓടിക്കാൻ പഠിക്കുന്നവർക്ക് ഗുരു ആയും പടക്കുതിര മുന്നിൽ നിന്നു. ഇടയ്ക്കിടെ കിതച്ചു പോയതൊഴികെ പടക്കുതിര ഒരു മുതൽക്കൂട്ട് തന്നെ ആയിരുന്നു ഞങ്ങൾക്ക്.

ഒരുപാട് രസകരമായ ഓർമ്മകൾ തന്നിട്ടുണ്ട് ഞങ്ങടെ വണ്ടി... മഴയത്ത് സ്കിൽ കാണിച്ചു വഴിയിൽ വീണ അർജ്ജുൻ, പെറ്റി അടിച്ച് കിട്ടിയ അമൽദേവ്, 2 പേരെ അതിരാവിലെ ബസ് സ്റ്റോപ്പിന്റെ മുന്നിൽ തള്ളിയിട്ട വാഹിദ്, സ്വാതന്ത്ര്യദിനത്തിൽ 3 പേരെ വെച്ച് ഫ്രണ്ട് പൊക്കി ഞെട്ടിച്ച ഞാൻ, അങ്ങനെ ഒരുപാട് ഓർമ്മകൾ തന്നിട്ടുണ്ട്... മുസ്ബിറും ശ്രാവണും രാഹുലും ആയിരുന്നു പ്രധാന ഡ്രൈവേഴ്സ്... വണ്ടിയുടെ ബുക്കും പേപ്പറും ശരിയാക്കാൻ Asst. Warden ശിവജി സർ ഞങ്ങളെ ഓടിച്ചത് ഇപ്പോഴും ഓർമ്മ-യിലുണ്ട്.

കാലം കടന്നുപോയി, ഞങ്ങൾ പാസൗട്ട് ആയി... ഞങ്ങൾക്ക് താഴെ ജൂനിയേഴ്സ് ഇത് പോലെ വണ്ടി ഇറക്കി... ഡ്യൂക്ക്, പരുമി, കാമി, ജിമിക്കി തുടങ്ങി എല്ലാ ബൈക്കുകളും ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമാണ്, ഞങ്ങളിലൊന്നാണ്... എങ്കിലും പടക്കുതിര തന്ന ഓർമ്മകൾ വലുതാണ്! ചെറിയ എഞ്ചിൻ പണി ഒക്കെ ആയി കയ്യെ-ത്തും ദൂരത്ത് ഇപ്പോഴും ആളുണ്ട്, പഴയ പ്രതാപം നഷ്ടപ്പെടാതെ എന്നെങ്കിലും കണ്ടുമുട്ടാം എന്ന പ്രതീക്ഷയിൽ ഞങ്ങളും... പടക്കുതിര ഞങ്ങൾക്ക് വെറും ബൈക്ക് അല്ലായിരുന്നു, ഞങ്ങളുടെ ജീവനായിരുന്നു!!

Scanned by CamScanner

# ട്രെയിനിംഗ് ഡയറീസ്

-അമൽ ദേവ് ജെ-

കൊഴിഞ്ഞു വീണ നാലുവർഷത്തെ ബി.ടെക് ജീവിതത്തിൽ മനസ്സിലെന്നും സൂക്ഷിക്കാൻ ഒരുപാട് മനോഹര നിമിഷങ്ങൾ സമ്മാനിച്ച ദിനങ്ങളായിരുന്നു 8-ാം സെമസ്റ്ററിലെ ട്രെയിനിങ്. നാല് ഡിപ്പാർട്ട്മെന്റുകളിലെ ട്രെയിനിങ് ഒരർത്ഥത്തിൽ ഞങ്ങൾ ആഘോഷമാക്കി. ആദ്യത്തെ ഒരുമാസത്തെ ട്രെയിനിങ് IDE ഡിപ്പാർട്ട്മെന്റിന്റെയായിരുന്നു. ഓരോ ജില്ലയിലെയും ഭൂഗർഭജല വകുപ്പിൽ KCAET സാന്നിധ്യം അറിയിച്ചുകൊണ്ട് ഞങ്ങൾ തുടങ്ങുകയായി. എല്ലാ ഓഫീസുകളിലും KCAET അലുമിനിസ് ഉണ്ടായിരുന്നു. ചിലർ KCAET എന്നു കേട്ടപ്പോഴേക്കും സ്വന്തം കുടുംബാംഗങ്ങളെപ്പോലെ ഞങ്ങളെ ഇരു കൈയും നീട്ടി സ്വീകരിച്ചു. എന്നാൽ മറ്റു ചിലരാകട്ടെ KCAET എന്ന പേരിനോടുള്ള ദേഷ്യം മുഴുവൻ ഞങ്ങളോട് തീർത്തു. ഇത്തരം ഓഫീസ് ദുരന്തങ്ങൾക്കിടയിലും രാത്രിയാത്രകളും തട്ടുകടകളിലെ ഭക്ഷണവും ഞങ്ങൾക്ക് ആശ്വാസമായി.

ഫാം മെഷിനറി ഡിപ്പാർട്ട്മെന്റിന്റെ ട്രെയിനിംഗ് SRFMTTI അനന്തപൂരിലായിരുന്നു. പൊള്ളുന്ന ചൂടിൽ അനന്തപൂരിൽ ചിലവഴിച്ച ഒരുമാസക്കാലം... ഓർമകൾ കൊണ്ടും അനുഭവങ്ങൾ കൊണ്ടും നിറഞ്ഞിരുന്നു. അതികഠിനമായ ചൂടിനെക്കാളും ചിലർക്ക് സഹിക്കാൻ പറ്റാതിരുന്നത് അവിടുത്തെ മെസ്സിലെ ഭക്ഷണമായിരുന്നു. എല്ലാ ദിവസവും ഒരേ ചോറും ദാലും കഴിച്ച് ചിലർ വിധിയെ പഴിച്ചപ്പോൾ ഇതേ വിഭവങ്ങൾ തന്നെ ആഘോഷമാക്കിയവരും ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. ബോയ്സ് ആയിരുന്നു ഇതിൽ കേമന്മാർ. അനുവാദം കൂടാതെ അനന്ത്പൂർ explore ചെയ്യാൻ ഞങ്ങൾക്ക് എന്തൊരു ആവേശമായിരുന്നു. അതിസാഹസികമായി കുത്തനെയുള്ള ഹനുമാൻ മല കയറി മുകളിലെത്തിയപ്പോൾ ലോകം കീഴടക്കിയ പ്രതീതിയായിരുന്നു എല്ലാവർക്കും. ഹോസ്റ്റൽ റൂമുകളിലെ സ്ഥിരം സന്ദർശകരായ കുരങ്ങുകൾ, രണ്ടു രൂപക്ക് കിട്ടുന്ന ചായയും മുളകുബജിയും പിന്നെ നമ്മുടെ ഓണത്തിന് സമാനമായ അവിടുത്തെ ഉഗാദി ഉത്സവം അങ്ങിനെ പോകുന്നു ഓർമ്മകൾ. അനന്ത്പൂരിൽ നിന്നും തിരിച്ച് കേരളത്തിലേക്കുള്ള യാത്രയിൽ ഒരു ദിവസത്തെ 'Banglore Day' ഏറ്റവും പ്രിയപ്പെട്ടതായിരുന്നു.

പ്രോസസിങ്ങ് ഡിപ്പാർട്ട്മെന്റിന്റെ ട്രെയിനിങ്ങ് മൂന്ന് വ്യത്യസ്ത സ്ഥലങ്ങളിലായിരുന്നു.

Scanned by CamScanner

എറണാകുളത്തെ പവിഴം, IISR കോഴിക്കോട്, തൃശൂർ ഡയറി എന്നിവ. ഇതിൽ IISR ട്രെയിനിങ്ങിനിടെ പെരുവണ്ണാമൂഴിയുടെ ഗ്രാമഭംഗി മുഴുവൻ ആസ്വദിക്കാൻ ഞങ്ങൾക്കായി. തിരക്കുപിടിച്ച ട്രെയിനിങ് ദിനങ്ങൾക്കിടയിലാണ് 'ഓൾ കേരള ടൂർ' വന്നത്. കോളേജ് ലൈഫ് അവസാനിക്കാൻ പോവുകയാണ് എന്ന തിരിച്ചറിവിൽ എടുത്തുകൂട്ടിയ സെൽഫികളുടെയും പരസ്പരം സൗഹൃദം പങ്കുവച്ച നിമിഷങ്ങളുടെയും എണ്ണം കൂടി. അവസാന ട്രെയിനിങ് SWCE-ഡിപ്പാർട്ട്മെന്റിന്റെയായിരുന്നു. ഭൂഗർഭ ജല വകുപ്പിൽ നിന്നും ലഭിച്ച അനുഭവങ്ങളോട് സാമ്യമുള്ളതായിരുന്നു മണ്ണ് സംരക്ഷണ വകുപ്പിലെ ട്രെയിനിങ്. ഇവിടെയും ചിലർ ഞങ്ങളെ KCAET ഇന്റേൺസായി കണ്ടു. എന്നാൽ മറ്റു ചിലർ ശത്രുക്കളെപ്പോലെയും.

ഒടുവിൽ നാലുമാസത്തെ ട്രെയിനിങ് കഴിഞ്ഞപ്പോൾ അവശേഷിച്ചത് പഠിച്ച കാര്യങ്ങൾക്കുമപ്പുറം ഓർത്തുവെക്കാനുള്ള മനോഹരമായ അനുഭവങ്ങളായിരുന്നു. ഇനിയൊരിക്കലും തിരിച്ചുകിട്ടില്ലെന്ന തിരിച്ചറിവിൽ ഓർമ്മകൾ ഇന്നും ഓർമ്മകളായി അവശേഷിക്കുന്നു.

Scanned by CamScanner



# Chintha

*Perception in depth...*

Scanned by CamScanner

...നിറങ്ങൾ ആറാടിയ
ക്യാൻവാസുകളുടെയും, വാക്കുകൾ കൊണ്ട്
വിപ്ലവം സൃഷ്ടിച്ച കവിതകളുടെയും,
കാഴ്ചകൾ കൊണ്ട് അത്ഭുതം സൃഷ്ടിച്ച
സിനിമകളുടെയും വഴികളിലൂടെ...

Scanned by CamScanner

Book Review...

# Life is what you make it.

- P Akhila Shiney -

'A story of love, hope and how determination can overcome even destiny'.

Preeti Shenoy is an author and artist based in Bangalore, India. Her first book "34 Bubblegums and Candies", a creative non-fiction, made it to the national best seller list.

Her interests are as multifarious and diverse as her several academic degrees. She also specialises in Pencil Portraits and holds an internationally recognised qualification from Uk in Portraiture. She was held a number of varied jobs in the past. She has also written for different publications like Reader's Digest and The Times of India, as well as taught English and Maths to under-privileged children in India.

Scanned by CamScanner

Coming to story which is written Preeti shenoy, "Life is what you make it", what I observed in this story is a woman called Ankita from Cochin (MBA girl) who has beautiful life, beloved parents and friends, eye full of dreams for bright future and enthusiasm. Due to some unexpected situations in her life she went to complete darkness with the disease called Bipolar disorder which is made her to fear, sad, unstopable emotions and forgetting the things at last admitted in mental hospital. After the 6 months she completely recovered from this disease with full of love, hope, confidence, courage and faith. And again she have seen her life with happiness. This book taught me when we fell down and when destiny twisted the road we took there we have to fight for it. Otherwise we have to run or we have to accept it. If we run away then we can reach our dreams with hope. But if we accept them there is no more days to look forward for the way we want to achieve. Life is short, and we have too many desires but we can reach the sky but we can't stay there completely.

Scanned by CamScanner

And what I found in these book is there is no mistake in grammer and also it is having lot of advantage to read, understand and feel the story, because it is true one and now a days people are getting into the depressions especially in India. After reading this book, atleast we can get some hope and confidence about our life. And we should be feel proud that we have lots of love from our parents and closed ones.


NEVER EVER LOOSE OUR HOPE, JUST GIVE THE ONE CHANCE TO LIFE, DEFINITELY IT WILL SHOW SO MANY WAYS TO REACH OUR DESTINY

Scanned by CamScanner

*Film Review...*

# BEKAS: A voyage of Two Kids

- Anjana. S. R -



Bekas, ഒരു വാക്കിൽ മനോഹരമായ ഒരു കവിത. നിഷ്കളങ്കമായ കുറേ മുഹൂർത്തങ്ങൾ കോർത്തിണക്കിയ ഈ കുർദ്ദിഷ് ചിത്രമാണ് KCAET ലെ Negative (2013-14) ഫിലിം ഫെസ്റ്റിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. ഈ റിവ്യൂ ഒരുപക്ഷേ ഈ സിനിമ കാണാൻ വായനക്കാരെ പ്രേരിപ്പിച്ചാൽ ഒത്തിരി സന്തോഷം.

Bekas എന്ന കുർദ്ദിഷ് പദത്തിന്റെ അർത്ഥം അനാഥർ (those without family) എന്നാണ്. സദ്ദാം ഹുസൈന്റെ ഇറാഖിലെ ഭീകരഭരണ കാലഘട്ടം. അവിടെയാണ് സഹോദരങ്ങളായ സനായും ദനായും തങ്ങളുടെ ബാല്യം കഴിച്ചുകൂട്ടിയിരുന്നത്. അനാഥരായിരുന്ന അവർ അന്നന്നത്തെ ഭക്ഷണത്തിന് ജോലി ചെയ്ത് പണം കണ്ടെത്തിയിരുന്നു. അവിടേക്കാണ് 'സൂപ്പർമാൻ' പ്രദർശനത്തിനെത്തുന്നത്. ഏറെ ഇഷ്ടപ്പെട്ടിരുന്ന തങ്ങളുടെ സൂപ്പർ ഹീറോയെ ഒരു നോക്ക് കാണാൻ ഏവരെയും പോലെ അവരും ആഗ്രഹിച്ചിരുന്നു. എന്നാൽ അതവർക്ക് സാധിക്കാതെ പോവുന്നു. അപ്പോഴാണ് ദനായുടെ മനസ്സിൽ ഒരു ബുദ്ധി തെളിയുന്നത്. അമേരിക്കയിൽ നേരിട്ട് ചെന്ന് സൂപ്പർമാനെ അങ്ങ് കണ്ടേക്കാം. തേട്പാതി

കേൾക്കാത്ത പാതി ഇരുവരും അമേരിക്കയിലേക്ക് യാത്ര-ക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. അതിനുള്ള വാഹനമായി അവരുടെ കഴുതയും. തുടർന്ന് സൂപ്പർമാനെ കാണുക എന്ന ഒറ്റ ലക്ഷ്യവുമായി അവരുടെ യാത്രയാണ് സിനിമയുടെ ഇതിവൃത്തം.

1990 കളിൽ ഇറാഖിലെ യുദ്ധഭീകരതയുടെ കാലത്ത് ഇറാഖിൽ നിന്ന് കുർദിസ്ഥാനിലേക്ക് കുടിയേറിയ Karzan Kader ഷോർട്ട് ഫിലിം ആയി ആണ് Bekas സംവിധാനം ചെയ്തത്. Student Oscar കരസ്ഥമാക്കിയ ഈ ചിത്രം അതേ പേരിൽ അദ്ദേഹം 2012-ൽ ഫീച്ചർ ഫിലിമാക്കി. അദ്ദേഹത്തിന്റെ ആദ്യത്തെ സിനിമ.

പോസ്റ്റർ കാണുമ്പോൾ ഒരു ഫീൽ ഗുഡ് മൂവിയോ ഒരു കോമഡിയോ ആവും നാം പലരും പ്രതീക്ഷിക്കുക. എന്നാൽ കോമഡി മാത്രമല്ല, നല്ല കാമ്പുള്ള കഥയും ചിത്രത്തിനുണ്ട്. ആ കാലഘട്ടത്തിലെ ഇറാഖിലെ കുട്ടികളുടെ ജീവിതവും വളർന്ന് വരുന്ന സാഹചര്യവും സംവിധായകൻ ഗൗരവത്തോ-ടെ തന്നെ വരച്ച് കാട്ടുന്നുണ്ട്. അതിലുപരി സന, ദന എന്നീ സഹോദരങ്ങളുടെ സ്നേഹം... നമ്മുടെ മനസ്സിനെ ഈറനണിയിക്കുന്ന രംഗങ്ങളിലൂടെ അതിമനോഹരമായി പറഞ്ഞ് പോയിരിക്കുന്നു. ചെറിയൊരു പ്രമേയത്തിലൂന്നി പറയേണ്ട കാര്യങ്ങൾ അതീവ ഗൗരവത്തോടെ തന്നെ പരിചരിച്ച് മുന്നോട്ട് പോവുന്നതിൽ കർസൻ വിജയിച്ചി-ട്ടുണ്ട്.



Scanned by CamScanner

Zamand Taha, Sarwar Fazil എന്നീ കൊച്ചു മിടുക്കന്മാർ സനായെയും ദനായേയും മനോഹരമാക്കിയവർ. സംസാരശൈലിയും അഭിനയവുമൊക്കെ തകർത്തു. അവസാന രംഗങ്ങളിലൊക്കെ മാസ്മരിക പ്രകടനം കാഴ്ചവെച്ചു രണ്ട് പേരും. ഒരേ സമയം ചിരിപ്പിക്കുകയും അവസാന നിമിഷങ്ങളിൽ കണ്ണ് നനയിക്കുകയും ചെയ്തു ഇരുവരും. സനായുടെ ആ പുഞ്ചിരി... പറഞ്ഞറിയിക്കാനാവാത്ത ചിരി തന്നെ സീൻ. കൂടെയുള്ളവരും നല്ല പ്രകടനം കാഴ്ചവച്ചു.

തന്റെ ജീവിതത്തിൽ നിന്ന് തന്നെ ഒരു ഏട് വികസിപ്പിച്ച് സിനിമയാക്കിയ സംവിധായകൻ. കഥാപാത്രങ്ങളായി സ്ക്രീനിൽ ജീവിച്ച കുട്ടികൾ. ഒരേ സമയം ചിരിപ്പിക്കുകയും ടെൻഷൻ അടിപ്പിക്കുകയും വിഷമിപ്പിക്കുകയും മനസ്സിന് കുളിർമ നൽകുകയും ചെയ്യുന്ന കഥാ സന്ദർഭങ്ങൾ... ഭാഷയുടെ പരിമിതികൾ മാറ്റി നിർത്തിയാൽ ഒരു സിനിമ സ്നേഹി തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രം തന്നെയാണ് Bekas!




Scanned by CamScanner

Poem Review...

# കുറ്റിപ്പുറം പാലം
# ഒരു കാലാതീത കവിത.

- ആതിര കെ -


കാലത്തിനു മുമ്പേ സഞ്ചരിച്ച മഹാകവി ഇടശ്ശേരി ഗോവിന്ദൻനായരുടെ 'കുറ്റിപ്പുറം പാലം' എന്ന കവിത ആധുനിക ജീവിതത്തിന്റെ നേർക്കാഴ്ചയിലേക്ക് വിരൽ ചൂണ്ടുന്ന ഒരു സൃഷ്ടിയാണ്. മനുഷ്യൻ ശാസ്ത്രത്തിന്റെ ചിറകിലേറി വിജയഗാഥകൾ സൃഷ്ടിക്കുമ്പോഴും നമ്മൾ കാണാ-ത്ത കാഴ്ചകൾ കവി തന്റെ ഉൾക്കണ്ണിലൂടെ കാണുന്നു. മർത്യവിജയത്തിന്റെ നാഴികക്കല്ലായി നിളക്കു കുറുകെ പണി-തുയർത്തിയ പാലത്തിനു മുകളിൽ അഭിമാന പൂർവ്വം നിൽക്കുമ്പോഴും കവിയുടെ മനസ്സ് ആകുലപ്പെടുകയാണ്. നാടിന്റെ ജീവനാഡിയായി ഒഴുകുന്ന ശോഷിച്ച പേരാറിനെ കാണുമ്പോൾ കവി തന്റെ ബാല്യകാലസ്മരണകൾ ചിക-ഞ്ഞെടുക്കുന്നു. കാലവർഷത്തിന്റെ തീരാപേമാരിയിൽ തടം തല്ലി പാഞ്ഞണയുന്ന നിള...! ഒരു തോണിപോലും നീങ്ങിടാതെ, ഒരു ഗരുഡൻ പോലും മേലെ പറന്നിടാതെ ഇരുതീരങ്ങളെയും ചേർത്ത് പിടിച്ച് ഒഴുകിയ നിള ഒടുവിൽ പാലത്തിനടിയിൽ നാട്ടുനുഴുന്നത് കവി അൽപം ചിരി-യോടെ കാണുന്നു. പച്ചയും മഞ്ഞയും പാറിക്കളിച്ചു പരന്ന പാടങ്ങൾ അപ്രത്യക്ഷമാവുകയാണ്. കളിക്കൂട്ടുകാരിയായ ഗോമലക്ഷ്മി അകലേക്കു മാഞ്ഞു പോവുകയാണ്. പൂക്കൾ നിറഞ്ഞ കുന്നിൻ ചെരുവിലെ കാവിലെ ഉത്സവം



Scanned by CamScanner

കാണാകാഴ്ചകളാകുന്നു. ശാന്തമായ വീഥികൾ ശബ്ദ-പൂരമാകുന്നു. അറിയാത്തവരാണ് തമ്മിൽ അയൽ-ക്കാർ...! അറിയുന്നോരാകട്ടെ അന്യനാട്ടാർ...! ശാന്തഗംഭീരമായ് തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന അന്തിമഹാകാളൻ കുന്നുപോലും കൈകളിൽ തട്ടി ചിന്നഭി-ന്നമായി പോകുന്നു. ഒടുവിൽ സർവ്വതും വെട്ടിപ്പിടിക്കുന്ന ഒരു യന്ത്രമായി മനുഷ്യൻ മാറുമ്പോൾ, 'അമ്പേ പേരാറ്റി ഒരു ആകുലയാമൊരു അഴുക്കുചാലായ് മാറുമോ' എന്നൊരു ചോദ്യത്തോടു കൂടി കവിത അവസാനിക്കുമ്പോൾ ഒരായിരം ചോദ്യങ്ങൾ നമുക്ക് മുന്നിലേക്കെത്തുന്നു.

ശാസ്ത്രമെന്ന ചിറകിലേറി പറന്നുകൊണ്ട് ഉയരങ്ങൾ കീഴടക്കുന്ന മനുഷ്യൻ പക്ഷെ പ്രകൃതിയെ മറക്കുന്നു. സമയത്തെപ്പോലും പിറകിലാക്കിക്കൊണ്ട് തന്റെ സുഖവും സൗകര്യവും വെട്ടിപ്പിടിക്കാനുള്ള ഓട്ടത്തിനിടയിൽ പ്രകൃതിക്കേൽക്കുന്ന ആഘാതങ്ങൾ അവർ കണ്ടില്ലെന്നു നടിക്കുന്നു. ബന്ധങ്ങളുടെ കെട്ടുറപ്പുകൾ ഭേദിച്ച് തന്നിലെ നാലുചുവരുകൾക്കുള്ളിലേക്ക് ഒതുങ്ങിക്കൂടുന്ന മനസ്സുമരവിച്ച മനുഷ്യജന്മങ്ങൾ... സ്നേഹവും സമാ-ധാനവും കാറ്റിൽ പറത്തി യുദ്ധഭൂമിയിലെ നിലക്കാത്ത വെടിയൊച്ചകളും ചോരത്തുള്ളികളും അരങ്ങുവാഴുന്ന ഈ കാലഘട്ടത്ത് 'കുറ്റിപ്പുറം പാലം' എന്ന കവിത ഒരു ഓർമ്മപ്പെടുത്തലാണ്... മണ്ണിനെ മറന്ന്, പ്രകൃതിയെ മുറിവേൽപ്പിച്ച് മുന്നേറുന്ന മാനവരാ-ശിക്കായുള്ള ഒരു ഓർമപ്പെടുത്തൽ...



Scanned by CamScanner

# ട്രോൾ:



# ചിരിയും ചിന്തയും

- നന്ദുലാൽ എ.എം. -

സോഷ്യൽ മീഡിയയിൽ ഇപ്പോൾ അരങ്ങു വാഴുന്നത് ട്രോളുകളാണ്. മതം, രാഷ്ട്രീയം, സിനിമ, സാഹിത്യം, സാമൂഹിക ജീവിതം എന്നിങ്ങനെ ഏതു മേഖലയിലും ആക്ഷേപഹാസ്യത്തിലൂടെ വിമർശിച്ച് ട്രോളുകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. ചാക്യാന്മാരിൽ നിന്ന് ചളിയന്മാരിലേക്കുള്ള അത്ഭുതകരമായ മാറ്റത്തിന് സാക്ഷി കാലം മാത്രമാണ്.

കാലമിനിയുമുരുളും... മലയാളികളുടെ ട്രോളിന്റെ ചരിത്രത്തിന് ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ തുടങ്ങി അതിസമ്പന്നമായ നമ്മുടെ ആക്ഷേപഹാസ്യ പാരമ്പര്യത്തോളം പഴക്കമുണ്ട്. ഇവിടുത്തെ കാർട്ടൂണുകളും കാരിക്കേച്ചറുകളും മറ്റൊരു രൂപത്തിൽ അതിന്റെ തുടർച്ചയാവുകയും, അതു ഇപ്പോഴും തുടരുകയും ചെയ്യുന്നുണ്ട്. പിന്നെ ഹാസ്യകഥാപ്രസംഗങ്ങൾ, പാരഡി ഗാനങ്ങൾ എന്നിവ വന്നു. ഹാസ്യാധിഷ്ഠിതമായ സാമൂഹിക വിമർശനങ്ങൾക്ക് മിമിക്രി/ടെലിവിഷൻ പരിപാടികളിലൂടെ പിന്നെയും രൂപഭാവ പരിണാമം സംഭവിച്ചു. ആ ശ്രേണിയിലെ ഏറ്റവും പുതിയ നവമാധ്യമ ആവിഷ്കാരമാണ് ട്രോളുകൾ. സിനിമ ഒരു മാധ്യമമെന്ന നിലയിൽ ഇത്രയും കാലം ഇവിടെ നടത്തിയ അനുഭവാവിഷ്കാരങ്ങളും അതുവഴി ഒരു സിനിമാ സമൂഹം ആർജ്ജിച്ചെടുത്ത പൊതുബോധ വിജ്ഞാനമെന്നു വിളിക്കാവുന്ന അവയുടെ സ്മരണകളുമാണ് ട്രോളുകളുടെ സർഗാത്മക മൂലധനം.

വിഷയം ഏതുമായിക്കൊള്ളട്ടെ, അതിനെ കീറിമുറിച്ച് രസകരമായ രീതിയിൽ കൈകാര്യം ചെയ്യുന്ന ട്രോളന്മാരുടെ കഴിവിനെ കയ്യടിക്കാതെ വയ്യ. ഗൗരവമേറിയ വിഷയങ്ങളെ വളരെ രസകരമായി അവതരിപ്പിക്കുന്നത് കൊണ്ടാണ് ട്രോളുകളെയും ട്രോളർമാരെയും സമൂഹം അംഗീകരിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും.

Scanned by CamScanner



സോഷ്യൽ മീഡിയ എന്നത് ഇരുതല മൂർച്ചയുള്ള വാളാണ്. ട്രോളുകൾ ഇപ്പോൾ വെറുമൊരു രാഷ്ട്രീയ സാമൂഹിക സാന്ദർഭിക വിമർശന മാധ്യമം മാത്രമല്ല. നവമാധ്യമ രാഷ്ട്രീയ ചേരികൾക്കു പരസ്പരം പോരടിക്കുവാനുള്ള ഒരു സൈബർ ആയുധം കൂടിയാണ്. ട്രോളുകളിലൂടെ പരസ്പരം വെട്ടുകയും കൊല്ലുകയും കൊന്നുകൊലവിളിക്കുകയും ചെയ്യുന്ന അപത്കരമായ ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. അത് സൃഷ്ടിക്കുന്ന വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പക്ഷങ്ങളുണ്ട്. ബോധപൂർവമുള്ള വരുത്തിത്തീർക്കലുകളും പ്രചാരണതന്ത്രങ്ങളും ഉണ്ട്. ഒരു പരിഷ്കൃത ജനാധിപത്യ പൊതുസമൂഹത്തെ അഭിസംബോധന ചെയ്യുന്നതിന് പകരം തങ്ങളുടെ പക്ഷത്തെ മാത്രം ആനന്ദിപ്പിക്കാനും മറുപക്ഷത്തെ മുറിവേൽപ്പിക്കാനുമായി നിഷ്കരുണം അവ ജന്മമെടുക്കാറുണ്ട്. അപ്പോൾ ഒളിച്ചു കടത്തപ്പെടുന്ന മാനുഷിക വിരുദ്ധതയുണ്ട്, സ്ത്രീ വിരുദ്ധതയുണ്ട് വംശവെറിയുടെയും വർണബോധത്തിന്റെയും തലച്ചോറുകൾ അവയിൽ മറഞ്ഞിരുന്ന പ്രവർത്തിക്കുന്നുണ്ട്. ജൈവപരിണാമത്തിൽ ജീനുകൾ എന്തു പങ്കുവഹിക്കുന്നുവോ, അതേ പങ്ക് സാംസ്കാരിക പരിണാമത്തിൽ മീമുകൾ വഹിക്കുന്നു എന്നാണ് The meme machine എന്ന ഗ്രന്ഥത്തിൽ സൂസൻ ബ്ലാക്ക്മോർ വാദിക്കുന്നത്.

രാജാവ് നഗ്നനാണെന്ന് നിർഭയം വിളിച്ചു പറഞ്ഞവന്റെ ധൈര്യമാണ് ട്രോളുകളുടേത്. അനീതിയും അസഹിഷ്ണുതയും അവർ അത് ധൈര്യസമേതം ഏറ്റെടുക്കുന്നു. ഒരു ജനാധിപത്യ സമൂഹത്തിൽ നിലനിന്ന പോരേണ്ടുന്ന തിരുത്തൽ മനോഭാവത്തിന്റെ അനിവാര്യതയാണ് ഇത്തരം സർഗാത്മക വിമർശനങ്ങൾ. അതിന്റെ പൊളിറ്റിക്കൽ കറക്ട്നെസ്സ് കാത്തുസൂക്ഷിക്കുക തുടങ്ങിയവയൊക്കെ വെല്ലുവിളിയായി തുടരുന്നുവെങ്കിലും, അവർ നമ്മുടെ സമൂഹത്തെ കൂടുതൽ ചിരിയുള്ള, ചിന്തയുള്ള, അവബോധമുള്ള, പങ്കുവയ്പുകൾ ഉള്ള ഒരു സമൂഹം ആക്കിത്തീർക്കുന്നു.

Scanned by CamScanner

# Heaven



# Hell

*The Reflection...*

Scanned by CamScanner

"Ying-yang എന്ന പ്രപഞ്ചം
നന്മയുടെയും തിന്മയുടെയും തുല്യമായ
അളവുകൊണ്ട് നിർമ്മിക്കപ്പെട്ടതാണ്
എന്ന തത്വത്തിന്റെ അന്തസത്ത
ഉൾക്കൊണ്ട്, രാത്രിക്ക് പകൽ എന്നപോലെ,
വെളിച്ചത്തിന് ഇരുട്ട് എന്നപോലെ,
JKCAET യിലെ ചില ഇരുണ്ട സത്യങ്ങൾ...
ചില നേർക്കാഴ്ചകൾ..."

Scanned by CamScanner

# പൊളിട്രിക്സ്

-സ്വന്തം ലേഖകൻ-

ഒരു വിദ്യാർത്ഥി സ്വയം കലാലയത്തെ കുറിച്ച് ആലോചിച്ചാൽ ആദ്യം വരുന്നത് ഒരുപാട് നല്ല കാര്യങ്ങൾ ആയിരിക്കും.

പക്ഷേ കലാലയത്തെ സ്വന്തം വീട് പോലെ കരുതുന്ന ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് KCAET എന്ന വീട് നൽകുന്നത് പരിഭവങ്ങളും ദുഖങ്ങളും ആണ്. ഒരു ടൈം മെഷീൻ കിട്ടിയിരുന്നേൽ ആദ്യം മുതൽ പോയി നന്നാക്കിയിട്ട് വരാൻ തോന്നുന്ന വിധം പല കാര്യങ്ങളും ഇവിടുണ്ട്. അവ് പറയാതെ പോവുന്നത് ഒരുപക്ഷേ സ്വന്തം മനസ്സാക്ഷിയോട് ചെയ്യുന്ന വഞ്ചന ആയേക്കാം.

## രാഷ്ട്രീയം

ആർക്കോ വേണ്ടി പരസ്പരം പോരടിച്ച് മരിക്കുന്ന ഒരു കൂട്ടം, അതാണ് KCAET ഇന്ന്.

ഒരു വിദ്യാർത്ഥി ആദ്യം വന്നു ചേരുന്ന ദിവസം മുതൽ അവന്റെ മനസ്സിൽ കുത്തിവയ്ക്കപ്പെടുന്ന വിഷമാണ് രാഷ്ട്രീയം. തനിക്ക് മുന്നേ ഇവിടെ വന്നവരെ സീനിയർ എന്നതിലുപരി നീലപതാകയും ചുവന്ന പതാകയുമായി കാണാൻ അവനെ ഇത് പഠിപ്പിക്കുന്നു, വന്ന് ഒരു മാസത്തിനുള്ളിൽ കൂടെ കിടന്നുറങ്ങുന്നവനെ ശത്രു ആയി കാണാൻ അവൻ പഠിക്കുന്നു. എന്തു മനോഹരമായ ആചാരം! ഇതിന് ചുക്കാൻ പിടിക്കാൻ ഗുരുക്കന്മാർ പോലും രഹസ്യമായും പരസ്യമായും പ്രവർത്തിക്കുന്നു എന്നത് കൗതുകം.

രാഷ്ട്രീയം എന്നതിന്റെ ലക്ഷ്യം വിശ്വസിക്കുന്ന പ്രത്യയശാസ്ത്രം എന്താണോ, അതിലെ നന്മകൾ അടിസ്ഥാനമാക്കി മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുക എന്നതാണ്. പക്ഷേ ഇവിടെ നടക്കുന്നത് രസകരമായ സംഭവങ്ങളാണ്. മറ്റൊരാളെ കരി വാരി തേയ്ക്കുന്ന തരത്തിലുള്ള കാര്യങ്ങൾ പറഞ്ഞ് വെറുപ്പിന്റെ രാഷ്ട്രീയമാണ് കൺമുന്നിൽ നടക്കുന്നത്. അതിന് വേണ്ടി നടത്തുന്ന പരാമർശങ്ങൾ പലതും രസകരമാണ്. ഹോസ്റ്റലിൽ പഴത്തിന് വൃത്തി പോര എന്ന് പറഞ്ഞു വരെ ക്യാൻവാസു ചെയ്യുന്നത് ഒരുപക്ഷേ നമ്മുടെ കോളേജിന്റെ മാത്രം പ്രത്യേകതയാവും.

രാഷ്ട്രീയം ഒരു തരത്തിൽ മാർക്കറ്റിംഗ് ആണ്. സ്വന്തം ആശയങ്ങൾ ആവണം അവിടെ മാർക്കറ്റ്

ചെയ്യപ്പെടേണ്ടത്. കോളേജിനെ പറ്റി യാതൊരു മുന്നറിവും ഇല്ലാതെ വരുന്ന വിദ്യാർത്ഥി എന്ത് പറഞ്ഞാലും വിശ്വസിക്കും. അത്തരത്തിൽ വിഢ്ഢി ആകുന്നതിനെ 'പൊട്ടനാകുക' എന്ന് മലയാളത്തിൽ പറയും. മുന്നിൽ ചിരിച്ചു കാണിച്ചു വശപ്പെടുത്തുന്നവരെ കണ്ണടച്ച് വിശ്വസിക്കാതെ ഒരു ജൂനിയർ വിദ്യാർത്ഥിക്ക് നിർവാഹമുള്ളൂ. അറിവില്ലായ്മയെ ചൂഷണം ചെയ്യുന്നതാണ് ഓരോ ക്യാമ്പയിനിംഗും. ഏറ്റവും മികച്ച രീതിയിൽ മാർക്കറ്റ് ചെയ്യുന്നവർ വിജയിക്കും. ഒരിക്കൽ തലയിൽ കയറിയത് തെറ്റാണെങ്കിൽ തിരിച്ചറിഞ്ഞാൽ പോലും അവൻ അത് മുറുകെ പിടിച്ചിരിക്കും. കാരണം അവൻ അപ്പോഴേക്കും കൂടുതൽ ശത്രുക്കളെ സൃഷ്ടിച്ചിട്ടുണ്ടാവും.

രാഷ്ട്രീയത്തിന്റെ ലക്ഷ്യം കോളേജിന്റെ പുരോഗതി ആണെന്ന തിരിച്ചറിവ് ഉണ്ടെങ്കിൽ രണ്ട് പക്ഷത്ത് നിന്ന് പരസ്പരം തമ്മിൽ തല്ലില്ല എന്നുറപ്പാണ്. ഐക്യമത്യം മഹാബലം എന്നാണല്ലോ. ഒറ്റക്കെട്ടായി നിന്നാൽ നേടാനാവാത്തതായി ഒന്നുമില്ല എന്ന് ഏവർക്കും അറിയാവുന്നതാണ്. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രം തന്നെയാണ് നമ്മുടെ കോളേജിലും നടക്കുന്നത്. Agri-Engg-Food Engg, MH-LH, ആൺ-പെൺ, തെക്കൻ-വടക്കൻ, മലയാളി-നോൺ മലയാളി എന്നിങ്ങനെ രാഷ്ട്രീയം ലക്ഷ്യം വച്ച് വിഷം കുത്തിവയ്ക്കുമ്പോൾ സ്വാഭാവികമായി തെറ്റിദ്ധരിക്കപ്പെടും. ജയിക്കണം എന്ന വാശിക്കപ്പുറം തോൽപ്പിക്കണം എന്ന വാശി അവന്റെ മനസ്സിനെ മൂടുക, പുതിയ

Scanned by CamScanner

പാർട്ടിനേതാവ് അവിടെ ഇനിക്കുന്നു.

വിദ്യാർത്ഥി രാഷ്ട്രീയത്തിൽ 'ബാഹ്യ'ശക്തികളുടെ ഇടപെടൽ രസകരമാണ്. കോളേജുമായി ബന്ധം ഉള്ളവർക്കും ഇല്ലാത്തവർക്കും ഇതിലുള്ള താൽപര്യം കണ്ടാൽ മൂക്കിൽ വിരൽ വച്ച് പോവും!! പണ്ട് പഠിച്ചവർ മുതൽ കോളേജിന്റെ മുന്നിൽ പെട്ടിക്കട നടത്തുന്നവർ വരെ ഇതിൽപെടും! അദ്ധ്യാപകരുടെ ഭാഗത്ത് നിന്ന് പരസ്യമായ ഇടപെടലുകൾ വളരെ കുറവാണ് എന്നതാണ് ആശ്വാസം. എന്നാലും പലപ്പോഴും രാഷ്ട്രീയം ഒരു മാനദണ്ഡമാക്കി ചെയ്യുന്ന ചില ചെയ്തികൾ മനസ്സിനെ വേദനിപ്പിക്കുന്നു. ഞങ്ങളെക്കാളും ഇരട്ടി പ്രായവും അറിവും പദവിയും ഒക്കെയുള്ളവർ തമ്മിൽ നടത്തുന്ന രാഷ്ട്രീയ കലാപരിപാടികൾ പുച്ഛമുളവാക്കുന്നതാണ്. ഇതിൽ കുട്ടികളെ വലിച്ചിഴയ്ക്കുന്ന പ്രവണത വളരെ മ്ലേച്ഛമാണ്. KCAET ൽ പഠിക്കാത്ത ചില ഗസ്റ്റ് ലക്ചറർ പോലും രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത് ദുഖകരമായ വസ്തുതയാണ്. അനധ്യാപക വിഭാഗവും വളരെ മികച്ച രീതിയിൽ രാഷ്ട്രീയ പ്രവർത്തനം നടത്തി വരികയാണ്. ചിലരെ ഇന്റർവ്യൂ നടത്തി തിരഞ്ഞെടുത്തത് തന്നെ ഇതിനു വേണ്ടി മാത്രമാണെന്ന് തോന്നിപ്പോവും. ഇല്ല എന്ന് വാദിക്കുന്നവർ സമൂഹമാധ്യമങ്ങളിൽ ഇല്ലാത്തവരോ കണ്ണടച്ച് ഇരുട്ടാക്കുന്നവരോ ആയിരിക്കും.

KCAET യുടെ പുറത്ത് KCAET യുടെ രാഷ്ട്രീയ കാര്യങ്ങൾ അറിയാൻ കാത്തിരിക്കുന്ന

കുറച്ചധികം ആൾക്കാരുണ്ട്. അവർക്ക് വേണ്ടത് എന്താണ് എന്ന് ഇത്‌വരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. കേവലം 17, 18 വയസ്സുള്ള വിദ്യാർത്ഥിയെ കൂട്ടം ചേർന്ന് മദ്യ ലഹരിയിൽ തല്ലാൻ മാത്രം നികൃഷ്ടരാണ് അത്തരക്കാരിൽ ഭൂരിഭാഗവും. ഇതിന് പിന്തുണയുമായി കുറച്ചു പേർ ക്യാമ്പസിനകത്തും ഉണ്ട് എന്നത് ദൂരദേശങ്ങളിൽ നിന്നും ഇവിടേക്ക് പഠിക്കാൻ വരുന്നവരുടെ ദൈന്യത മനസ്സിലാക്കി തരും. ഭീഷണിയും ഭയപ്പെടുത്തലും ഒക്കെ ദൈനംദിന സംഭവങ്ങൾ മാത്രം. കാലാകാലങ്ങളായി തുടരുന്ന ഈ പ്രവൃത്തി തടയാൻ അധ്യാപകർ വിചാരിച്ചാൽ എളുപ്പത്തിൽ സാധിക്കുമെങ്കിലും അവരുടെ രാഷ്ട്രീയം അവരെ അതിന് അനുവദിക്കുന്നില്ല എന്നതാണ് സത്യം. ഓരോ ഇലക്ഷൻ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സംഭവിക്കുമ്പോഴും വിദ്യാർത്ഥികൾക്ക് കാവലായി നിലകൊള്ളുന്ന ചില അധ്യാപകരുണ്ട്. അവർക്ക് നന്ദി...

ഇനി പറയാനുള്ളത് PTA-യെക്കുറിച്ചാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിന് അതിർവരമ്പുകൾ നിശ്ചയിക്കാൻ ഏറ്റവും പ്രാപ്തർ മാതാപിതാക്കൾ തന്നെയാവും. പക്ഷെ പകുതിയിലേറെ പേരും ക്യാമ്പസ്സിൽ നടക്കുന്നത് അറിയുന്നില്ല. വളരെ തുച്ഛമായ ഒരു സംഘം രാഷ്ട്രീയം കൈമുതലാക്കി നിലകൊള്ളുന്നുണ്ടോ എന്ന് സംശയമില്ലാതില്ല. അധ്യാപകർക്കെതിരെ അനാവശ്യ ആരോപണങ്ങൾ അഴിച്ചുവിടുന്ന

പ്രവണതയും ഒഴിവാക്കപ്പെടേണ്ടതാണ്. അധ്യാപകർ വഹിക്കുന്ന അധികചുമതലകളെ കുറിച്ച് ബോധവാന്മാരായാൽ നന്ന്. സ്വന്തം മക്കളെപ്പോലെ വിദ്യാർത്ഥികളെ സ്നേഹിക്കുന്ന അധ്യാപകരും ഇവിടെ ഉണ്ട്. രാഷ്ട്രീയ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ രക്ഷാകർതൃ വിഭാഗം ശ്രമിക്കുന്നുണ്ടെങ്കിൽ പ്ലീസ് സ്റ്റെപ്പ് ബാക്ക്.

ഇതുപോലെ വേറൊന്ന് 'അലുമിനി' എന്ന വിഭാഗമാണ്. തൊട്ടടുത്ത് കഴിഞ്ഞ ഇലക്ഷൻ അവരുടെ സ്വാർത്ഥ താല്പര്യങ്ങൾ വെളിപ്പെടുത്തുന്ന ഒന്നായിരുന്നു. ഇപ്പോഴും അവർക്ക് കോഴിക്കൂട്ടിൽ തന്നെ കണ്ണ്. പ്രൊഫഷനുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്ന ഇവർ ഭൂരിഭാഗം പേരും ഒരിക്കൽ പോലും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളോ ശ്രമങ്ങളോ നടത്തിയതായി അറിവില്ല. സമൂഹമാധ്യമങ്ങളിൽ താറടിക്കാൻ പലരും വിടുവന്മാരായിരിക്കെ, പഠിച്ച കോഴ്സ് നിലനിർത്താൻ തൊഴിലവസരങ്ങൾ വേണം എന്നത് സൗകര്യപൂർവ്വം മറക്കുന്നു. മനുഷ്യന് ഭ്രാന്ത് വന്നാൽ ചങ്ങലയ്ക്കിടാം, ചങ്ങലക്ക് ഭ്രാന്ത് വന്നാലോ?!

KCAET മനോഹരമായ ഒരു പളുങ്ക് പാത്രമാണ്. വക്കുകൾ ഉടഞ്ഞിരിക്കുന്നുവെങ്കിലും അത് മനോഹരമാണ്. വലിച്ചെറിഞ്ഞ് ഉടയ്ക്കാതിരിക്കേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയാണ്. തിരിച്ചറിവ് ഉണ്ടാവുന്ന കാലം വരും എന്ന പ്രതീക്ഷയിൽ അവസാനിപ്പിക്കുന്നു.

# കിട്ടാക്കനി

- സ്വന്തം ലേഖകൻ -

അവസാന വർഷം എത്തുമ്പോൾ ആവും ഒരു വിദ്യാർത്ഥി ഭാവിയെക്കുറിച്ച് ചിന്തിക്കുക. ഒരു വിദ്യാർത്ഥി അവൻ പഠിച്ച 17–18 വർഷത്തിന്റെ പൂർണത എത്തുന്ന നിമിഷമാണ് അത്. ഇത്രയും വർഷങ്ങൾ താൻ പരിശ്രമിച്ചത് വൃഥാവിലാവുകയാണ് എന്ന് തോന്നിപ്പോവുന്ന നിമിഷങ്ങൾ ആണ് തൊഴിൽ സാധ്യത എന്ന വാക്ക് കേൾക്കുമ്പോൾ പെട്ടന്ന് തോന്നുക.

ഭാരതത്തിലെ ഏറ്റവുമധികം ആളുകൾ പ്രവർത്തിക്കുന്ന അതേസമയം ഏറ്റവുമധികം പ്രാചീനമായ പാത പിന്തുടരുന്നതുമായ മേഖല കാർഷിക മേഖലയാണ്. പഠിക്കുന്നത് അഗ്രി/ഫുഡ് എഞ്ചിനീയറിംഗ് ആണെന്ന് കേട്ടാൽ ആദ്യം പറയുന്നത് കൃഷി/ഭക്ഷണം ഇല്ലാതെ ജീവിക്കാൻ പറ്റില്ലല്ലോ,

അപ്പോൾ എന്തായാലും ജോലി കിട്ടും എന്നാവും. എന്നാൽ അതാണോ സ്ഥിതി എന്ന് ഒരു വിശകലനം ആവാം.

## അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്

മറ്റേത് എഞ്ചിനീയറിംഗ് വിഭാഗത്തെക്കാളും ബിരുദാനന്തര ബിരുദധാരികൾ കൂടുതൽ ഉള്ളത് ഇതിനകത്തായിരിക്കും. കാരണം B tech കഴിയുമ്പോൾ ജോലിക്കു വേണ്ടി ചെന്ന മുട്ടാൻ മുന്നിൽ വാതിലുകൾ ഒന്നും ഇല്ലാത്തതാണ്. കാലങ്ങൾക്ക് മുമ്പ് സമരം ചെയ്ത് നേടിയ കുറച്ചു സർക്കാർതല പോസ്റ്റുകൾ ഒഴികെ നമുക്ക് എന്ന് പറയാൻ ഇവിടെ എന്ത പോസ്റ്റുകൾ ഉണ്ട്? കൃഷിയുടെ ജീവനാഡി ആയ മൂന്ന് വിഭാഗങ്ങളിൽ പ്രാവീണ്യം നേടിയിട്ടും ഒരു മേഖലയിൽ പോലും ജോലി ലഭിക്കാനാവാത്തത് കഷ്ടമാണ്. ഒരു ബിരുദധാരിക്ക് ജോലിസാധ്യതയിൽ മുന്നിൽ ലഭിക്കുന്നത് ഇവയാണ്.

- സർക്കാർ മേഖല
- സ്വകാര്യ മേഖല
- മാനേജ്മെന്റ് മേഖല
- ബാങ്കിംഗ് മേഖല
- ബിസിനസ് മേഖല

സർക്കാർ മേഖലയിൽ തൊഴിൽ ലഭിക്കാൻ PSC വിളിക്കണം. അതിന് അവർക്ക് നമ്മൾ

എലിജിബിൾ ആണെന്ന് മനസ്സിലാവണം. അതിന് ഉടൻ നാട്ടിൽ ഇരിക്കുന്ന കാർഷിക എഞ്ചിനിയർമാരും യൂണിവേഴ്സിറ്റി അധികൃതരും ഒന്നെ വിചാരിക്കണം. വിദ്യാർത്ഥികൾക്ക് എന്ത് ചെയ്യാനാവും ? അവർക്ക് പറ്റുന്നത് മന്ത്രിമാരെയും മേലധികാരികളെയും കണ്ട് പരാതി ബോധിപ്പിക്കുക എന്നതാണ്. ചവറ്റുകുട്ടയിൽ വീഴുന്ന ഒരുപാട് പരാതികളിൽ ഒന്ന് മാത്രം! കൂടിപ്പോയാൽ മന്ത്രി വഴി APC വരെ എത്തും, അത്രതന്നെ. എല്ലാ അലുമിനി മീറ്റിനും എന്തേലും ചെയ്യണം എന്ന് തീരുമാനമെടുത്താലും ഒന്നും ചെയ്യാറില്ല പലരും. ഫലവത്തായ പ്രവർത്തനങ്ങൾ ചുരുക്കം.

പ്രൈവറ്റ് മേഖലയിൽ ജോലി ലഭിക്കും, ഒഴിവുകൾ തേടി കണ്ട് പിടിച്ചാലോ, കരുണയുള്ള, സ്നേഹമുള്ള സീനിയേഴ്സ് വഴിയോ. പക്ഷേ ജോബ് സെക്യൂരിറ്റി വട്ടപൂജ്യം. ഡിപ്ലോമ പഠിച്ചവരും അഗ്രി എഞ്ചിനിയറിംഗ് പഠിച്ചവരും ഒരേ ജോലി ആണേൽ എന്തിനാണ് കഷ്ടപ്പെട്ട് നാല് കൊല്ലം പഠിക്കുന്നത്. M Tech എടുത്ത് 6 വർഷം പഠിച്ചവർക്കും ഇതൊക്കെ തന്നെയാണ് അവസ്ഥ. അവർക്ക് കുറച്ച് അവസരങ്ങൾ കൂടുതലാണ് എന്ന വ്യത്യാസം മാത്രം. ഗൾഫിൽ പോകുന്നവർക്ക് അത്യാവശ്യം അവസരങ്ങളുണ്ട്. പെൺകുട്ടികൾ അവിടെ പിന്നോക്കം നിൽക്കുന്നു.

NAARM പോലുള്ള സ്ഥാപനങ്ങളിൽ MBA, PGDM പോലുള്ള കോഴ്സുകൾ ചെയ്യുന്നവർക്ക് ജോലി ഉറപ്പാണ് എന്നത് ആശ്വാസം. പക്ഷെ ഭാരിച്ച ഫീസും അധികമായി വേണ്ടി വരുന്ന 2 വർഷവും എല്ലാവരെയും കൊണ്ട് താങ്ങാനായി എന്ന് വരില്ല.

അഗ്രി എഞ്ചി. ബിരുദധാരികൾ ഏറ്റവുമധികം പരിശ്രമിക്കുന്ന മറ്റൊരു മേഖല ബാങ്കുകളാണ്. Job security തന്നെയാണ് പ്രധാന കാരണവും. പഠിച്ച മേഖലയിൽ ജോലി കിട്ടാൻ പോണില്ല എന്ന തിരിച്ചറിവ് മറ്റൊരു കാരണവും.

ബിസിനസ് എന്നത് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിയെ സംബന്ധിച്ച് പെട്ടെന്ന് ചിന്തിക്കാനാവാത്ത കാര്യം തന്നെയാണ്. ഒരുപാട് സാധ്യതകൾ ഉണ്ടെങ്കിൽ തന്നെയും പ്രോപ്പർ ഗൈഡൻസിന്റെ അഭാവം പ്രകടമാണ്.

## ഫുഡ് എഞ്ചിനീയറിംഗ്

2011ൽ ആരംഭിച്ച ഈ കോഴ്സ് അനന്തമായ സാധ്യതകൾ ഉള്ളത് തന്നെയാണ് എന്ന് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു. പക്ഷെ അവ ചികഞ്ഞെടുക്കണം. അതിന് ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ സഹായം ആവശ്യമാണ്. ഇത്‌വരെ പഠിച്ചിറങ്ങിയ ബിരുദധാരികൾ ആരും തന്നെ നല്ലൊരു പ്ലേസ്മെന്റ് നേടിയിട്ടില്ല എന്ന വസ്തുത ഭയപ്പെടുത്തുന്നു. സൂപ്പർവൈസർ പോലുള്ള പോസ്റ്റുകൾ

മാത്രമാണ് കിട്ടുന്നതത്രയും.

സർക്കാർ മേഖലയിൽ PSC ഇത് വരെ 'ഫുഡ് എഞ്ചിനീയറിംഗ്' എന്ന പേരിൽ പോസ്റ്റുകൾ വിളിച്ചിട്ടില്ല. പരീക്ഷ പാസായാലും ഒരുപക്ഷേ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയില്ല എന്ന് പറഞ്ഞ് തള്ളിപ്പോയേക്കാം.

വലിയ ഇൻഡസ്ട്രി എന്ന ലേബൽ ചാർത്താനാവുന്ന ഇൻഡസ്ട്രികൾ കേരളത്തിൽ കുറവാണ്. അതിനാൽ തന്നെ പലയിടത്തും തൊഴിൽ കിട്ടാതെ പോവുന്ന അവസ്ഥയാണ്. ചിലർക്ക് നമ്മുടെ ക്വാളിഫിക്കേഷൻ വലുതാണ് എന്ന അഭിപ്രായമാണ്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ ജോലി ലഭിക്കുന്നുണ്ട്. അതിന് കണക്കാക്കി ലാബ് ഓറിയന്റഡ് കോച്ചിംഗ് കൊടുത്താൽ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായിരിക്കും. കോഴ്സിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവില്ലായ്മ ഒരു പ്രശ്നം തന്നെയാണ്.

## എന്തൊക്കെ മാറ്റങ്ങൾ വരുത്താം?!

സർക്കാർ മേഖലയിൽ ജോലി എന്ന ലക്ഷ്യം തന്നെയാവണം നമ്മുടെ ആദ്യ ലക്ഷ്യം. ഇതിനായി കൂട്ടായി പരിശ്രമിക്കണം. മനസ്സിലെ രാഷ്ട്രീയം മാറ്റിവച്ച് KCAET കുടുംബം ഒറ്റക്കെട്ടായി മുന്നോട്ട് വന്നാൽ മാത്രമേ ഇത് നടക്കുകയുള്ളൂ.

അലുമിനിക്കാണ് ഏറ്റവും മികച്ച രീതിയിൽ സഹായിക്കാൻ കഴിയുന്നത് എന്നുറപ്പാണ്. Alumini-PTA- Faculty- Students ഒറ്റക്കെട്ടായി

മുന്നിട്ടിറങ്ങണം ഇതിനായി. കൃത്യമായ അജണ്ടകളും ചർച്ചകളും പ്ലാനിംഗും ഇതിൽ അത്യന്താപേക്ഷിതമാണ്.

KCAET ഇപ്പോൾ നിരാശയായി കാണുന്ന "ഒറ്റക്കെട്ട്" എന്ന വാക്കിന്റെ അർത്ഥം കൃത്യമായി ഗ്രഹിച്ചാൽ മാത്രമേ നമുക്ക് വിജയം കൈവരിക്കാനാവുകയുള്ളൂ. ഒറ്റക്കെട്ടായി ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങിയാൽ ഒരുപക്ഷേ സ്വന്തം പ്രൊഫഷന് വേണ്ടി ചെയ്യുന്ന ഏറ്റവും വലിയ നന്മ ആവും അത്. കുറേ കുടുംബങ്ങൾക്ക് അതൊരു സഹായം ആയി മാറും. മുന്നോട്ട് വരുന്നവരെ പിന്നോട്ട് വലിക്കാതെ പിന്തുണച്ചാൽ ഒരുപക്ഷേ അതൊരു ചരിത്രം ആയേക്കാം !!

നാറാണത്ത് ഭ്രാന്തൻ പറഞ്ഞത് പോലെ,

"ഒക്കെ ഒരു വെറും ഭ്രാന്തന്റെ സ്വപ്നം...
നേര് നേരുന്ന ഭ്രാന്തന്റെ സ്വപ്നം..."

# കദന കഥകൾ

-സ്വന്തം ലേഖകൻ-

## കുടിവെള്ളത്തിന്റെ പ്രശ്നം

ഭാരതപ്പുഴയിൽ കോളിഫോം അളവ് നിശ്ചിത അളവിനെക്കാളും നാലിരട്ടി ആണത്രേ!! ഇവിടെ കിട്ടുന്നത് കലക്കവെള്ളവും! ഇതിന് എന്തൊരു പരിഹാരം ആവും?

## NKNWAP എന്ന ദുരന്തം

കോളേജ് id വെച്ച് മാത്രം access ഉള്ള സൈറ്റുകൾ കിട്ടണമെങ്കിൽ ഇവൻ തന്നെ ശരണം!! പക്ഷേ കിട്ടില്ല, കിട്ടിയാലും speed ഉണ്ടാവില്ല... ഇന്റർനെറ്റിന്റെ ദുരുപയോഗം തടയാൻ ആയിരിക്കുമായിരിക്കും, അല്ലേ??

Scanned by CamScanner

## സെക്ഷനിൽ നിന്നും പേപ്പർ നീങ്ങാൻ

സ്ലോ മോഷന്റെ പര്യായം! നൂറ് കണക്കിന് സബ്മിഷൻ കൊടുക്കണം. കൊടുത്താലോ, പേപ്പർ നീങ്ങണേൽ പുറകേ നടക്കണം. Btech കഴിഞ്ഞ് മറ്റു കോളേജുകളിൽ അഡ്മിഷൻ നേടിയവർ അവസാനം നെട്ടോട്ടം ഓടുന്ന കാഴ്ച സ്ഥിരമാണ്. അവസ്ഥ!!

## Permanent staff കളുടെ അഭാവം

Faculty ആയി ഇവിടെ പിടിച്ച് നില്ക്കുന്ന ടീച്ചേഴ്സിനെ സമ്മതിക്കണം! കോഴ്സിനു പുറമേ നൂറു കൂട്ടം അധിക ചുമതലകൾ. രാഷ്ട്രീയ താത്പര്യം കൈകടത്താതെ ഉടൻ തന്നെ അധ്യാപക നിയമനങ്ങൾ നടത്തണം, കോളേജിന്റെ വളർച്ചയ്ക്ക് വേണ്ടി...

## Food Engineers ന് Mtech seat

44 Agri Engineers ഉം 30 Food Engineers ഉം Btech പഠിക്കുന്നു. PG ക്ക് വേണ്ടി ശ്രമിക്കുമ്പോൾ അഗ്രിക്ക് 10 സീറ്റ്, ഫുഡ്ഡിന് കേവലം 2 സീറ്റ്! Food Engineers ന് M Tech Agri Engg. ഡിഗ്രി കൊടുക്കുന്നതിനോട് വിയോജിക്കുന്നു. Food Engineering ൽ,


Scanned by CamScanner

പുതിയ M tech Programme തുടങ്ങുന്നത് നന്നായിരിക്കും.

## കൃത്യ സമയത്ത് തീരാത്ത കോഴ്സ്

മാർച്ച് മാസത്തോടെ കോഴ്സ് തീർന്നാൽ അത് ഫൈനൽ ഇയർ വിദ്യാർത്ഥിക്ക് സൗകര്യമാവും. അതാവുമ്പോൾ entrance preparation ന് സമയം ലഭിക്കും. റിസൽട്ട് കൃത്യസമയത്ത് വരും, certificate കൾ നെട്ടോട്ടം ഓടാതെ മേടിക്കാം പ്രശ്നങ്ങളൊന്നും കൂടാതെ തുടർപഠനത്തിന് (പലയിടത്തും June-July ആവുമ്പോൾ ക്ലാസ് തുടങ്ങും) അഡ്മിഷൻ നേടുകയും ചെയ്യാം.

Scanned by CamScanner



# Evoga

*here it is...*

Scanned by CamScanner

..."തടവിലാക്കപ്പെട്ട ഉൾക്കാഴ്ച്ചകളെ
ചികഞ്ഞെടുത്ത് തുന്നിക്കെട്ടി അരക്ഷിതമായ
സമൂഹത്തിന്റെ കറുത്ത കണ്ണുകൾക്കുമപ്പുറം,
പ്രതീക്ഷയുടെ പുതു വെളിച്ചം പ്രകാശിക്കുന്നു..."

Scanned by CamScanner




Scanned by CamScanner

# നാളെയുടെ
# അവൾ

- ആതിര കെ -

വിചാരണ ചെയ്യാനായി നീ ഭർത്താവുമായും കാമുകനുമായും നിരത്തിലിറങ്ങേണ്ടത് ഇപ്പോഴാണ്. 'ജിഷ'യെയടക്കം പാവപ്പെട്ട പെൺകുട്ടികളെ മൃഗീയമായി കൊന്നവരെ നിയമത്തിന്റെ പഴുതുകളിൽ കൂടി രക്ഷപ്പെടാൻ അനുവദിക്കാതെ, വിചാരണ ചെയ്യുവാനായി ഭർത്താവിനോടും കാമുകനോടും ഒപ്പം നീ നിരത്തിലിറങ്ങേണ്ടത് ഇപ്പോഴാണ്.

കഠിനമായ നിയമനിർവഹണം എങ്ങനെയാണ് പുരുഷനെ അവന്റെ വികാരങ്ങൾക്കുള്ള കടിഞ്ഞാണിടാനും സംയമനം പാലിക്കാനും പഠിപ്പിക്കുന്നതെന്ന് ഒന്നു കാണേണ്ടതുതന്നെയാണ്. ഇതുപോലത്തെ നിയമങ്ങൾ സ്ത്രീക്കും ബാധകമാണ്.

മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്ന സംഭവങ്ങളാണ് ലോകത്ത് ഇന്ന് നടക്കുന്നത്. സ്ത്രീകൾ ഏറ്റവും കൂടുതൽ അക്രമണത്തിനിരയാകുന്ന രാജ്യങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന വാർത്ത ഒട്ടും ഞെട്ടലില്ലാതെയാണ് നാമോരോരുത്തരും സ്വീകരിച്ചത്. കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഇന്നലെ സൗമ്യ, ഇന്ന് ജിഷ ...നാളെ... എല്ലാ മേഖലയിലും വിപ്ലവകരമായ കുതിപ്പു തുടങ്ങുമ്പോൾ

Scanned by CamScanner

ഇത്തരം 'ഒന്നാം സ്ഥാനങ്ങൾ' നമ്മെ ചില പാഠങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഇന്ത്യയിലെ ഒരു ദിനം പുലരുന്നതുതന്നെ ഒരു സ്ത്രീക്കു നേരെയുള്ള അക്രമണത്തിന്റെ വാർത്തയോടുകൂടെയാണ്.

പ്രായപൂർത്തിയാകാത്ത പിഞ്ചു കുഞ്ഞുങ്ങൾ മുതൽ വൃദ്ധജനങ്ങൾ വരെ പീഡനത്തിനിരയാകുമ്പോൾ പ്രായമെന്നത് വെറുമൊരു അളവുകോലാകുന്നു. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ സ്ത്രീകൾ തെരുവിലെ ഓടകളിലെ ജീർണിച്ച ജഡങ്ങളാകുമ്പോൾ മതങ്ങൾ വെറുമൊരു പാഴ്വാക്കാകുന്നു. സാരി ഉടുത്തവളും പർദ്ദ ധരിച്ചവളും ജീൻസ് അണിഞ്ഞവളും ആക്രമിക്കപ്പെടുമ്പോൾ വസ്ത്രം വെറുമൊരു പ്രഹസനമാകുന്നു. സിനിമാ നടിയും രാഷ്ട്രീയക്കാരിയും പണക്കാരിയും പട്ടിണിക്കാരിയും തച്ചുടയ്ക്കപ്പെടുമ്പോൾ ജീവിത സ്റ്റാറ്റസ് കാറ്റിൽ പറക്കുന്നു. അമ്പലവും പള്ളിയും മദ്രസയും പീഡനകേന്ദ്രങ്ങളാകുമ്പോൾ ദൈവം നോക്കുകുത്തിയാകുന്നു.


പ്രതികരണശേഷിയുള്ള യുവതലമുറ ഇന്ന് തിളങ്ങുന്ന സ്ക്രീനിനു മുമ്പിലാണ്. ലൈക്കുകളും ഷെയറുകളും അവരെ നിശ്ചലരായ വിപ്ലവകാരികളാക്കുന്നു. നിശബ്ദമായ വാട്സ്ആപ്പ് സ്റ്റാറ്റസുകൾ അവരെ മൂകരായ പോരാളികളാക്കുന്നു. സ്ത്രീപീഡന വിഷയങ്ങൾ ചാനൽ ചർച്ചകൾക്കെന്നും ചൂടുള്ള വിഷയമാണ്. ജാതിയും മതവും രാഷ്ട്രീയവും പ്രണയവും ജീവിതവും ഇത്തരം ചർച്ചകളിൽ അവളുടെ സ്വഭാവശുദ്ധിയുടെ അളവുകോൽ ആവുന്നു. അക്രമണത്തെ അതിജീവിച്ചവൾ ചാനൽ

Scanned by CamScanner

ക്യാമറ കണ്ണുകൾക്കു മുമ്പിൽ നിസ്സഹായരാകുന്നു. ശവക്കല്ലറയിലുള്ളവളാകട്ടെ അവഗണനകൊണ്ട് ശ്വാസംമുട്ടുന്നു. പെണ്ണിന്റെ ഉടലും ഉയിരും കളിപ്പാട്ടമാകുന്ന ഇന്നത്തെ കച്ചവട കുംഭകോണ സമൂഹത്തിൽ നിയമവും നിയമപാലകരും വേഷപ്രച്ഛന്നരാകുന്നു.

സ്ത്രീ സമത്വത്തിനുവേണ്ടി മുറവിളി കൂട്ടുന്ന ഇന്ത്യയിൽ സ്ത്രീസമത്വത്തിനുപരി സുരക്ഷിതവും ബഹുമാനാർഹവുമായ ഒരു സ്ഥാനമാണ് നമുക്ക് വേണ്ടത്. പഴുതുകളില്ലാത്ത നിയമത്തിന്റെ പിൻബലമാണ് നമുക്കാവശ്യം. മനുഷ്യജീവന് യാതൊരു വിലയുമില്ലാത്ത ഒരു രാജ്യമായ് ഇന്ത്യ അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനായി ഉണരേണ്ടത് ഞാനാണ്... നിയമവ്യവസ്ഥയാണ്. ഇന്ന്... എന്തും സഹിച്ച്, പുരുഷന്റെ കൂർത്ത നോട്ടങ്ങളും, അർത്ഥം വച്ചുള്ള സംസാരവും സഹിച്ച് സർവം സഹയായി നിൽക്കണമെന്നുള്ള പുരുഷന്റെ ഈഗോയിസ്റ്റ് സ്വഭാവത്തെ (എല്ലാവരും ഈ ഗണത്തിൽ പെടുന്നവരല്ല... നല്ലവരായ ഒരുപാട് പുരുഷന്മാരുള്ള നാടാണ് നമ്മുടേത്) നിർമൂലനം ചെയ്യാൻ ശക്തമായ ഒരു നിയമവ്യവസ്ഥിതിക്കേ സാധ്യമാകൂ.

ഇന്നലെ അവളായിരുന്നു... ഇന്ന് ഇവളും! നാളെ...? നാളെയിനി മറ്റൊരുവൾ ഉണ്ടാകാതിരിക്കാൻ കാണുന്നവരുടെ കാഴ്ചകൾ മാറട്ടെ. ചിന്തിക്കുന്നവരുടെ ചിന്തകൾ മാറട്ടെ. സത്യത്തിന്റെ, നീതിയുടെ നിയമമുണ്ടാകട്ടെ. അവളെന്നും സ്വതന്ത്രയായി പാറിപ്പറക്കട്ടെ...




# ചക്രവ്യൂഹം

Scanned by CamScanner

# Can Indian Football Make it to World Cup.

– Rinju Lukose

When small countries like Iceland, Croatia and Serbia figure in the FIFA World Cup, the question I often hear from football fans is, when will India play in the World Cup? What prevents India from claiming a World Cup slot? It is not lack of talent because the fact is that there are pockets in the country begging for attention. It is not lack of enthusiasm because I have seen children, even near our campus, and almost all areas of kerala, mostly in Malappuram play the game on the most uneven fields and enjoy every moment of the competition.

India can play with the big boys of the game in the future. It is not an impossible dream but an achievable target. I firmly believe that if we move in the right direction and implement our plan properly, we can figure in the 2026 World Cup. FIFA is going to expand the World Cup from the current 32 teams to 48, and there will be an increase in the number of Asian countries from five to eight. At present, India is ranked $14^{th}$ in Asia and I find no reason why we cannot be in

the top eight within the next eight years.

Indian football has improved and the AIFF has chalked up plans to take it to the next level. We now have an excellent youth development programme and our under-16 team is a product of this system. It is doing extremely well and we have won a majority of the matches that the team has played. This augurs well. Now we also have an excellent scouting programme in the country. As a result, we are able to nurture and coach talented youngsters. The fact that football is popular in the country helps.

There have also been special interventions by the government. Thanks to the government, we are not short of funds. The government has also invested a lot in infrastructure development, which was given a fillip when we hosted the FIFA under-17 world Cup last year. It is good to see that football occupies a pride of place in the government's Khelo India programme. The AIFF's Centre of Excellence will become operational soon in West Bengal, and Chief Minister Mamata Banerjee has extended all help to ensure that the project is implemented according to our plans. We have also taken steps to educate our coaches and start new coaching courses as we need more qualified coaches for our grassroots development programme.

Scanned by CamScanner

We also want to ensure that our national teams at different levels share the same coaching philosophy. We will also bring in more foreign coaches to ensure that players get scientific and technical help. Moreover, coaching will be backed by technology. Our teams, both juniors and seniors, will get regular foreign exposure. The success of the Indian Super League has proved that we are moving in the right direction. If everything goes according to our plans in these eight years, I see no reason why we cannot play the 2026 World Cup.

Scanned by CamScanner

# ക്യാൻസറും കേരളവും.

- നന്ദുലാൽ എ എം -

ക്യാൻസറിനെ കുറിച്ചുള്ള ബോധവത്കരണങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണല്ലോ പ്രത്യേകിച്ചും കേരളം ഇപ്പോൾ. കോടാനുകോടികൾ മുടക്കി ആശുപത്രികൾ പണിയുന്നു, കൂട്ട ഓട്ടങ്ങൾ സംഘടിപ്പിക്കുന്നു.. മാരത്തോൺ ചർച്ചകൾ നടക്കുന്നു.. പോസ്റ്ററുകളും ചലച്ചിത്രങ്ങളും ഉണ്ടാകുന്നു പ്രമുഖർ സമൂഹത്തിനുമുന്നിൽ വലിയ വലിയ സംഭാവനകൾ നൽകുന്നു. അങ്ങനെ പോകുന്നു വിസ്മയകരമായ പലവിധ കാഴ്ചകൾ. എല്ലാം വളരെ നല്ലത് തന്നെ...

ലോകത്തിൽ എല്ലാകാലത്തും പല വിധത്തിലുള്ള മഹാമാരികൾ ഉത്ഭവിക്കാറും പ്രചരിക്കാറുമുണ്ട്. പലതും ശാസ്ത്രീയമായി തിരിച്ചറിയാൻ കഴിയാതിരുന്ന പുരാതന കാലത്ത് മനുഷ്യൻ അതിൽ പലതിനെയും വിശ്വാസത്തിന്റെ ഭാഗവുമാക്കി. അതിൽ എല്ലാ കാലത്തും തുടർച്ചയായി നിലനിൽക്കുന്ന പല മഹാ രോഗങ്ങളിൽ ഒന്നുതന്നെയാണ് ക്യാൻസർ. ഇപ്പോഴും ഫലപ്രദമായ അല്ലെങ്കിൽ പൂർണ്ണമായ ചികിത്സ സാധ്യമാകാത്ത ഒരു വലിയ വ്യാധി.

ഒരു വ്യക്തിക്ക് ക്യാൻസർ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ പലതാണ്. പാരമ്പര്യം, ലഹരിയുടെ ഉപയോഗം, തൊഴിൽ സാഹചര്യങ്ങൾ, അന്തരീക്ഷ

മലിനീകരണം തുടങ്ങി നമ്മൾ കഴിക്കുന്ന ഭക്ഷണം വരെ
പലതും. ഏതൊരു രോഗവും വന്നിട്ട് ചികിത്സിക്കുന്നതി-
നേക്കാൾ നല്ലതുതന്നെയാണ് അത് വരാതിരിക്കാനു
പരമാവധി ശ്രദ്ധിക്കുക എന്നത്. എന്നാൽ ക്യാൻസറിന്റെ
കാര്യത്തിൽ ചില മുൻകരുതലുകൾ എങ്കിലും നമ്മുടെ
കൈപ്പിടിയിൽ ഒതുങ്ങുന്നതല്ല തന്നെ. അന്തരീക്ഷ
മലിനീകരണം തുടങ്ങി പല വലിയ കാര്യങ്ങളിലും ഒരു
സാധാരണക്കാരന്റെ ഇടപെടലുകൾക്കും മുൻകരുതലുകൾക്കും
വലിയ പരിധികളും പരിമിതികളുമുണ്ട് താനും.

എന്നാൽ നമുക്ക് ചെയ്യാൻ സാധിക്കുന്ന ചില
ചെറിയ കാര്യങ്ങൾ കൊണ്ടുതന്നെ ഈ വലിയ വിപത്തിനെ
ഒരു പരിധിയോളം നേരിടാം എന്നതാണ് യാഥാർത്ഥ്യം.
ക്യാൻസർ വരാനുള്ള കാരണങ്ങളിൽ പരമപ്രധാനമായ
ഒന്നാണ് മായം കലർന്ന അല്ലെങ്കിൽ വിഷം കലർന്ന
ഭക്ഷണം. നമ്മൾ എന്ത് കഴിക്കണം എന്നതിനെക്കാൾ
എന്ത് കഴിക്കാതിരിക്കണം എന്ന് തീർച്ചയായും നമുക്ക്
തന്നെ തീരുമാനിക്കാം. എന്നിരിക്കെ അത് ചെയ്യുക മാത്രം
കൊണ്ട് ഒരു പരിധിവരെയെങ്കിലും തടയാൻ കഴിയുന്ന
ഒരു വലിയ വിപത്തിനെ എന്തിനിങ്ങനെ വലുതാക്കി
വളർത്തുന്നു?

നമ്മൾ ഇന്ന് കഴിക്കുന്ന ഭക്ഷണത്തിൽ ഭൂരി-
ഭാഗത്തിലും ഭീകരമായ തോതിൽ വിഷം കലർന്നിരിക്കുന്നു
എന്നതൊരു സത്യമാണ്. കറിപൊടികളിൽ, മുൻകൂട്ടി തയ്യാറാ-
ക്കി പാക്കറ്റുകളിൽ വരുന്ന ഭക്ഷണത്തിൽ, കുടിക്കുന്ന
പാലിൽ, വെളിച്ചെണ്ണയിൽ തുടങ്ങി അത്യാവശ്യമായി
ഉപയോഗിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽ അടക്കം
പലതിലും വിഷം ഉണ്ടെങ്കിലും അവയിൽ പലതും

Scanned by CamScanner

നടക്കുന്നതിൽ നമുക്ക് വീണ്ടും ചില പരിമിതികൾ ഉണ്ടായേക്കാം. എന്നാൽ നമ്മുടെ കൺമുന്നിൽ ഉണ്ടാക്കുന്ന ഭക്ഷണത്തിൽ നമുക്ക് മുന്നിൽ വച്ചുതന്നെ ചേർക്കുന്ന മായം അല്ലെങ്കിൽ വിഷം തടയാൻ കഴിയുന്നില്ല എന്നത് വിചിത്രം തന്നെ!

നമുക്കുമുന്നിൽ വറുത്തെടുക്കുന്ന ചിപ്സുകളിൽ, നമുക്കുമുന്നിൽ ഉണ്ടാക്കുന്ന ചായയിൽ നമുക്കുമുന്നിൽ ഉണ്ടാക്കിയെടുക്കുന്ന ദോശയിലും വടയിലും നമുക്കുമുന്നിൽ ഉണ്ടാക്കിയെടുക്കുന്ന ഫ്രൈകളിലും മാംസത്തിലും അങ്ങനെ നമ്മുടെ കൺമുന്നിൽ ഉണ്ടാക്കുന്ന ഭക്ഷണത്തിൽ തന്നെ എത്രമാത്രം വിഷമാണ് ചേർക്കപ്പെടുന്നത്.. താത്കാലിക ലാഭത്തിന് വേണ്ടി അറിഞ്ഞും അറിയാതെയും കച്ചവടക്കാർ ചെയ്യുന്ന ഈ ഭീകരമായ തെറ്റുകൾ മനഃപൂർവ്വം കണ്ടില്ലെന്ന് നടിച്ച് നമ്മൾ ആ ഭക്ഷണം രുചിയോടെ വാങ്ങി കഴിക്കുന്നു. ഇതൊക്കെ പോവശ്യത്തേതല്ലേ എന്ന തൊടുന്യായവും പറഞ്ഞ്, പുറം മാന്യതയുടെ മേലങ്കിയണിഞ്ഞ്, പാതയോരത്തെ തട്ടുകടകളിലും സ്റ്റാർ ഹോട്ടലിലെ മെഴുകുതിരി വെട്ടത്തിലും നടക്കുന്നത് ഇതുതന്നെയെന്ന് നാം അറിഞ്ഞിട്ടും അറിഞ്ഞില്ലെന്ന് ഭാവിക്കുന്നു...

അത്യാഹിതക്കാരന്റെ വഴിപോലും മുടക്കി യാത്രകൾ നടത്തുന്നവരും കയറാൻ പറ്റാത്ത ക്ഷേത്രങ്ങളിലും പള്ളികളിലും കയറി പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തുന്നവരും വ്യഭിചാരത്തിനും അഴിമതിക്കും പിന്നാലെ പായുന്നവരും തീവ്രവാദികൾക്ക് സിന്ദാബാദ് വിളിക്കുന്നവരും മത-ജാതി വിദ്വേഷം വളർത്തുന്നവരും ഓൺലൈൻ മാധ്യമങ്ങളിലിരുന്ന് ഘോരഘോരം മുറവിളി കൂട്ടുന്നവരും ഇതൊക്കെയും വെള്ളിവെളിച്ചത്തിലിരുന്ന്

Scanned by CamScanner

ആഘോഷമാക്കി മാറ്റുന്നവരും ഒക്കെ രോഗം വന്നതിന് ശേഷം ആയിരങ്ങൾ മുടക്കി ചികിത്സിക്കാൻ പോകുന്നതിനെ മുമ്പ് നിങ്ങൾക്ക് മുന്നിൽ നടക്കുന്ന ഈ കൊടും ക്രൂരതകൾ തടയാൻ ഒരു ചെറുവിരൽ അനക്കിയാൽ അത് നിങ്ങൾക്കോ നിങ്ങളുടെ പ്രിയപ്പെട്ടവർക്കോ ഏറെ ഉപകാരപ്രദമാകുമെന്ന് അറിയുക.

മരണം ആർക്കും എപ്പോഴും വരാം. രോഗം വന്നാലും ഇല്ലെങ്കിലും നമ്മൾ മരിക്കും. ശ്രദ്ധിച്ചാലും ഇല്ലെങ്കിലും വരാനുള്ളത് വരികയും ചെയ്യും. എന്നാലും നമ്മളോ നമ്മുടെ പ്രിയപ്പെട്ടവരോ നമുക്ക് തടയാൻ പറ്റാവുന്ന ഒരു കാരണം കൊണ്ട് നമ്മുടെ കണ്മുന്നിൽ ദുരിതം അനുഭവിക്കേണ്ടി വരുന്നത് തടയാതിരിക്കുന്നത് കുറ്റം ചെയ്യുന്നവരേക്കാൾ ഏറെ ക്രൂരമാണെന്നോർക്കുക.



Scanned by CamScanner

ആഘോഷമാക്കി മാറ്റുന്നവരും ഒക്കെ രോഗം വന്നതിന് ശേഷം ആയിരങ്ങൾ മുടക്കി ചികിത്സിക്കാൻ പോകുന്നതിനു മുമ്പ് നിങ്ങൾക്ക് മുന്നിൽ നടക്കുന്ന ഈ കൊടും ക്രൂരതകൾ തടയാൻ ഒരു ചെറുവിരൽ അനക്കിയാൽ അത് നിങ്ങൾക്കോ നിങ്ങളുടെ പ്രിയപ്പെട്ടവർക്കോ ഏറെ ഉപകാരപ്രദമാകുമെന്ന് അറിയുക.

മരണം ആർക്കും എപ്പോഴും വരാം. രോഗം വന്നാലും ഇല്ലെങ്കിലും നമ്മൾ മരിക്കും. ശ്രദ്ധിച്ചാലും ഇല്ലെങ്കിലും വരാനുള്ളത് വരികയും ചെയ്യും. എന്നാലും നമ്മളോ നമ്മുടെ പ്രിയപ്പെട്ടവരോ നമുക്ക് തടയാൻ പറ്റാവുന്ന ഒരു കാരണം കൊണ്ട് നമ്മുടെ കണ്മുന്നിൽ ദുരിതം അനുഭവിക്കേണ്ടി വരുന്നത് തടയാതിരിക്കുന്നത് കുറ്റം ചെയ്യുന്നവരെക്കാൾ ഏറെ കുറ്റകരമാണെന്നോർക്കുക.



# ആസ്ട്രൽ പ്രൊജക്ഷൻ

-അമൽ ദേവ് ജെ-

നമ്മുടെ ശരീരത്തിലെ അന്നമയം, പ്രാണമയം എന്നിവ കഴിഞ്ഞുള്ള കാമമയ കോശത്തെയാണ് Astral body എന്നുപറയുന്നത്. മഹാ ഭൂരിഭാഗം ആളുകളിലും ആഷ്ട്രൽ ബോഡി ശരീരവുമായി വളരെ കൂടുതലായി ഒട്ടിച്ചേർന്നിരിക്കുന്നതുകൊണ്ടാണത്രെ മഹാഭൂരിപക്ഷം മനുഷ്യരും കൂടുതൽ ശരീരബോധമുള്ളവരായി കാണുന്നത്. എന്നാൽ ധ്യാനിക്കുമ്പോൾ, ഉറങ്ങുമ്പോൾ ആഷ്ട്രൽ ബോഡി അല്പം അകന്നിരിക്കും. അപ്പോൾ കൂടുതലായി Spiritual Energy യെ ആഗിരണം ചെയ്യാൻ കഴിയുന്നതാണ്.

Silver Cord : ആഷ്ട്രൽ ബോഡി നമ്മുടെ ശരീരവുമായി silver cord എന്നൊരു പ്രകാശത്തിന്റെ നൂലിനാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. മരണ സമയത്തു



മാത്രമേ ഈ നൂൽ പൊട്ടുകയുള്ളൂ. അതായത് silver cord പൊട്ടുന്നതുവരെ യാതൊരു കാരണവശാലും നാം മരിക്കുകയില്ല. മരിച്ചുവെന്ന് വിധിയെഴുതിയ പലർക്കും ജീവിതത്തിലേക്ക് തിരിച്ചുവരാൻ കഴിയുന്നത് silver cord പൊട്ടിപ്പോകാതിരിക്കുന്നതുകൊണ്ടാണത്രേ. നാം ഉറങ്ങുമ്പോൾ പലരിലും, പ്രത്യേകിച്ച് പ്രസവിച്ച് ഉടനെയുള്ള കൊച്ചുകുട്ടികളിൽ പലപ്പോഴും ആസ്ട്രൽ ബോഡി silver cord ന്റെ സഹായത്താൽ ശരീരത്തിൽ നിന്നും വേർപെട്ട് അലഞ്ഞു നടക്കുന്നുണ്ട്. മിക്കവാറും സ്വപ്നം കാണുന്ന സമയത്താണ് ഇങ്ങനെ സംഭവിക്കുന്നതത്രേ. ഈ സമയങ്ങളിൽ ആസ്ട്രൽ ബോഡി ആസ്ട്രൽ വേൾഡുമായി ബന്ധം പുലർത്തുന്നുണ്ടായിരിക്കുമത്രേ.

നമുക്ക് വിവിധ ശരീരങ്ങളുള്ളതിനാൽ നമ്മൾ കാണുന്നതും കേൾക്കുന്നതും നമ്മുടെ ഭൗതിക ശരീരത്തിലെ കണ്ണ്, കാത് എന്നിവകൊണ്ട് മാത്രമല്ല. ഭൗതിക ശരീരം മാത്രം കൂടുതൽ സജീവമായിരിക്കുന്നതുകൊണ്ടും, മറ്റുശരീരങ്ങൾ സജീവമാകാത്തതുകൊണ്ടും, അതീന്ദ്രിയശക്തി ഉണരാത്തതുകൊണ്ടുമാണ് നമുക്ക് മറ്റു ലോകങ്ങളിലെ കാര്യങ്ങൾ കാണാനും, കേൾക്കാനും കഴിയാതിരിക്കുന്നത്. ആസ്ട്രൽ പ്രൊജക്ഷൻ നടത്തുമ്പോൾ നമ്മൾ ആസ്ട്രൽ കണ്ണുകളാലും, ചെവികളാലും കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്.

സ്വയം അറിഞ്ഞുകൊണ്ട് നമ്മുടെ ഇഷ്ടപ്രകാരം ആസ്ട്രൽ ബോഡിയെ ശരീരത്തിൽ നിന്നും



ഉയർത്തുന്നതിനെയാണ് Astral projection എന്ന് പറയുന്നത്. അതീന്ദ്രിയ സിദ്ധി ഉണർന്ന ഒരാൾക്ക് ഇങ്ങനെ ചെയ്യുമ്പോൾ ആസ്ട്രൽ ബോഡികൊണ്ട് കാഴ്ചകൾ കാണാൻ കഴിയും. ആസ്ട്രൽ ബോഡി കാണുന്ന കാര്യങ്ങൾ silver cord ലൂടെ മസ്തിഷ്കത്തിലേക്ക് അയക്കുന്നതിനാൽ Spiritual modem ആയ Pineal gland ഉണർന്നിരിക്കുന്നതിനാൽ ബോധപൂർവ്വം കാണാനും മനസ്സിലാക്കാനും കഴിയുകയും ചെയ്യും.

Astral travel: ആസ്ട്രൽ ബോഡി ഉയർത്തി ഇഷ്ടമുള്ള സ്ഥലങ്ങളിലേക്ക് സഞ്ചരിക്കുന്നതിനെയാണ് Astral travel എന്ന് പറയുന്നത്. ആസ്ട്രൽ ശരീരത്താൽ ഈ പ്രപഞ്ചത്തിലെ ഏതു കോണിലേക്കും അയാൾക്ക് സഞ്ചരിക്കാനും ബോധപൂർവ്വം കാണാനും മനസ്സിലാക്കാനും കഴിയുകയും ആഗ്രഹിച്ച ഉടനെ സ്വന്തം ശരീരത്തിലേക്ക് തിരിച്ചുവരാനും കഴിയുന്നതാണ്. നമ്മുടെ ആഗ്രഹത്തിനനുസരിച്ച് silver cord ആസ്ട്രൽ ശരീരത്തോടൊപ്പം നീണ്ടുപോകുന്നതിനാൽ എത്ര ദൂരം വേണമെങ്കിലും സഞ്ചരിയ്ക്കാൻ സാധ്യമാണത്രേ.

അതീന്ദ്രിയ ശക്തി ഉണർന്ന ഒരാൾക്ക് Astral world-നെ അയാളുടെ കഴിവിനനുസരിച്ച് ദർശിക്കാൻ കഴിയുന്നതും, ആസ്ട്രൽ ലോകത്തേയ്ക്കും സഞ്ചരിക്കാൻ കഴിയുന്നതുമാണ്. എന്നാൽ സ്വയം



സമചിത്തതയും ആത്മീയ ശക്തിയും ഇല്ലാത്ത ഒരാൾ ഇങ്ങനെ ചെയ്യുമ്പോൾ മതിഭ്രമമുണ്ടാകാനുള്ള സാധ്യത ഏറെയാണ്. കാരണം നമ്മുടെ കുശുമ്പ്, ദേഷ്യം, അസൂയ, അസഹിഷ്ണുത, അഹങ്കാരം, അസംതൃപ്തമായ സഫലീകരിയ്ക്കാത്ത ആഗ്രഹങ്ങൾ എന്നിവയുടെ ശേഖരമാണ് കാമമയ കോശം. നമ്മുടെ സഹനശക്തി കുറയുന്നതും, എളുപ്പത്തിൽ പ്രകോപിതനാകുന്നതും, അകാരണമായ ഭയപ്പാടിന് വിധേയമാകുന്നതും കാമമയത്തിന്റെ അസ്ഥിരതകൊണ്ടാണ്. അതുകൊണ്ട് സ്ഥിരമായ ജപവും യോഗസാധനകളും ഉള്ളവർ ഇത്തരം വിഷയങ്ങൾ പരിശീലിക്കുന്നതാണ് കൂടുതൽ ആരോഗ്യകരം.

ആസ്ട്രൽ പ്രൊജക്ഷൻ ഒരു റിലാക്സേഷൻ മെതേഡ് മാത്രമാണ്. ധ്യാനം പോലെയോ യോഗ പോലെയോ ഒന്ന്. ആസ്ട്രൽ പ്രൊജക്ഷൻ വഴി ഒരിക്കലും മനസ്സിനെ ശരീരത്തിൽ നിന്നും വേർപെടുത്താനൊന്നും സാധിക്കില്ല. ആസ്ട്രൽ ചെയ്യാൻ താല്പര്യം ഉണ്ടേൽ പരീക്ഷിക്കാവുന്ന ഏറ്റവും എളുപ്പമുള്ള ഒരു വഴി ആണ് റോപ് ക്ലൈമ്പിങ് ടെക്നിക്. ഏറ്റവും പ്രചാരമുള്ള വഴിയും ഇതുതന്നെ.





# പന്തല്ല
# പന്തുടിപ്പാണ്
# ഫുഡ്ബോൾ

- ആതിര കെ -

കണ്ണിനിറയെ കാഴ്ചകളും കരൾ നിറയെ സ്നേഹവും കാത് നിറയെ ആരവങ്ങളും മനസ്സുനിറയെ സന്തോഷവുമായി 21-ാം ലോകകപ്പിന് തിരശ്ശീല വീഴുമ്പോൾ പ്രപഞ്ചമാകെ പരന്നുകിടക്കുന്ന 'ഫുട്ബോൾ' എന്ന ദിവ്യശക്തി അനന്തമായ സാഫല്യം കൈവരിക്കുന്നു. ഗോൾവര കടന്ന് വലയിലെത്തുക എന്നതാണ് ഒരു പന്തിന്റെ സാഫല്യം. അവധാനതയോടെ നെഞ്ചിൽ സ്വീകരിച്ച്, വിദഗ്ധമായ് ഡ്രിബിൾ ചെയ്ത് കണിശമായ പാസുകൾ നൽകി കൃത്യതയോടെ തന്നെ വലയിലെത്തിക്കുന്നവരെ പന്ത് സ്നേഹിക്കുന്നു. പന്തിനെ സ്നേഹിക്കുന്നവനെ ലോകം ആദരിക്കുന്നു. അവന്റെ രാജ്യം അവനാൽ അറിയപ്പെടുന്നു. അവന്റെ വിസ്മയ പാദങ്ങളിൽ ലോകം ചുംബിക്കുന്നു.

മോസ്കോ ലുഷ്കിനി സ്റ്റേഡിയത്തിലെ പച്ചപ്പുൽ മൈതാനിയിൽ അവസാന വിസിൽ മുഴങ്ങി, ലോകഫുട്ബോളിലെ പുതിയ രാജാക്കന്മാർ കിരീടം ചൂടി. പരാജിതർ പുതിയ ചരിത്രം സൃഷ്ടിച്ചു. നീണ്ട ഒരു മാസക്കാലം 64 മത്സരങ്ങൾ റഷ്യൻ മണ്ണിനെ മാത്രമല്ല ലോകത്തെ മുഴുവൻ ഇളക്കി മറിച്ചു. അപ്രതീക്ഷിത അട്ടിമറികൾ, തിരുത്തിക്കുറിക്കുന്ന

Scanned by CamScanner

റെക്കോർഡുകൾ, അടിയുലഞ്ഞ് വമ്പൻ ടീമുകൾ, ഉയർത്തെഴുന്നേറ്റ കുഞ്ഞൻ ടീമുകൾ, തന്ത്രങ്ങളും ശൈലികളും കുട്ടിക്കിഴിച്ച് കളിപയറ്റിയവർ... പ്രയത്നവും ആത്മസമർപ്പണവും കഠിനാധ്വാനവും ഭാഗ്യവും നിർഭാഗ്യവും കളിയുടെ ഗതിമാറ്റിയപ്പോൾ ഉയർന്നത് പുതിയ താരങ്ങളാണ്.




ഫുട്ബോൾ ദൈവങ്ങളെ ആരാധിക്കാൻ ഫുട്ബോൾ ഭക്തർ പരസ്പരം മത്സരിച്ചു. കൂറ്റൻ ഫ്ലക്സുകളും കട്ട് ഔട്ടുകളും പ്രത്യേകിച്ച് കേരളത്തിന്റെ വീഥികൾ അലങ്കരിച്ചു. എന്നാൽ പലപ്പോഴും so called "Fanism" ഫുട്ബോളിന്റെ സൗന്ദര്യത്തിന് അൽപം മങ്ങലേൽപിച്ചിട്ടുണ്ടെന്ന് പറയാതെ വയ്യ. മത്സര ആസ്വാദനത്തിനപ്പുറം വാട്ട്സപ്പ് സ്റ്റാറ്റസുകളിലും ഫെയ്സ്ബുക്ക് പോസ്റ്ററുകളിലും ആവേശം കണ്ടെത്തുന്നു. ഇഷ്ട ടീമിന്റെ തോൽവിയിൽ ആത്മഹത്യ ചെയ്യുന്നു.

ഒന്നര മണിക്കൂറിൽ തീരുന്നൊരു പൂത്തിരിയാണ് ഫുട്ബോൾ. അതിനപ്പുറമുള്ള എക്സ്ട്രാ ടൈമും ഷൂട്ടൗട്ടും പൂത്തിരിക്ക് നാനാവിധത്തിലുള്ള വർണങ്ങൾ സമ്മാനിക്കുന്നു. ഒടുവിൽ റഷ്യയിൽ അവസാന വിസിൽ മുഴങ്ങുമ്പോൾ തുടങ്ങുന്നത് മറ്റൊരു ലോകകപ്പിനുള്ള കാത്തിരിപ്പാണ്. രാജ്യങ്ങളും അതിർത്തിയും മറന്ന് ഫുട്ബോൾ എന്ന ഗോളം ലോകത്ത് സമാധാനത്തിന്റെ വിത്ത് വിതക്കുന്നു. ഗോൾ... ഗോൾ... ഗോൾ... താളത്തിൽ മുഴങ്ങുന്ന ഈ വാക്ക് പ്രപഞ്ചത്തിലെ സകലമാന ഗോളങ്ങളെയും കോരിത്തരിപ്പിക്കുന്നു...!

# French Revolution




Scanned by CamScanner




Scanned by CamScanner

"…മനസ്സ് എന്ന മരുഭൂമിയിലെ മരുപ്പച്ച തേടിയുള്ള പ്രയാണത്തിൽ കുത്തിക്കുറിച്ച ചില വരികൾ… പച്ചയായ ജീവിതത്തിൽ നിന്നും കീറിയെടുത്ത സർഗ്ഗാത്മകതയുടെ ചില ഏടുകൾ…"

Scanned by CamScanner

# മഴക്കാറായ്...

- അഞ്ജന എസ് ആർ -

എൻ മനം തുടിക്കുന്നു
പ്രിയ വർഷമേ നിയെത്തിടാൻ
ഓളമായ്, മനസ്സിൽ തലോടലായ്
മണ്ണിൽ സുഗന്ധം പുനർജ്ജനിയ്ക്കാൻ
വർണ്ണങ്ങൾ വാരിവിതറാൻ
നിനക്കുവേണ്ടി ഞാൻ കൊതിച്ചുപോകുന്നു.
പൊൻതിരി വിളക്കായ് മോഹങ്ങളും
മൺതരികളെല്ലാമുണർന്നിടുമ്പോൾ
അർത്ഥപൂർണ്ണമാം മടക്കയാത്ര
നിനക്കായ് പ്രകൃതി കാത്തുവയ്ക്കുന്നിതാ



ഗ.

Scanned by CamScanner

# വിരഹം

- നന്ദുലാൽ എ എം -



ബന്ധങ്ങൾ തീർത്തൊരു പ്രണയം
മുക്തിക്കായ് വാതിലിൽ നിൽക്കുമ്പോൾ
വിരഹത്തിൻ ഗാനമായ് വിതുമ്പുന്ന തെന്നലും
അറിയാതെ ചൊല്ലുന്നവൾക്കായ്...

ഓർമ്മതൻ പുസ്തക താളുമറിഞ്ഞപ്പോൾ
ആദ്യം ഞാൻ കണ്ടുനിൻ ആ പുഞ്ചിരി
അന്നു നീ അറിയാതെ എൻ മനം തന്നിൽ
ആ പ്രണയത്തിൻ വിത്തങ്ങു പാകിയല്ലോ...

ഏകനായ് മാത്രമാം നിന്നൊരെൻ ജീവിതം
ഒരു വസന്തകാലത്തിന്റെ നിർവൃതിയിലായ്...
വിദൂരമാം വീഥികൾ ഏറെ നടന്നു നാം
സ്വപ്നങ്ങൾ തീർത്തൊരു കുളിർമഴയിൽ
അനന്തമാം സൗരഭ്യം വിതറി നീ വിടർന്നപ്പോൾ
തൽക്ഷണം ഞെട്ടറ്റ പൂവായല്ലോ...

എന്തിനു വസന്തമേ ശിശിരമായ് മാറി നീ
എന്നിൽ തളിരിട്ടതെല്ലാം കൊഴിച്ചുകൊണ്ട്

Scanned by CamScanner

ജീവിതമാം യാത്ര തുടരുമീയെൻ നാളിൽ
ഇനിയൊരു വസന്തം വന്നിടുമോ???

കഴിഞ്ഞൊരെൻ മനസ്സാം വയലിനെ നോക്കി
വിതയ്ക്കാൻ വരുന്നൊരായിരം കിളികൾ...
വിരഹത്തിൻ വേദനയറിഞ്ഞൊരീ വയലിൽ
തളിരിടില്ലൊരു പൂവും ഇനിയുള്ള നാളിൽ...

ഏകനായ് പൊരുതുന്ന എന്നോടുതന്നെയാ
വസന്തകാലത്തെ വിസ്മരിച്ചീടുവാൻ
മുക്തിക്കായ് നിൽക്കുന്ന മനസ്സിന്റെ മുൻപിൽ നീ
ഓർമ്മതൻ താളുകൾ തുറക്കല്ലേ കാറ്റേ...

# വേനൽ മഴ



- റിമ്പു ലൂക്കോസ് -

ഇതാ ശ്മശാനഭൂമി
നെൽക്കതിർ വിണ്ടടിഞ്ഞ ശാപഭൂമി
അൽപരപ്പിലേക്കൂർന്നിറങ്ങും വിള്ളൽ തൻ
ഭ്രൂണത്തിൽ ഒരു മൺതരി പോലും നനഞ്ഞില്ല.

ഉഷ്ണം വിളിച്ചോതുന്നുണങ്ങിയ കളകൾ
വിശപ്പേകും വയറിന്റെ മുറിവുണക്കാതെ
പ്രതീക്ഷകൾ മാത്രം ബാക്കിയാവുന്നു.

ഈ കൊടും വേനലിൽ പ്രതീക്ഷയോടെ
തപസ്സിരിക്കും ശ്വേത സന്യാസിയെപോൽ
മൂകമായ് സ്വപ്നങ്ങൾ നെയ്തുകൊണ്ട്
മനം നിറഞ്ഞ വിളവിനായ് കാത്തിരിക്കുന്നു.
വിണ്ടലം കീറി മണ്ണിൻ ദാഹമകറ്റാൻ
പെയ്ത മഴയിൽ ഉണരുന്ന പുതുനാമ്പുകൾ
സ്വപ്നങ്ങൾ കൺതുറക്കുന്ന മെല്ലെ
പുതിയ കതിരുകൾ വിടർന്നിടുന്നു
വീണ്ടും പുതുനാമ്പു വിരിയുന്നു
ജീവിതവേനലിൽ പെയ്ത ഈ മഴ കാണാൻ.

Scanned by CamScanner

# മാറ്റങ്ങൾ

-റിമ്പു ലൂക്കോസ്-



ദൂരെ നിന്ന് വളരെ പ്രയാസപ്പെട്ടു ബസ്സ് സ്റ്റോപ്പിലേക്ക് നടന്നുവരുന്ന അയാളെ അവൻ നോക്കിനിന്നു. അയാളുടെ ജീവിതത്തിലെ മാറ്റങ്ങളെയാണ് അവൻ ശ്രദ്ധിച്ചത്. ഇപ്പോൾ എത്ര അലസമായിട്ടാണ് അയാൾ ഡ്രസ്സ് അണിഞ്ഞിരിക്കുന്നത്. ഒരു കാലത്ത് യൗവനത്തിന്റെ പ്രതാപത്തിൽ നെഞ്ച് വിരിച്ചു നടന്നിരുന്ന മനുഷ്യൻ ഇപ്പോൾ വാർദ്ധക്യത്തിന്റെ പിടിയിൽ അമർന്ന് ആരോഗ്യം നഷ്ടപ്പെട്ട് നടക്കാൻ പാട് പെടുന്നു.

ഓരോ രണ്ടു വർഷത്തെയും ലീവിനു നാട്ടിൽ വരുമ്പോൾ ഈ മനുഷ്യനെ അവൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. മാറ്റങ്ങൾ എത്രപെട്ടെന്നാണ് സംഭവിക്കുന്നത് മനുഷ്യജീവിതത്തിൽ. വർഷങ്ങൾ കടന്ന് പോകുന്നത് നാം അറിയുന്നില്ല.

അവന്റെ ആലോചനകൾക്കിടയിൽ അയാൾ അരികിൽ എത്തിയത് അവൻ അറിഞ്ഞില്ല. ചെറിയ ഒരു ചുമയോട് കൂടി ആ പ്രായമായ മനുഷ്യൻ അവനോട് ചോദിച്ചു "മോനേ... നീ എന്നാ വന്നത്?" "ഒരു ആഴ്ചയായി വന്നിട്ട് അമ്മാവാ...!" അവൻ മറുപടി നല്കി. അയാൾ അവനെ ഒന്ന് നോക്കിയിട്ട്

Scanned by CamScanner



ചോദിച്ചു : മോനേ... എന്ത് പറ്റി നിനക്ക്? വളരെ മോശമായല്ലോ?

അപ്പോൾ ആണ് അവൻ സ്വയം ചിന്തിച്ചത് പ്രവാസ ജീവിതം തന്റെ ജീവിതത്തിലും ഏറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന്!

അവനെ എത്തിച്ചേരാനുള്ള സ്ഥലത്തേക്ക് പോകേണ്ട ബസ്സ് സ്റ്റോപ്പിൽ കുതിച്ചെത്തി. കുറച്ചു യാത്രക്കാരുടെ കൂട്ടത്തിൽ അവനും ആ ബസ്സിൽ കയറാൻ നേരം പുറകിൽ നിന്ന് ആരോ പറഞ്ഞു. "മറ്റുള്ളവരുടെ മാറ്റങ്ങൾ ശ്രദ്ധിക്കുന്ന നാം നമ്മുടെ മാറ്റങ്ങൾ അറിയാതെ പോകുന്നു. ഇടക്ക് നമ്മൾ നമ്മുടെ മാറ്റങ്ങൾ തിരിച്ചറിയാൻ ശ്രമിക്കണം!"

യാത്രക്കാർ കയറുമ്പോഴേക്കും ബസ്സ് നീങ്ങി തുടങ്ങി. ബസ്സിന്റെ പുറകിലെ സീറ്റിൽ ഇരിപ്പുറപ്പിച്ച അവൻ ആരാണ് അത് പറഞ്ഞത് എന്നറിയാൻ ഒപ്പം കയറിയ യാത്രക്കാരെ ശ്രദ്ധിച്ചു തുടങ്ങി. പക്ഷേ അവർ ആരും തന്നെ അവനെ ശ്രദ്ധിച്ചില്ല.

മാറിയ പുറംകാഴ്ചകൾ അവന്റെ മനസ്സിൽ ഓർമ്മകളുടെ നിറഭേദങ്ങൾ നിറച്ചു തുടങ്ങി. അവ്യക്തമായ മനസ്സിന്റെ വർത്തമാനങ്ങൾ കേട്ട് വീണ്ടും കണ്ണുകളെ അവൻ മറ്റു യാത്രക്കാരുടെ ഇടയിലേക്ക് ഇറക്കി വിട്ടു. അപ്പോഴും ബസ്സ് നിറുത്താതെ പായുകയാണ്...!!!

Scanned by CamScanner

# ഭൂമി

-അമൽദേവ് എം-



മന്ദസ്മിതം തൂകുന്ന ഇളംകാറ്റേ
നിനക്കിതെന്തുപറ്റി
പാദാരവിന്ദങ്ങൾ ഏറ്റുവാങ്ങുന്ന മണ്ണേ
എവിടെ നിൻ ശോഭ കാന്തി?
കളകളാരവത്തോടെ ഒഴുകുന്ന പുഴയേ
എങ്ങനെ വന്നു നിൻ മേനിയിലിന്നീ വിഷം
അബലയാം ഭൂമി മറുപടിയോതി
'ഭൂമിയിൽ മനുഷ്യരുടെ ചെയ്തികൾ
വരുത്തിയ വിനയാണിതെല്ലാം'
എവിടെയാണു നാമൊന്നു കാൽവയ്ക്കുക
എങ്ങനെയാണു നാം ഇവിടിനി അന്തിയുറങ്ങുക
കാലങ്ങൾ കടന്നുപോകുമ്പോൾ ഒരിക്കൽ
മനുഷ്യരില്ലാത്ത കാലം വരും
അന്ന് ഭൂമി സന്തുഷ്ടയാവും, സമ്പന്നയാവും
മർത്യരാലല്ല, ജൈവസമ്പത്താൽ

Scanned by CamScanner

# വരൾച്ച

-അമൃത കെ-



വരൾച്ച എന്ന് നിന്റെ കൂടെയുള്ളവർ എന്നെ വിളിച്ചു. എനിക്കും ഇഷ്ടമായി ആ പേര്. ആളുകൾ എന്നെ വെറുക്കാൻ തുടങ്ങി. എന്താണ് അതിനു പിന്നിൽ... എനിക്കറിയില്ല, എന്തിനാണ് ആൾക്കാർ എന്നെ ഭയപ്പെടുന്നത്. ഞാൻ നിന്നെ തേടി വന്നതല്ല. നീ എന്നെ ക്ഷണിച്ചു. ഇന്ന് നീയും എന്നെ തള്ളി പറയുന്നു. അതെനിക്കറിയാം.

ഈ തള്ളിപ്പറയലുകൾ എന്നെ തളർത്തുകയല്ല, വളർത്തുകയാണ്. ഇനി എനിക്ക് വളർന്നേ പറ്റൂ. ഞാൻ വളരും നീ എന്നെ അംഗീകരിക്കുന്നതുവരെ.

# ഉറങ്ങാതിരിക്കുക



- ആര്യ കെ ടി -

ഉണ്ണീ നീ ഉറങ്ങാതിരിക്കുക
ഉറങ്ങിയാല് സ്വപ്നം കാണാതിരിക്കുക
കണ്ട സ്വപ്നങ്ങളെ ഓർക്കാതിരിക്കുക
ഓർമ്മകളെ തിരയാതിരിക്കുക
തിരഞ്ഞതൊന്നും കാണാതിരിക്കുക
കണ്ടതൊന്നും അറിയാതിരിക്കുക.
അറിഞ്ഞതൊന്നും നേടാതിരിക്കുക
നേടിയതൊന്നും പോകാതെ നോക്കുക.
പോയതോർത്തു കരയാതിരിക്കുക.
കരഞ്ഞു കരഞ്ഞു മരിക്കാതിരിക്കുക.
മരിച്ചാല് വീണ്ടും ജനിക്കാതിരിക്കുക.

Scanned by CamScanner

# Lonely World

-Amrutha K-



I was alone in this world
No one to hear me, no one to listen me
Why should I live here?
Please listen to my words, I am waiting for a call
Day laughed cruelly at me
Night made me feared much
Wind harshly blew towards me,
and everyone turned face from me.
Is this the world of love?
Is this the world of enjoy?
I can't find a drop of love or joy
Everywhere with full of darkness.
The lovely morning and evening
Everyone were playing and dancing
I want to do all these, but
my legs can't do it;
God, you are doing cruelty to little jack.

Scanned by CamScanner

# ഞാനും നീയും

-ആതിര കെ-



എനിക്കും നിനക്കും
പ്രണയമുണ്ടായിരുന്നു
നമുക്ക് ചുറ്റും
മതവും രാഷ്ട്രീയവും
എങ്കിലും,
എന്റെയും നിന്റെയും
ചുടുചോരക്ക്,
ഒരേ നിറം! അത്
ചുവപ്പായിരുന്നു.

Scanned by CamScanner



# സിഗരറ്റ്

- നന്ദുലാൽ എ എം -

എരിഞ്ഞുതീരുന്ന എന്നിൽ നിന്നും
വീണ്ടുമെരിയാനായ് നീ പിറന്നു
തെറ്റാണെന്നറിഞ്ഞിട്ടും വീണ്ടും എന്നെ നീ
ആഗ്രഹിക്കുമ്പോൾ നീ അറിയുന്നില്ലേ
നിന്റെ ആയുസ്സ് മരിക്കുകയാണെന്ന്
ഞാൻ ഒരുപിടി ചാരമാകുമ്പോൾ
നിനക്കാനന്ദമെങ്കിൽ
എനിക്ക് സഹതാപമാണ് നിന്നോട്
ഒരിക്കലും തിരിച്ചു കിട്ടാത്ത നിന്റെ ജീവനോട്.

Scanned by CamScanner

# കൂട്ടുകാരി

- ആതിര കെ -



ജാലകച്ചില്ലയിലൂടെയെന്നോ
ജീവന്റെ നീർത്തുള്ളി പോൽ,
ജ്വാലയായ് അകലെ മറഞ്ഞതാരോ
ജീവനാം പൂക്കൾ കൊഴിഞ്ഞതെന്നോ
തെന്നലായ് തലോടി നീ
തണലായ് തണുപ്പേകി നീ
തോരാതെ പെയ്ത പേമാരിയിൽ
നിറഞ്ഞണഞ്ഞൊരു തോണി പോലെ
മഴയായ് പെയ്തു നീ
മഞ്ഞായ് പൊഴിഞ്ഞു നീ
മനസ്സിന്റെ മയിൽപീലി താളിലായ്
മിഴിയിലെന്നും ചേർത്ത തുള്ളി പോലെ
കനവായ് നിറഞ്ഞു നീ
കനലായ് എരിഞ്ഞു നീ
കരളിന്റെ ഓർമ്മ പുസ്തകത്തിൽ
കൂടെയുണ്ടെന്നും നീയെൻ കൂട്ടുകാരി...

Scanned by CamScanner

# സ്നേഹിതൻ



- അഞ്ജലി എ വി -

ആരോ മീട്ടിയ തംബുരു ശ്രുതിയിൽ
നിൻ ഈണം ഞാനിന്നറിഞ്ഞു
അനശ്വരസ്നേഹത്തിനിമ്പമാം താളം
എൻ ഹൃദയ തുടിപ്പിൽ അലിഞ്ഞുചേർന്നു.
ചാരുതയാർന്ന നിൻ ശബ്ദം
മന്ദമാരുതനിൽ ഒഴുകി വന്നു.
പ്രണയത്തിന്റെ ലാവണ്യമദനങ്ങളിൽ
എൻ മനം വഴുതി പിടഞ്ഞുപോയി
അറിയില്ലെനിക്ക് നീ ആരാണെന്ന്
എങ്കിലും സ്നേഹിതാ
നിൻ താളത്തിനായ് ഞാൻ അലയുന്നു.
എങ്ങോട്ടോ മറഞ്ഞു മായുന്ന മേഘങ്ങളിലൂടെ
നിലാവെളിച്ചത്തിൽ മിന്നിമറയുന്ന നിന്റെ
കണ്ണുകളെ തലോടാനായ്...

Scanned by CamScanner

# പുഴ പറഞ്ഞ കഥ



- അമൽ ദേവ് രജ -

തലയ്ക്കു തീ പിടിയ്ക്കുന്ന ദിവസങ്ങളിലെല്ലാം ഒറ്റയ്ക്ക് ഞാനീ പുഴക്കരയിൽ വന്നിരിക്കും. കടത്തുകൂടി നിർത്തിയതോടെ പകലൊന്നും ഒരാളും ഈ വഴിയ്ക്ക് വരാറില്ല. രാത്രിയാകുമ്പോൾ മാത്രമാണീ തിരക്ക് ആളനക്കം. പുഴയെ വ്യഭിചരിക്കാൻ വരുന്നവരുടെ ആർപ്പും വിളിയും. ഇവളുടെ മേനി തുരക്കുന്നവരുടെ ചിരിയും കൂത്തും... മണല് വാരി വാരി വെറുമൊരു വെള്ളക്കെട്ട് മാത്രമായ പുഴയ്ക്ക്, തടവിലാക്കപ്പെട്ട ഇരയുടെ ഭാവമാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട് എനിക്ക്...

ഈ പുഴയ്ക്ക് ഒരായിരം കഥകളുണ്ട് പറയാൻ. സ്വന്തം നിശ്വാസങ്ങൾ ഇവളുടെ മാറിൽ ചേർത്ത് വച്ചവരുടെ... ഇവളിൽ ഉയിര് കലർത്തിയവരുടെ... ആരുമറിയാത്ത കഥകൾ... പുഴയുടെ ആഴങ്ങളിലേക്കങ്ങനെ നോക്കിയിരുന്നാൽ മതി... പതുക്കെ, വളരെ പതുക്കെ ഓളങ്ങളിളക്കി അവരോരോരുത്തരായി പൊങ്ങി വരികയായി... ചിരിച്ചും, കരഞ്ഞും ചിലപ്പോഴൊക്കെ നിർവികാരരായും അവർ കഥകൾ പറയും. നിസ്സഹായതയുടെ, പ്രതികാരത്തിന്റെ മോഹങ്ങളുടെ, മോഹഭംഗങ്ങളുടെ, നഷ്ടങ്ങളുടെ കഥകൾ...

തോട്ടുംവക്കത്തെ രാധേച്ചി, എന്ന് കഥ പറയാൻ തുടങ്ങിയാലും കരയും. ഒഴുക്കിൽ പെട്ട ഉണ്ണിയെ

തേടിയിറങ്ങിയതാണത്രേ. ഉണ്ണിയെ കിട്ടിയതു-
മില്ല, കരയിലുണ്ണികിടച്ചവൻ ഒറ്റയ്ക്കാവേം"
ചെയ്തെന്ന് പറഞ്ഞു വലിയ വായിൽ കരയും.
വളരെ പണിപ്പെട്ടാണ് ആശ്വസിപ്പിച്ചയക്കുക.

കുന്നത്തെ മായമ്മ വന്നാൽ പിന്നെ
ചിരിയും പാട്ടും ബഹളവുമാണ്. പോകാൻ
നേരം പറയും "മടുത്തിട്ടാണ് മോനേ... ചാടിയതി-
ലന്നുള്ള സങ്കടം, ഇന്നുള്ളു". പിന്നെ മുറുക്കി
ചുവന്ന വായിലെ, കറുപ്പ് രാശി പടർന്ന തുടങ്ങിയ
പല്ലുകൾ കാട്ടി വെളുക്കെ ചിരിക്കും. പോകാൻ
നേരം എനിയ്ക്കൊരു വെള്ളാരം കല്ല് നീട്ടും.

വഞ്ചി മറിഞ്ഞ് മരിച്ച സൗമ്യയും, കുറുപ്പും,
വത്സമ്മേം, ലോഹിം, സുലൈമാനും ഒക്കെ വരും.
വീട്ടുകാരെ കുറിച്ച് അന്വേഷിക്കും. സഹായ ധനത്തിന്
വേണ്ടിയുള്ള വീട്ടുകാരുടെ വർഷങ്ങളായുള്ള കാത്തിരുപ്പിനെ
കുറിച്ചാരായും. അവരുടെ അവസ്ഥകൾ കേട്ട് ആശ്വസിച്ചും
പരിതപിച്ചും മുങ്ങി മറയും.

മകളെ ഡോക്ടറാക്കാൻ കടമെടുത്ത് മുടിഞ്ഞൊടുവിൽ
പുഴയിലഭയം തേടിയ ഗോപിയെഴുത്തച്ഛൻ... മകൾ നേഴ്സാ-
യ വാർത്ത കേട്ടു അങ്ങോരാർത്തലച്ചതോർക്കുമ്പോൾ
ഇന്നും ഉള്ളിലൊരു നീറ്റലാണ്.

പിന്നെയുമുണ്ട് ഒരുപാട് പേർ. ആരൊക്കെയോ
ചേർന്ന് പറ്റിച്ച കാർത്തു... പ്രണയത്തിന് മതമില്ലെന്നു-
ദ്ഘോഷിച്ചു മുറുകെ പുണർന്ന പുഴയിലേക്കമർന്ന
കൗസല്യയും സാമും... അങ്ങനെ എത്രയോ പേരെ
ഞാനിവിടെ വച്ചു കണ്ടിരിക്കുന്നു. ഓരോരുത്തരും വിങ്ങിയും,
വിതുമ്പിയും, ചിരിച്ചും, കലഹിച്ചും പായാരം പറഞ്ഞി-
പ്പുഴക്കരയിലെവിടെയോ...



ഇന്ന്, ഇത്ര നേരമിരുന്നിട്ടും... എന്താണാവോ ആരും വരാത്തത്? തീർന്നു കാണുമോ ഈ പുഴയുടെ കഥകൾ? ഇരുട്ട് പരന്നു തുടങ്ങിയിരിയ്ക്കുന്നു.. അച്ഛൻ വന്ന് കാണുമോ? മുണ്ടിൽ പറ്റിയ പൊടി തട്ടിക്കളഞ്ഞ് പടിക്കെട്ട് കയറവേ, പിന്നിൽ നിന്ന് ചിരപരിചിതമായ ഒരു വിളി... പണ്ടെന്നോ കേട്ടുമറന്ന ആ വിളി... "ഉണ്ണീ..." ഉള്ളിലൊരാന്തലോടെ ഞാൻ തിരിഞ്ഞു നോക്കി. അമ്മ!! ഈറനുടുത്ത് വെള്ളമിറ്റുന്ന മുടിയിഴകളുമായി പുഴയ്ക്കു നടുവിൽ അമ്മ!!... ശ്വാസം നിലച്ചുവോ ഒരു നിമിഷം?



"പക്ഷേ..., പക്ഷേ..., അച്ഛനെന്നോട് പറഞ്ഞത്..." കിതപ്പെന്റെ വാക്കുകൾ വിഴുങ്ങി. അടിനാഭിയിൽ നിന്നാളിയൊരാന്തൽ ഇടനെഞ്ചു തകർത്ത് ചങ്കിൽ കിടന്ന് പിടച്ചു. ഞാൻ സൂക്ഷിച്ചു നോക്കി. അതെ... അമ്മ തന്നെ! അമ്മ ചിരിയ്ക്കുകയാണ്. അകത്തളത്തിലെ ഫോട്ടോയിൽ ഞാൻ കാണാറുള്ള അതേ ചിരി!

# The fallen star from the sky

- P Akhila Shiney -



When she touched the earth from
An unknown star of God,
She donot know that she was born to see
the world when she can come from outside.

She grown up with sparkling eyes,
with uncountable smiles,
If she think she can,
If she can, she will reach, but she can't give up.

Suddenly there is a darkness in font her,
some situations and forces change the life,
she fall down more deep to the sea,
But fear will not change her.
Yes, she fight for the darkness and she reach the level.

Scanned by CamScanner



This is a girl, who can fight for the darkness
with bare hands not only she smile
she will spread the smile to others.
She will be a mother, sister and a friend
Be care for a girl, she also have right to
see the world, she is more than anything.

Scanned by CamScanner

# തേപ്പുപെട്ടിയുടെ പ്രണയകഥ

– റിബു ലൂക്കോസ്



കഥ . . .
ഒരു പ്രണയകഥ . . .
ഊതി ഊതി
തിരി പുകഞ്ഞ്
കനലായ് എരിഞ്ഞ്
ഒടുവിലൊരിത്തിരി
ചാരമായ് തീർന്ന
കഥ . . .
ഒരു പ്രണയകഥ . . .

Scanned by CamScanner

# ഒരു വിമാനയാത്ര



-അഞ്ജന എസ് ആർ-

പക്ഷികളെപ്പോലെ ചിറകടിച്ചു ഉയരങ്ങളിൽ പറക്കുവാൻ ആഗ്രഹിക്കാത്ത മനുഷ്യർ ഈ ഭൂമിയിൽ വിരളമല്ലേ? ആവോളം പറക്കണം, മരച്ചില്ലകളിൽ പാർക്കണം,. അപ്പൂപ്പൻ താടി പോലെ മരച്ചില്ലകളെ തഴുകി കടന്നുപോകണം. അങ്ങനെ എത്രയെത്ര മോഹങ്ങൾ... ഇവയൊക്കെ സാധിക്കുന്ന പക്ഷികൾ എത്ര ഭാഗ്യവാന്മാരാണ്? ചിറകുകളില്ലാത്ത മനുഷ്യനും പറക്കാം. പക്ഷേ കണ്ണാടിക്കൂടിനു പുറത്ത് ഒന്നും ആഗ്രഹിക്കാൻ പാടില്ല എന്നേയുള്ളൂ.

അങ്ങനെയിരിക്കെയാണ് ഒരുനാൾ പറക്കുവാനുള്ള അവസരം അപ്രതീക്ഷിതമായി കൈവന്നത്. അവസരം എന്നല്ല ഭാഗ്യം എന്ന് തന്നെ പറയാം. എപ്പോൾ? എങ്ങനെ? എന്നൊന്നും പറയുന്നില്ല. വീട്ടുകാരോട് ഒരു യാത്രപോലും ചോദിക്കാൻ നിൽക്കാതെ ഇറങ്ങി. ആകാശത്ത് ഒന്ന് പറക്കണം എന്ന ഒരൊറ്റ മോഹം മാത്രമേ മനസിലുള്ളൂ. അത്കൊണ്ടുതന്നെ ഒരു യാത്രയ്ക്കാവശ്യമായ സാധനങ്ങൾ ഒന്നും കരുതിയിരുന്നില്ല. അങ്ങനെ നിന്ന വേഷത്തിൽ തന്നെ ഒരു [illegible] വിമാന യാത്ര. അധികം വൈകിയില്ല മുന്നിൽ വന്ന വിമാനത്തിൽ കയറി.



വിമാനം പറന്നുയരുകയാണ്. ഒപ്പം മനസിലെ സ്വപ്നങ്ങളും. ഏറ്റവും വലിയ ആഗ്രഹം സഫലമായി എന്ന് കണ്ട മനസ്സ് സന്തോഷം കൊണ്ടു തുള്ളിച്ചാടി. പരിചിതമായ മുഖങ്ങൾക്കു-വേണ്ടി ഒന്ന് കണ്ണോടിച്ചു. ഇല്ല... ആരുമില്ല... എല്ലാം അപരിചിതർ. പെട്ടന്ന് പരിചി-തമായ ഒരു മുഖത്തിൽ കണ്ണുടക്കി. അതെ, അതെന്റെ സുഹൃത്തിന്റെ അച്ഛനാണ.. സുകുമാരൻ നായർ. ഞാനും സുജിത്തും സ്കൂളിൽ ഒന്നിച്ചു പഠിച്ചതാണ്. ഇപ്പോഴും നല്ല ചങ്ങാ-തിമാരാണ്. മറ്റാരെയും പരിചയമുണ്ടായിരുന്നില്ല. വിമാനത്തിനുള്ളിൽ കൂടുതലും പ്രായം ചെന്നവരാണ്. ആരും പരസ്പരം സംസാരിക്കുകയോ സൗഹൃദം പങ്കു-വയ്ക്കുകയോ ചെയ്തില്ല. മാത്രവുമല്ല ആരുടെ മുഖത്തും യാത്രയുടെ ഒരു സന്തോഷവും കണ്ടില്ല. അപ്പോഴേക്കും വിമാനം ഒരുപാട് ഉയരത്തിൽ എത്തിയിരുന്നു. മറ്റൊന്നും ഓർക്കാതെ ആകുലപ്പെടാതെ ആകാംഷയോടെ ഞാൻ താഴെ ഭൂമിയിലേക്ക് നോക്കി. അതിസുന്ദരമായ കാഴ്ച... കാടും വയലുകളും ഹോ! അത്ഭുതം തന്നെ. ആ നിമിഷങ്ങൾ ആസ്വദിക്കവേ പെട്ടന്ന് വിമാനം എവിടെയോ നിന്നു. എനിക്ക് ഇറങ്ങേണ്ട സ്ഥലം ഇതാണെന്ന് ഒരപരിചിതൻ വന്ന് പറഞ്ഞു. വാതിൽ താനേ തുറന്നു. ഏതാണ് ഈ സ്ഥലം? എങ്ങനെ ഇനി വീട്ടിൽ തിരിച്ചെത്താം? അങ്ങനെ പല ചോദ്യങ്ങളും മനസിൽ മുള പൊട്ടി. ഭയവും ആകുലതയും എന്നെ വേട്ടയാടി.

Scanned by CamScanner



പുറത്തേക്കിറങ്ങവേ ഒരു നിമിഷം വിമാനം നിയന്ത്രിക്കുന്ന പൈലറ്റിനെ ഒന്ന് നോക്കി. തലയിൽ തൊപ്പിക്കുപകരം കിരീട-മണിഞ്ഞിരുന്ന അയാൾ കയറ് കൊണ്ടാണ് വിമാനം നിയന്ത്രിച്ചിരുന്നത്. ഞാൻ താഴെ ഇറങ്ങിയതും ആ വിമാനം പറന്നുയർന്നു. അപ്പോഴാണ് അത് ശ്രദ്ധിച്ചത്, വിമാനത്തിന്റെ പകരം ഒരു പോത്തിനെയാണവിടെ കണ്ടത്. അധികം ചിന്തിക്കുന്നതിന് മുമ്പേ ശൂന്യാകാശത്തു-നിന്ന് ഞാൻ താഴേക്ക് പതിച്ചു. ഹൃദയം പിടഞ്ഞു. ശ്വാസം മുട്ടുന്നതുപോലെ തോന്നി. എന്റെ പ്രിയപ്പെട്ടവരുടെ ഓർമ്മകൾ മനസിലൂടെ മിന്നിമാഞ്ഞു. എന്റെ അമ്മ... അനിയൻ. ഒച്ച കേട്ടിട്ടാണെന്നു തോന്നുന്നു, ഓടിയെത്തിയ അമ്മ ചോദിച്ചു, എന്താ? എന്തുപറ്റി? അതൊരു സ്വപ്നമായിരുന്നു എന്ന് മനസിലാകുന്നതിനിടയിൽ അമ്മ പറഞ്ഞു, നിന്റെ ഒരു കൂട്ടുകാരൻ വിളിച്ചിരുന്നു, സുബിത്തിന്റെ അച്ഛൻ മരിച്ചുപോയി. നീ വേഗം അങ്ങോട്ടേക്ക് പോകണം.

Scanned by CamScanner

# മഴമേഘങ്ങൾ

-അമൃത കെ-



ആകാശം അപ്പോഴേക്കും തെളിഞ്ഞിരുന്നു. ജനൽപാളി പതുക്കെ തുറന്നപ്പോൾ തണുത്ത കാറ്റ് ശരീരത്തെ ഉലച്ചു. തുരുമ്പുപിടിച്ച ജനൽകമ്പികളിലെ മഴത്തുള്ളികൾ മുറിപ്പാടുള്ള അവളുടെ വിരലുകളെ ഓർമിപ്പിച്ചു.

മഴയെ അവൾക്ക് ഒരുപാട് ഇഷ്ടമായിരുന്നു. അന്നൊരിക്കൽ പെയ്തൊഴിഞ്ഞത് ഒരു ചാറ്റൽ മഴയായിരുന്നു. മന്ദാരച്ചില്ലകൾക്കിടയിലൂടെ അവളെ തേടിയെത്തിയ തണുത്ത മഴത്തുള്ളികൾ വളരെ മൃദുവായിരുന്നു. പിന്നീടൊരിക്കൽ ഒരു ത്രിസന്ധ്യനേരത്ത് പെയ്ത് തോർന്ന മഴ അവളുടെ മനസ്സിന്റെ നെൽപാടങ്ങളിൽ പുൽനാമ്പുകൾ വിരിയിച്ചു. ഒടുവിൽ ഇരുട്ടിന്റെ മറവിൽ ശക്തിയായ കാറ്റിനോടൊപ്പം പെയ്തിറങ്ങിയ പേമാരി... അകലെ ചക്രവാളത്തിൽ തിളങ്ങിയ മിന്നലുകളും ഇടിമുഴക്കങ്ങളും അവളുടെ കാതുകളെ കൊട്ടിയടപ്പിച്ചു.

അപ്പോഴും അവളുടെ ഉള്ളിൽ മഴമേഘങ്ങൾ ഉരുണ്ടുകൂടിയിരുന്നു. പുതിയൊരു നാളെയിൽ പെയ്തൊഴിയാനായി.

Scanned by CamScanner

# നന്ദി...

-ആര്യ കെ ടി-



അകമഴിഞ്ഞിതാ ചൊല്ലിടുന്നു ഞാൻ
നന്ദിയാം വാക്കുകൾ നിന്റെ മുന്നിൽ
കൃഷ്ണപക്ഷത്തിലാണു ഞാനെന്നറിയുകിലും
ഇടയിലെന്നോ മറഞ്ഞുപോയ നാൾ
താമസമില്ലാതെന്നെ കൂരിരുട്ടിലേക്കയച്ചു നി
ശേഷിച്ചയെൻ വെട്ടം, തമസ്സിലാണ്ടുപോയ
ഒരായിരം താരങ്ങളെ പ്രകാശശോഭിതമാക്കു-
വാനറിയാതെയാകിലും നീയാൽ നയിക്കപ്പെട്ടുവല്ലോ.
നാളെയൊരു പക്ഷേ, ഈ ശോഭ
ഇതുപോൽ നിൽക്കാതെ പോയിടാമെങ്കിലും
നന്ദിചൊല്ലാതെ പോയിടുവാനീജന്മമെനിക്കാകയില്ല.
ഇന്നലെകളിൽ നിന്നും ഇന്നിലേക്കും
ഇന്നു നിന്നും നാളെയിലേക്കുമന്തരം
ബഹുദൂരമെന്നും പഠിപ്പിച്ചതും
നീ മാത്രമല്ലയോ...
പൊക്കിൾ കൊടി ബന്ധം ഛേദിച്ചമാത്രേ
നിലച്ചു, ബന്ധങ്ങളും പിന്നെ
ബന്ധനങ്ങൾ കേവലമർത്ഥശൂന്യമെന്നും
തിരുത്തിയതും നീ മാത്രമല്ലയോ.
ഈ വീഥിയിവിടെ മായാതെ നിന്നിടും
നാളെയെന്നതേറെ ദൂരെയാകിലും
നിനക്കായും പുൽക്കൊടികൾ
ഈ പാതയിൽ നിന്നു മകന്നു നിന്നിടും
എങ്കിലും നിന്നെയെനിക്കോർക്കാതെ വയ്യ...
ഒന്നുകൂടി ഞാനിതാ നന്ദിചൊല്ലിടുന്നു...

Scanned by CamScanner

# Infinity

*Beyond the limits...*

Scanned by CamScanner

"...അറിവിനോളം അനന്തമായി
വേറെ ഒന്നും തന്നെ ഈ ലോകത്തിലില്ല.
പകർന്നു കിട്ടിയ ഒരു ചെറുകനൽ കൊണ്ട്
തീജ്വാലകൾ സൃഷ്ടിക്കുന്ന ശാസ്ത്രത്തിന്റെ
അനന്ത വിഹായസ്സിലേക്ക്..."

Scanned by CamScanner

# Need of Farm Mechanisation to Improve the Productivity in Indian Agriculture

- Basavaraj Patil

"Farm Mechanization" refers to the development and use of machines that can take the place of human and animal power in agricultural processes. Combines, tractors, harvesters, and other machinery have enabled farmers to increase their production while relying less upon an extended labour force. It leads to the application of machineries, equipments and implements in the day to day farm activities to increase marginal output in food production and poverty eradication. Mechanization in agriculture reduces drudgery which hitherto makes it difficult for large scale food production and which has also been making it difficult for nations who have to meet their food requirements for the teeming population. It involves the design, manufacture, distribution, use and servicing of all types



Scanned by CamScanner

of agricultural tools, equipment and machines. It consists of three main power sources: human, animal and mechanical with special emphasis on mechanical (tractive power).

In other words, "Farm Mechanization" helps in increasing production, productivity and profitability in agriculture by achieving timeliness in farm operations, bringing precision in metering and placement of inputs, reducing available input losses, increasing utilization efficiency of costly inputs (seed, chemical, fertilizer, irrigation, water etc.), reducing unit cost of produce, enhancing profitability and competitiveness in the cost of operation. The efficiency of mechanization can be judged from the fact that modern plough is about 200 to 300% efficient than indigeneous plough, efficient machinery helps in increasing productivity by about 30% besides, enabling the farmers to raise a second crop or multi crop making the Indian agriculture attractive and a way of life by becoming commercial instead of subsistence. There is a need to double the food production by 2020. This will call for greater engineering inputs which will require development and introduction of high capacity, precision, reliable and energy efficient equipment. Earlier, it was considered that mechanization creates unemployment. The myth has been broken and it has been observed that,



Scanned by CamScanner

agricultural mechanization besides increasing production and productivity also generates income and employment opportunities.

The importance of Agro-service centres has been recognized and the Government of India has given emphasis to make it a success. The scheme aims at supporting 5000 ventures annually for individuals or on joint group basis. The present model scheme includes almost all the basic equipment necessary for crop production right from tillage upto bringing the produce to farmer's house/market place such as Tractor, Trailer and Implements, Power tiller/small tractor; Pump set with Accessories; Power Thresher, Winnower; Self-propelled reaper; sprayers; Tools for repairing of machines; Insurance; Workshop shed etc.


India's agricultural exports have grown almost eight times in the last decade, from around $5 billion in 2003 to over $39 billion in 2013, and the momentum is likely to continue this year. The government's total support for agriculture has grown from $68 billion in 2009-10 to $85 billion in 2013-14 and is likely to reach a record high in 2014-15. The use of tractors and tillers increasing five-fold in the last four decades is a testimony to this fact. According

Scanned by CamScanner

to the Department of Agriculture, the share of agriculture workers and draught animals has come down from 63.5 percent in 1971-72 to 13.67 percent in 2009-10, whereas the share of tractors, power tillers and motors has gone up from 36.51 percent to 86.33 percent during the same period. Farm Mechanization has to be given primacy to attain the projected demand of 280MT of food grains by 2020-21, farm power availability in the country has to be scaled upto atleast 2kW/ha by the end of Twelfth plan.

The Government has also implemented various farm mechanization programmes in the country through schemes such as Rashtriya krishi Vikas Yojna (RKVY), Mission for Integrated Development of Horticulture (MIDH), National Mission on Oilseeds and Oil Palm (NMOOP) & National Food Security Mission (NFSM).

Indian Council of Agricultural Research (ICAR), New Delhi is the apea body which primarily looks after the need of research and development activities, need based region specific technologies and specific-problem related issues. The engineering division of ICAR comprises 5 research institutes, 6 All India Coordinated Research Projects (AICRPs), 1 network project/outreach programme and a National Initiative on Climate



Scanned by CamScanner

Resilient Agricultural Project.

The concept of custom hiring has potential provided there is integration of all operations viz. provision of agri inputs like seeds, fertilizers and equipment, through partnerships with various partners in the ecosystem. With appropriate policy support for adoption, development and promotion of farm mechanization technologies through training, demonstration and use of Information Communication Technology (ICT), the true potential of custom hiring can be harnessed. Finally, "Farm Mechanization" will be a key factor to achieving our Total Factor Productivity (TFP) goals and feeding a growing planet. key growth drivers for Indian agricultural equipment industry include:

- 100% Foreign Direct Investment allowance in the Space.
- Increase in Investment for R&D.
- Funding through World Bank, Indian Public and Private Entities.
- Improved availability of credit to the farmers
- Shortage of skilled labour supply
- Government subsidies on farming equipment.

Some of the measures which Government has taken to support mechanization are Bharat Nirman & Flagship Programmes, Minimum Support




Scanned by CamScanner

Price (MSP), subsidy on agriculture machinery and Rural Infrastructure Development Fund (RIDF). Strategies and programmes have been directed towards replacement of traditional and inefficient implements by improved ones, enabling the farmers to own tractors, power tillers, harvesters and other machines, availability of custom hire services, support services of human resource development, testing, evaluation and research & development. A huge industrial base for manufacturing of the agricultural machines has also been developed. Currently in agriculture sector of India, the production costs are rapidly increasing while eroding the profit margin of farmers. Hence there is a need of farm mechanization to reduce costs, enhance productivity and efficiency.

# Cold Chain Management in India

- Ashitha G N -

India is one of the top three countries in production of perishables and produces more than 400 MT every year. India tops in milk production and second largest producer of fruits and vegetables, still India's share in global farm trade is very poor. India produces 81.3 MT fruit and 162.5 MT vegetables annually but it contributes only 1.4% share in global markets of fruits and vegetables. It is estimated that around 5.8%-18.1% fruits and 6.9%-13% vegetables were lost during harvesting, post-harvest activities, handling and storage. These losses can be considerably reduced by developing an efficient cold chain system for perishable commodities. Adequate and efficient cold chain infrastructure from farm gate to consumers is required to arrest the high losses in supply chain of perishables.



Scanned by CamScanner

In India cold chain industries are in an emerging state and expected to grow around 13% annually over the next 4 years and the organized market growing at a faster rate of 20%. There are approximately 5381 number of total cold chain storages in India with 92% of total storage capacity under Private partnership 36% these cold storages in India have capacity below 1000MT. Current capacity of storage is only less than 11% of what is produced. Presently almost 60% of total cold storage capacity is concentrated in UP and West Bengal. Among that 75% of the storage is based on single commodity such as potato and remaining for multi commodity storage. There is growing focus towards multi-purpose cold storages due to the huge difference is observed between the revenue generation of potato storage and multi-purpose cold storage. However, further capacity is required to be built in these states as well as other parts of the country.

A cold chain is a system which provides a series of facilities for maintaining ideal storage conditions for perishables from the point of origin to the point of consumption. It is where the directly after harvesting temperature of crop is reduced rapidly to stabilize it and then maintained under specified conditions until



Scanned by CamScanner

it reaches the consumer. Cold chain includes several major components such as modern pack houses, transportation methods, cold storage (bulk) and cold storage (hub).

Modern pack-houses: It is a modern infrastructure with facilities for conveyer belt system for sorting, grading, washing, drying, weighing, packaging, pre-cooling and staging.

Pre-cooling unit : A specialized cooling system designed to rapidly remove heat from freshly harvested produce.

Transportation

Refrigerated Transport: The refrigerated transport system, with an insulated carrier and equipped with active refrigeration, designed for temperature controlled carriage of perishable products.

Reefer Vehicles: Road transport vehicles with a fixed insulated body equipped with active refrigeration designed for environment controlled carriage of products.

Eutectic trucks: Eutectic trucks offer transport of goods requiring temperature maintenance between -15°C to -25°C. Eutectic trucks are a green and economical alternative to reefer trucks as it doesn't require fuel or energy to refrigerate.

Reefer container: A multi-modal insulated container with integrated refrigeration equipment. Unlike fixed body reefer trucks, reefer containers can be released from the truck trailer chassis and handled as an independent unit load.

Reefer containers are normally used for multi-modal activities.



Cold storage (Bulk): Environment controlled warehousing space with multiple chambers intended for the long duration bulk storage of perishable produce.
Cold storage (Hubs): Environment controlled warehousing space with multiple temperature zones for functioning as a distribution hub. It is designed for short term handling of products.
Holding life: Holding life of a product can be understood as the summation of the time spent by a product during preparatory cycle (pack-house, cold storage bulk), transport cycle (reefer vehicles), storage cycle and shelf cycle.
Long-term holding life: The products with "long term" holding life, the focus is towards holding inventory so as to make available fresh supply in lean months of production and/or non-production months.
Short-term storage: The products with short-term holding life, focuses on development of fast connectivity and for business across geographical confines. The shortage period for short-term is considered from 1 week to 4 weeks.

Government policies

Government has announced different subsidy schemes for cold chain development in India. Cold-chain is now understood as a logistics conduit, linking Producing points with consumption centers.



Scanned by CamScanner

The major components need to be developed for effective integration of the cold- chain sector.

- Ministry of Agriculture launched a "Mission for Integrated Development of Horticulture" in 2014, under which cold- chain development is the thrust area.
- Ministry of Food Processing Industries (MoFPI), GoI is operating a "Scheme on Cold chain, Value addition and Preservation infrastructure dedicated for cold- chain in addition to other programs that develop processing units.
- Ministry of Commerce is operating a scheme to enhance exports, which includes necessary export oriented cold- chain components.
- Centrally sponsored scheme of cold chain, Primary Processing Centre and Reefer trucks under National Mission on Food Processing (NMFP), Mega Food Park Scheme by Ministry of Food Processing Industries.

Scanned by CamScanner

# Wood Wide Web

- Adarsh. S. S -

Trees may look like solitary individuals, but the ground beneath our feet tells a different story. Trees are secretly talking, trading and waging war on one another. They do this using a network of fungi that grow around and inside their roots. The fungi provide the trees with nutrients and in return they receive sugars. But scientists have found this connection runs far deeper than first thought. By plugging into the fungal network, trees can share resources with each other. The system has been nicknamed Wood wide web. It's thought that older trees, fondly known as mother trees, use this fungal network to supply shaded seedlings with sugars giving them a better chance of survival. Those trees that are sick or dying may dump their resources into the network which might then be used by healthier neighbours. Plants also use fungi to send messages to one another. If they



Scanned by CamScanner

are attacked, they can release chemical signals through their roots which can warn their neighbours to raise their defences. But like our internet, the wood wide web has its dark side too. Some orchids hack the system to steal resources from nearby trees, and other species like the black walnut, spread toxic chemicals through the network to sabotage their rivals. Arboreal cybercrime aside, scientists are still debating why plants seem to behave in such an altruistic way. The hidden network creates a thriving community between individuals.

When you are neat in woodland, you may like to think of trees as part of a big superorganism chapping and swapping information and food under your feet.

Scanned by CamScanner


# Samhita

*United through colours...*


Scanned by CamScanner

"... ഒടുവിൽ നിറങ്ങളുടെ ഇഴുകിച്ചേരലാണ്!
ഓരോ നാളും ചായങ്ങളാൽ വർണ്ണാഭമാകുമ്പോൾ
അവ പ്രതീക്ഷയുടെ ഏഴു നിറങ്ങളാകുന്നു..."

Scanned by CamScanner




Scanned by CamScanner




Scanned by CamScanner




Scanned by CamScanner




Scanned by CamScanner




Scanned by CamScanner

# കല

കലാദേവത മനസ്സുകൊണ്ട് അനുഗ്രഹിച്ച ഒരു കലാക്ഷേത്രം തന്നെയാണ് നമ്മുടേത്... ചെറിയ കഴിവുകൾ പോലും പ്രകടിപ്പിക്കാനും വളർത്തിയെടുക്കാനും ഇവിടെ സാധിക്കുന്നു. പഠനത്തോടൊപ്പം കലാ-കായിക മേഖലകളിലും മികച്ച പിന്തുണ ലഭിച്ചാൽ അത് ഒരുപാട് ഗുണം ചെയ്യും...



Scanned by CamScanner

# പ്രണയം

പ്രണയത്തെപ്പറ്റി എഴുതിയതോളം മറ്റൊന്നിനെക്കുറിച്ചും സാഹിത്യലോകം എഴുതിയിട്ടുണ്ടാകില്ല. പ്രണയം മനോഹരമാണ്! പൂത്തുലഞ്ഞതും നഷ്ടപ്പെട്ടതുമായ ഒരുപാട് പ്രണയകഥകൾക്ക് ഇവിടം സാക്ഷ്യം വഹിച്ചതാണ്. പഞ്ചാരപ്പാറമുതൽ ലൈബ്രറി കോർണർ വരെ പല കാലഘട്ടങ്ങളിൽ പല സ്ഥലങ്ങൾ പ്രണയത്തിന്റെ സ്പോട്ടുകളായി മാറി...

എന്നാൽ, പ്രണയത്തിനതീതമായ സൗഹൃദവും ഇവിടെ നിലനിൽക്കുന്നു. അതിനെ സദാചാരത്തിന്റെ പേരിൽ ആക്രമിക്കുന്ന പ്രവണത വളർന്നു വരികയാണ്. കാലഹരണപ്പെട്ട ഈ ചിന്താഗതി മാറട്ടെ, ബന്ധങ്ങളിലെ നിഷ്കളങ്കത നിലനിൽക്കട്ടെ..!



Scanned by CamScanner

# വിപ്ലവം

ഉയരുന്ന മുഷ്ടികൾ അനീതിക്കെതിരെ ആവണം. വിദ്യാർത്ഥികളുടെ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി ആവണം. പരസ്പരം പോരടിച്ച് മരിക്കാനും കൂടത്തിലുള്ളവനെ അപായപ്പെടുത്താനും വേണ്ടിയുള്ള ആയുധമല്ല അത്.

മറ്റുള്ളവരുടെ കളിപ്പാവകൾ ആവാതെ, വിഢ്ഢിയാക്കപ്പെടാതെ സ്വന്തം പ്രത്യയ ശാസ്ത്രത്തിൽ വിശ്വസിച്ച് കോളേജിന്റെ ഉന്നമനത്തിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം...



Scanned by CamScanner

# സൗഹൃദം.

കലാലയങ്ങൾ സൗഹൃദത്തിന്റെ കൂടാരങ്ങളാണ്. കഴിഞ്ഞ 5 വർഷങ്ങളിൽ അധഃപതിച്ചത് ഈ സൗഹൃദത്തിലെ സത്യസന്ധത ആയിരിക്കും. ബാച്ച്സ്പിരിറ്റ്, സീനിയർ - ജൂനിയർ റിലേഷൻ എന്നിവ കെട്ടുകഥകൾ ആയി മാറി. രാഷ്ട്രീയ മാണ് നിലവിൽ സൗഹൃദങ്ങളുടെ അടിസ്ഥാനം. സോഷ്യൽ മീഡിയയിൽ കാണിക്കുന്ന നാടകങ്ങൾക്കപ്പുറം ബന്ധങ്ങൾ ശിഥിലം.

കപടതയുടെ ഈ കാലഘട്ടത്തിലും യഥാർത്ഥ സൗഹൃദത്തിന് മാതൃക ആയവർക്ക് ഒരുപാട് നന്ദി.



Scanned by CamScanner



# Thrust

*The force behind...*

Scanned by CamScanner

"…അവസാന വരിയും എഴുതി
തീർക്കുമ്പോൾ പിന്നിട്ട വഴികളിലെ
മുഖങ്ങൾ മാത്രമാണ് ഓർമ്മയിൽ. കാരണം
അവർക്കെല്ലാം ഒരേ നിറമായിരുന്നു…"

Scanned by CamScanner

# ആൽകെമിസ്റ്റുകൾ

സ്വർണ്ണത്തിന്റെ ദൗർലഭ്യവും കൊറോഷൻസിയും ഒക്കെ കൊണ്ട് തന്നെ പണ്ട്കാലം മുതൽക്കേ സ്വർണ്ണം ഖനനം ചെയ്തെടുക്കാതെ രാസപരീക്ഷണത്തിലൂടെ നിർമിക്കാനായി പലരും ശ്രമിച്ചിരുന്നു. ഇവരാണ് ആൽകെമിസ്റ്റുകൾ എന്നറിയപ്പെടുന്നത്. ആൽകെമി എന്നാൽ കൃത്രിമമായി സ്വർണ്ണം കണ്ടെത്താൻ നടത്തുന്ന പരീക്ഷണങ്ങളും സാധാരണ ലോഹങ്ങളെ സ്വർണ്ണം പോലെ വിലപിടിച്ച ലോഹങ്ങളാക്കുന്ന അജ്ഞാത വസ്തുവായ "ഫിലോസഫേഴ്സ് സ്റ്റോൺ" കണ്ടെത്തുകയും ചെയ്യുന്നതിനെയായിരുന്നു. ഒരുതരം ഭാഗ്യാന്വേഷികൾ തന്നെയായിരുന്നു ഇവർ. 99% ആളുകളും ഇതിൽ പരാജയപ്പെടുകയുണ്ടായി. മറ്റു ചിലർ ഈ പരീക്ഷണങ്ങളിലൂടെ പുതിയ കണ്ടെത്തലുകളും നടത്തി.

എന്നാൽ ആയിരക്കണക്കിനു വർഷങ്ങൾ മനുഷ്യർ ശ്രമിച്ചിട്ടും നടക്കാതിരുന്ന കാര്യം 1924-ൽ ജപ്പാനിലെ ഇമ്പീരിയോ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഹന്റാരോ നാഗഓക്ക ഒരു അറ്റോമിക് റിയാക്ഷനിലൂടെ സാധിച്ചു. അതെ, അദ്ദേഹം കൃത്രിമമായി, രസതന്ത്രത്തിന്റെ പരിമിതികളെ മറികടന്ന് ട്രാൻസ് മ്യൂട്ടേഷനിലൂടെ മെർക്കുറിയിൽ നിന്ന് സ്വർണ്ണം സൃഷ്ടിച്ചു. സാധാരണ സൂര്യനിൽ നടക്കുന്ന ഫിഷൻ റിയാക്ഷനിലൂടെ സ്വർണ്ണം ഉണ്ടാകും എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേ പരീക്ഷണം ഭൂമിയിൽ നടത്തണമെങ്കിൽ അതിസങ്കീർണ്ണമായ ഒരു അറ്റോമിക് റിയാക്ടർ തന്നെ വേണം. അത് വച്ച് ഒരു മില്ലിഗ്രാം സ്വർണ്ണം ഉത്പാദിപ്പിക്കുന്നതിന് ലക്ഷങ്ങളാണ് ചിലവ്. പക്ഷേ, അതിന്റെ കൺസിസ്റ്റൻസിയും പ്രവർത്തനവും മറ്റും ഇന്നും തർക്ക വിഷയവുമാണ്.

Scanned by CamScanner

കോമൺ സയൻസ് പ്രകാരം നിയാണ്ടർതാൽ മനുഷ്യനിൽ നിന്ന് സ്റ്റോൺ ഏജ്, അയൺ ഏജ്, ബ്രോൺസ് ഏജ് എന്നിങ്ങനെ പടിപടിയായി വികസിച്ചുവന്ന് ഹോമോസാപ്പിയൻ ആയി മാറിയ ചരിത്രത്തിന മാനവരാശി പക്ഷേ സാങ്കേതിക വിദ്യകളിൽ ആധുനിക ലോകത്തെ കടത്തി വെട്ടുന്ന കഴിവുകൾക്കുടമകളായിരുന്നു എന്ന സത്യം തന്നെയാണ് ഏറ്റവും വലിയ വിരോധാഭാസം.

ലോകത്ത് ഏത് സംസ്കാരമെടുത്താലും അതിന്റെയെല്ലാം മിത്തുകളിൽ ദൈവം ഭൂമിയിലേക്ക് ഇറങ്ങി വരികയും മനുഷ്യരുമായി ശാരീരിക ബന്ധം പുലർത്തുകയും, തത്ഫലമായി ദൈവികാംശമുള്ള ഹൈബ്രിഡ് മനുഷ്യൻ ജനിക്കുകയും ചെയ്തിരുന്നു. മഹാഭാരതത്തിലെ കർണ്ണനും, ഗ്രീക്ക് പുരാണത്തിലെ ഹെർക്കുലീസും ഒക്കെ ഇതിനുദാഹരണങ്ങളാണ്. ദൈവങ്ങൾ വെറും കെട്ടുകഥകളല്ല. അവർ രക്തവും മജ്ജയും മാംസവും ഒക്കെയുള്ള, മനുഷ്യനേക്കാൾ ബുദ്ധിശക്തിയിൽ മുന്നിട്ടുനിൽക്കുന്ന ഒരു ജീവവർഗ്ഗം തന്നെയാണ് അവരെ അന്ധമായി ആരാധിക്കാനും പ്രീതിപ്പെടുത്താനുമുള്ള ഒരു ത്വര മനുഷ്യനിൽ ജനിതകമായി, തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ചരിത്രത്തിൽ ഇത്രയേറെ തെളിവുകൾ മാനവരാശിക്കായി കാത്തുവച്ചിട്ടും സത്യം മനസ്സിലാക്കാതെ ഇരുട്ടിൽ തപ്പുന്ന മനുഷ്യരെ നോക്കി ഒരുപക്ഷേ, ഈ ദൈവങ്ങൾ ചിരിക്കുന്നുണ്ടാകാം. അല്ലെങ്കിൽ ഹൈന്ദവ പുരാണങ്ങളിലും മറ്റും പറയുന്നത് പോലെ അവരുടെ ഒരു നിമിഷമായിരിക്കാം നമ്മുടെ യുഗങ്ങൾ. അവരുടെ വാസസ്ഥലങ്ങളിലേക്ക് മടങ്ങിപ്പോയി തിരിച്ചുവരാൻ എടുക്കുന്ന ഇടവേളകളാകാം ഇന്നത്തെ ലോകം.

എറിക് വോണിനെ പോലെയുള്ള ഗവേഷകർ യഥാസ്ഥിതിക മതവിശ്വാസങ്ങളെ ചോദ്യം ചെയ്യുമ്പോൾ തന്നെ മതവിശ്വാസികൾ ആയിരിക്കുകയും ചെയ്യുന്നു. ഒരുതരം അശാന്തിക്ക് ഇതിൽ നല്ലൊന്ന്

ശാസ്ത്രജ്ഞർ കരുതുന്നു. കാരണം പ്രധാനമായും, നമ്മെ പോലുള്ളവരു-
കളുടെ സ്വാധീനത്തിൽപെട്ട് ഉഴലുന്ന സാധാരണ മനുഷ്യർ മാത്ര-
മാണല്ലോ. മതഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്ന ദൈവമെന്ന
സങ്കല്പം ഏറ്റവുമധികം ചേർന്ന് നില്ക്കുന്നത് പുരാതന ഗഗന-
ചാരികളിലാണെന്ന സത്യം ഉൾക്കൊള്ളുമ്പോൾ പിന്നെ സർവ്വ-
ശക്തനായ ആ ദൈവം ആര് എന്ന ചോദ്യം വീണ്ടും ഉയർന്ന് വരും.
അതിനുത്തരം തുടങ്ങുന്നത് നമ്മുടെ, ഇത്രനാളും ആരാധിച്ച
ദൈവങ്ങളുടെ നക്ഷത്രലോകത്ത് നിന്നാവാം...

അജ്ഞാതമായ ആ ലോകങ്ങളിലേക്ക് ഒരുദിവസം മനുഷ്യ-
നും പ്രവേശനം സാധ്യമാകും എന്ന വിശ്വാസത്തോടെ, പരബ്രഹ്മ-
ത്തിന്റെ കൺട്രോളിലുള്ള ഈ ചെറു ഗോളത്തിലെ ജീവികളിൽ
സത്യം തേടി ഡ്യൂട്ടിക്കിറങ്ങാൻ ഐൻസ്റ്റീനെ പോലെ, സ്റ്റീഫൻ
ഹോക്കിങ്ങിനെ പോലെ, രാമാനുജനെപ്പോലെ അനേകം ചിന്താ-
ശേഷിയുള്ള തലച്ചോറുകൾ കടന്ന് വരട്ടെ എന്ന് നമുക്ക്
പ്രത്യാശിക്കാം...

Scanned by CamScanner

# പ്രത്യാശ...

പ്രത്യാശ, അതാണല്ലോ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ഘടകങ്ങളിൽ ഒന്ന്. ഈ യാത്ര ഇവിടെ എത്തി നിൽക്കുമ്പോൾ മനസ്സിൽ ഒരുപാട് ആഗ്രഹങ്ങൾ ബാക്കിയാവുകയാണ്. പരസ്പരം പ്രശ്നങ്ങൾ ഉണ്ടാക്കുന്ന KCAETയെ അല്ല, പ്രശ്നങ്ങളെ ഒരുമിച്ച് നേരിടുന്ന KCAET യെയാണ് എനിക്കിഷ്ടം. ജാതി മത രാഷ്ട്രീയ പക്ഷഭേദമന്യേ സർവ്വരും ഐക്യത്തോടെ വാഴുന്ന മാതൃകാസ്ഥാനം ആവണം എന്റെ KCAET.

രാഷ്ട്രീയം തീണ്ടാത്ത ക്യാമ്പസ്സ്, പഠനം കഴിഞ്ഞാലുടൻ ജോലി, അർഹതപ്പെട്ട പഠന-താമസ സൗകര്യങ്ങൾ, മികച്ച ലാബുകൾ, ശക്തമായ faculty, എന്തിനും പിന്തുണയായി നിൽക്കുന്ന Alumni, inter collegiate മത്സരങ്ങളിൽ ഒറ്റക്കെട്ടായി നിന്ന് വിജയം കൊയ്യുന്ന KCAET, എന്നിങ്ങനെ ഒരുപാട് സ്വപ്നങ്ങൾ കണ്ടുകൊണ്ട് ഈ യാത്ര അവസാനിപ്പിക്കുന്നു.

ഇനിയും ഒരിക്കൽക്കൂടി ഈ മനോഹരമായ ക്യാമ്പസ്സിൽ ഒരു യാത്ര നടത്തണം. സ്വപ്നങ്ങൾ സഫലമാവുന്നത് കണ്ട് പുഞ്ചിരിക്കണം. KCAET ഒരു സ്വർഗ്ഗമായി മാറുന്നത് കണ്ട് സന്തോഷിക്കണം.

"ഒക്കെയൊരു വെറും ഭ്രാന്തന്റെ സ്വപ്നം
നേരുനേരുന്ന ഭ്രാന്തന്റെ സ്വപ്നം."

Scanned by CamScanner

# പറയാൻ ബാക്കിവച്ചത്

4 വർഷം ഈ ക്യാമ്പസ്സ് സ്വന്തം വീട് പോലെ അറിഞ്ഞിട്ട്, അവസാനം താങ്ങാനാകാത്ത വേദനയോടെ പിരിഞ്ഞുപോയിട്ട്, പുനർജന്മം പോലെ കിട്ടിയ P.G പഠനാവസരത്തിലെ ഓരോ നിമിഷവും മനോഹരമാക്കാൻ ശ്രമിക്കുന്ന ഒരുപറ്റം വിദ്യാർത്ഥികളുടെ ഒരു സമർപ്പണമാണ് ഈ കയ്യെഴുത്ത് മാസിക. വിപ്ലവാത്മകമായ സർഗ്ഗാത്മകത എന്ന അവകാശ വാദങ്ങളില്ല, മനസ്സിൽ തോന്നിയത് ലളിതമായ ഭാഷയിൽ താനാലാവും വിധം കുത്തിക്കുറിച്ചു, കിട്ടിയ ചായങ്ങൾ കോരിയിട്ടു, ഒരുമിച്ചാക്കി തുന്നിക്കെട്ടി. പക്ഷേ, ഓരോ താളുകളിൽ കാതു വയ്ക്കുമ്പോഴും നിങ്ങൾക്ക് ഞങ്ങളുടെ ഹൃദയമിടിപ്പ് കേൾക്കാനാകും...

എടുത്തുപറയത്തക്ക കഴിവുകളില്ലാത്ത കുറച്ച് പേരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ് ഈ മാഗസിൻ. തിരക്കേറിയ schedule-നിടയിലും തന്റെ സർഗവാസന തെളിയിക്കാൻ കിട്ടിയ അവസരം പാഴാക്കാതെ ഞങ്ങളെ സഹായിച്ച സഹപാഠികൾക്ക് നന്ദി...

അടുക്കും ചിട്ടയുമുള്ള, അച്ചടക്കമുള്ള മാഗസിൻ ആയിരുന്നു ഞങ്ങളുടെ ലക്ഷ്യം. Thinking process, ആയിരുന്നു ഏറ്റവും ഭ്രാന്ത് പിടിപ്പിച്ചത്. KCAET യിൽ നിന്നുള്ള മാഗസിന്റെ theme ആയി KCAET തന്നെയാണ് നല്ലത് എന്ന് ഞങ്ങൾക്ക് തോന്നി. തലച്ചോറിൽ പുകഞ്ഞിരിക്കുന്ന സിഗരറ്റിന്റെ പുകമറയിൽ പൊന്തിവന്നത് മത്സരത്തിന്റെ പേരായ "Alchemist" എന്ന വാക്കായിരുന്നു. ആ ഒൻപത് അക്ഷരങ്ങളും ഓരോ chapter ആക്കിമാറ്റാൻ ഞങ്ങൾ തീരുമാനിച്ചു.

നിറമണിഞ്ഞ കാൽപാടുകൾ പതിപ്പിച്ച് തുടങ്ങിയ ഈ യാത്രയിൽ KCAET യുടെ ചരിത്രത്തെ, അതിന്റെ സൗന്ദര്യത്തെ, അതിന്റെ ആവലാതികളെ ഒക്കെയും സൂക്ഷ്മമായി പകർത്താൻ ഞങ്ങൾ ശ്രമിച്ചു. തുല്യ അളവിൽ ക്യാമ്പസ് വിഷയങ്ങളും സാമൂഹിക വിഷയങ്ങളും, വീക്ഷണങ്ങളും, സർഗ്ഗാത്മകതയും ചേർക്കാൻ ഞങ്ങൾ ശ്രമിച്ചു. വിരലിലെണ്ണാവുന്ന ആളുകളെ വച്ച് ഉള്ള ശക്തിയും DNA എന്ന College magazineന്റെ അണിയറയിൽ പ്രവർത്തിച്ച അനുഭവസമ്പത്തും വച്ച് ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലമാണ് ഈ മാഗസിൻ.

അവസാന താളും മറിച്ചു കഴിഞ്ഞപ്പോഴേക്കും മനസ്സിൽ ആയിരം വർണ്ണങ്ങൾ ചിതറിത്തെറിക്കുകയാണ്. ഇനിയും എന്തൊക്കെയോ പറയാനുണ്ട്, വരകൾ കോറിയിടാനുണ്ട്, എങ്കിലും ആശയങ്ങളും സ്വപ്നങ്ങളും ഒരിക്കൽ കൂടി കൂട്ടിയിണക്കാൻ കഴിഞ്ഞതിന്റെ സാഫല്യമുണ്ട്.

ശൂന്യതയിൽ നിന്നും പൂർണ്ണത തേടിയുള്ള ഈ യാത്രയിൽ ഒപ്പം നിന്ന സഹയാത്രികർക്ക് നന്ദി. പുറകിൽ നിന്ന് ചിരിച്ചവർക്ക്, മുന്നിൽ നിന്ന് മുഖം തിരിച്ചവർക്ക്, പ്രകാശം പരത്തി വഴികാട്ടി തന്ന മിന്നാമിനുങ്ങിന്... നന്ദി. ജീവിതകാലം മുഴുവൻ ഓർത്തിരിക്കാൻ ഒരുപാട് ഓർമകൾ സമ്മാനിച്ച ഈശ്വരന്, മനസ്സുകൊണ്ട് കൂടെ നിന്ന അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി അർപ്പിച്ചുകൊണ്ട് നിർത്തുന്നു...

നന്ദി...

Scanned by CamScanner

"കിനാക്കളുടെ തുന്നിക്കെട്ടലുകളത്രേ
ഓരോ കിതാബുകളും..."

ആവിഷ്കാരം : P.G, KCAET

എഡിറ്റർ : നന്ദുലാൽ എ എം

സബ് എഡിറ്റേഴ്സ് : ആതിര കെ
അമൃത കെ
അമൽ ദേവ് ജെ
അഞ്ജന എസ് ആർ
ആദർശ് എസ് എസ്


പേജ് ഡിസൈൻ : അഞ്ജന എസ് ആർ
ആദർശ് എസ് എസ്
ലിബു ലൂക്കോസ്

വരമൊഴി :

# അനഘ

Comments...

Scanned by CamScanner



Scanned by CamScanner